ആക്രമികളെ മുഴുവൻ കസ്റ്റഡിയിലെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആളു് അറിയാതിരിക്കുന്നതിനുവേണ്ടി ഈ ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നും നെയ്യാറിൻകരയിലേക്ക് വന്ന ആക്രമികളാണ് ഇതു് ചെയ്തിട്ടുള്ളതെന്നു് ഗവൺമെൻറ് സംശയിക്കുന്നു. അവരെയും തെരഞ്ഞു കൊണ്ടിരിക്കുന്നു. അതിൻെറ അടിസ്ഥാനത്തിൽ കേസ് 454/85 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 307-ാം വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളാണ് അതിലുള്ളതു്. കാരണം അത്രയ്ക്ക് ഗുരുതരമായ രീതിയിലുള്ള ആക്രമങ്ങൾ നടന്നിട്ടുള്ളതുകൊണ്ടാണ് ഈ വകുപ്പുകളനുസരിച്ചുള്ള കേസുകൾ എടുത്തിട്ടുള്ളതു്.

ഈ അക്രമങ്ങൾ അവസാനിപ്പിക്കാനും രാഷ്ട്രീയ പ്രവർത്തകരുടെ നേരെ നടത്തുന്ന ഈ കൈയ്യേറ്റങ്ങൾ ഏതു് ഭാഗത്തുനിന്ന് ഉണ്ടായാലും അതു് തടയുന്നതിനുമാവശ്യമായ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നടപടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

V. നിയമനിർമ്മാണ കാര്യം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ—ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം—തുടർച്ച

ശ്രീ. ബേബി ജോൺ: അങ്ങയുടെ അനുമതിയോടുകൂടി വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും അതിൻമേൽ റൂളിംഗ് ഉണ്ടാകുന്നതിനുവേണ്ടിയുമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. കഴിഞ്ഞ ദിവസം ഈ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരിക്കുന്ന അവസരത്തിൽ ഇടയ്ക്ക് ഒരു വിവാദമുണ്ടായി. ഇപ്പോൾ ചർച്ച ചെയ്യുന്ന ബിൽ The Kerala Water and Waste Water Bill, 1984 ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാനായിട്ട് കൊണ്ടുവന്ന ഒരു ബില്ലാണ്. അതിൻെറ ഒബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നതു്.

"As it was considered necessary to give effect to the proposal immediately and as the Legislative Assembly was not in session, the Kerala Water and Waste Water Ordinance, 1984 (14 of 1984) was promulgated by the Governor on the 1st day of February, 1984 ഒബ്ജക്ട്സ് ആൻറ് റീസൺസിൽ ഇതിനെക്കുറിച്ച് പറയുന്നതു് 1984-ലെ 14-ാം നമ്പർ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയാണെന്നാണ്. 71. Repeal and saving-(1) The Water and Waste Water Ordinance, 1984 (14 of 1984), is revealed എന്നാണ് പറയുന്നതു്. ഇതിനെക്കുറിച്ച് ഒരു ചെറിയ വാദം സഭയിൽ വന്ന അവസരത്തിൽ പറഞ്ഞതു് ഇതു് നിയമപ്രകാരം ആകാവുന്നതാണെന്നാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം അങ്ങയുടെ ഔദാര്യം കൊണ്ട് ഈ ബിൽ ചർച്ച ചെയ്യാൻ അങ്ങു് അനുവദിച്ചു. അല്ലാതെ ഇല്ലാത്ത ഒരു ഓർഡിനൻസാണ്. 1984-ലെ 14-ാം നമ്പർ ഓർഡിനൻസ് എന്നാണ് ഇവിടെ പറയുന്നതു്. ഇതു് ആകാം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഇതിനെ സംബന്ധിച്ചു് ചർച്ച നടക്കുമ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു സ്പീക്കർ ചെയറിലിരുന്ന അവസരത്തിൽ ചർച്ച തുടങ്ങിയതാണ്. ഇനി മെമ്പർമാർക്കു് ഇതിനെക്കുറിച്ച് എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

റൂളിംഗ് വേണമെങ്കിൽ സ്പീക്കർ ചെയറിലിരിക്കുമ്പോഴും ആവശ്യപ്പെടുന്നതാണ് നല്ലതെന്ന് പറഞ്ഞതുകൊണ്ടാണ് ഇപ്പോഴും ഇത് ശ്രീമതി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിച്ചത്; തെറ്റായ വഴക്കങ്ങളും നമ്മുടെ സഭയിൽ ഉണ്ടാകരുതെന്നുള്ളതുകൊണ്ടുമാണ്.

നിയമനിർമ്മാണ കാര്യങ്ങളിൽ നാം ശ്രദ്ധിക്കേണ്ട അടിസ്ഥാനപരമായ ചില കാര്യങ്ങളുണ്ട്. ഈ ബില്ലിനെമാത്രം ഉദ്ദേശിച്ച് ഞാൻ പറയുന്നതല്ല, അങ്ങനെ തെറ്റിദ്ധരിക്കുകയുമരുത്. നിർഭാഗ്യവശാൽ ഗവൺമെന്റു ഭാഗത്തുനിന്നും ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നില്ലെന്ന ആക്ഷേപമാണ് എനിക്കുള്ളത്. ഒരു വാക്കുകൂടി പറഞ്ഞാൽ ഈ സഭയെ taken for grant എന്നുള്ള നിലയിലാണ്, ഈ സഭയിൽ എന്തും ആകാം. സഭ അത് അംഗീകരിച്ചുകൊള്ളുമെന്നുള്ള നിലയിൽ പാലിക്കേണ്ട നിയമങ്ങളും, ചട്ടങ്ങളും അനുശാസിക്കുന്നത് പാലിക്കാതെ നിയമ നിർമ്മാണ നടപടിക്രമങ്ങളും തുടർന്നു പോകുന്ന ഒരു പ്രവണത ഗവൺമെന്റു ഭാഗത്തുനിന്നും വന്നതുകൊണ്ടാണ് അങ്ങ് ഈ കാര്യത്തെക്കുറിച്ച് ഒരു റൂളിംഗ് നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടത്. ഈ ബിൽ തന്നെ എടുക്കാം. ഈ ബില്ലിനു ആദ്യമായി ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് 1984-ൽ 14-ാം നമ്പരായാണ്. പ്രഖ്യാപിച്ച തീയതി 1984 ഫെബ്രുവരി 1-ാം തീയതിയാണ്. രണ്ടാമത് ഇഷ്യൂ ചെയ്തിരിക്കുന്നത് 1984-ൽ 38-ാം നമ്പരായിട്ടാണ്. പ്രഖ്യാപിച്ച തീയതി 1984 ഫെബ്രുവരി 12. മൂന്നാമത് പബ്ലിഷ് ചെയ്യുന്നത് 1984-ൽ 60 നമ്പരായിട്ടാണ്. പ്രഖ്യാപിച്ച തീയതി 1984 ജൂലൈ മാസം 30. പിന്നീട് നാലാമത് പബ്ലിഷ് ചെയ്യുന്നത് 1984 102-ാം നമ്പരായിട്ടാണ്. പ്രഖ്യാപിച്ച തീയതി 1984 ഡിസംബർ മാസം 3. പിന്നീട് പബ്ലിഷ് ചെയ്യുന്നത് 1985-ൽ 17-ാം നമ്പരായിട്ടാണ്. പ്രഖ്യാപിച്ച തീയതി 1985 ഏപ്രിൽ 17. ഏറ്റവും അവസാനം വന്നിരിക്കുന്നത് 1985-ൽ 66-ാം നമ്പരായിട്ടാണ്. പ്രഖ്യാപിച്ച തീയതി ആഗസ്റ്റ് 12. ഈ സംസ്ഥാനത്ത് ഇപ്പോഴും നിലവിലുള്ള ഓർഡിനൻസ് എന്നു പറയുന്നത് ഞാൻ മനസ്സിലാക്കിയിടത്തോളം—ഒരു പക്ഷെ അതിലുള്ള അറിവു കേടുകൊണ്ടായിരിക്കാം—1985-ലെ 86-ാം നമ്പർ ഓർഡിനൻസാണ്. ഇത് വരാൻ കാരണം എന്താണ്? ആദ്യം ഓർഡിനൻസ് വന്നു, നിയമസഭ പാസ്സാക്കിയില്ല, ലാപ്സായിപ്പോയി. ഓർഡിനൻസ് ഇല്ലാതായി, വാലിഡ് ഇല്ലാതായി. ഇങ്ങനെ പല പ്രാവശ്യം ഓർഡിനൻസ് ഇഷ്യൂ ചെയ്തിട്ട് നിയമസഭയിൽ ചർച്ച ചെയ്യാൻ അവസരം ഉണ്ടാകാതെ നിയമസഭ പിരിയുകയും വീണ്ടും വാലിഡ് അല്ലാതാവുകയും ചെയ്തു: പിന്നീട് വാലിഡേറ്റ് ചെയ്യുന്നതിനുവേണ്ടി രണ്ടാമത് ഇഷ്യൂ ചെയ്തു, ഇഷ്യൂ ചെയ്തതു ഒടുവിൽ ഇത്രത്തോളം വന്നിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് ഇത് ചട്ടപ്രകാരം അനുവദനീയമാണോ എന്നു ചോദിച്ചാൽ അനുവദനീയമാണെന്ന് സാങ്കേതികമായി പറയാം, എങ്കിലും നിയമസഭയിൽ ഇത്രയൊക്കെ ഓർഡിനൻസ് ചർച്ച ചെയ്യാൻ അവസരം കൊടുക്കാറുണ്ട്. എന്നിട്ട് നമ്മുടെ മുമ്പിൽ ഇപ്പോഴുള്ളത് The Kerala Water and Waste Water Bill, 1984 ആണ്. അതായത് നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഓർഡിനൻസ് 1985-ലെ 66-ാം നമ്പർ ഓർഡിനൻസാണ്. വേറെ ഒരു കാര്യം ഉണ്ട്, അങ്ങ് ഇത് അനുവദിച്ചു. ചർച്ച തുടങ്ങുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മെമ്പർ ആർ. എസ്. ഉണ്ണിയുടെ പേരുകൂടി വന്നു ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അത് സപ്പോർട്ട് ചെയ്തു, അതിനു, ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞിട്ടുള്ളത്,

"I move that—

LIBRARY ARCHIVES Kerala Legislative Assembly

This House resolves to disapprove the Kerala Water and Waste Water Ordinance, 1985 (Ordinance No. 66 of 1935)'' എന്നാണ്. ഇവിടെ സഭയുടെ മുൻപാകെ ചർച്ചയ്ക്ക് വന്നിരിക്കുന്ന ബിൽ ഇല്ലാത്ത ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനു വേണ്ടിയാണ്. The Bill seeks to replace the said Ordinance (Ordinance 14 of 198½) എന്നാണ്. ഈ സംസ്ഥാനത്ത് നിലവിലില്ലാത്ത ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ സഭയിൽ കൊണ്ടുവന്നാൽ അതിനെ മെമ്പർമാർ സ്വഭാവികമായും എതിർക്കും. ഈ ഗവൺമെന്റ് ഏറ്റവും ഒടുവിൽ കൊണ്ടുവന്ന നിലവിലുള്ള ഓർഡിനൻസ് ആയിരിക്കും ബില്ലായിട്ട് കൊണ്ടുവരുന്നത് എന്നാണ് വിചാരിച്ചത്. അതാണ് വേണ്ടത്. അതനുസരിച്ച് ഇല്ലാത്ത ഒരു ഓർഡിനൻസിനെ, ഓർഡിനൻസ് 66-നെ ഡിസ് അപ്രൂവ് ചെയ്യണമെന്നു പറഞ്ഞാണ് ഇവർ വന്നത്. അപ്പോൾ സാധാരണഗതിയിൽ ഒരു ഓർഡിനൻസ് ഡിസ്അപ്രൂവ് ചെയ്യാനുള്ള പ്രമേയം രേണഘടന അനുസരിച്ച് അവതരിപ്പിക്കാൻ സാധിക്കും, നിലവിലിരിക്കുന്ന ബില്ലിൽ ആദ്യം നിലവിലിരുന്ന സെക്ഷൻ 23-ഉം 24-ഉം.....

ശ്രീ. എ. സി. ജോസ്: സർ, ഇവിടെ സ്പീക്കർ ഒരു ബിൽ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കുകയും അതിന്റെ പുറത്ത് ചർച്ച നടക്കുകയും ചെയ്തു. അതിനെത്തുടർന്ന് രണ്ടു മൂന്നു മെമ്പർമാർ സംസാരിക്കുകയും ചെയ്തതിനുശേഷം പ്രിലിമിനറി ഒബ്ജക്ഷൻ റെയിസ് ചെയ്യുന്നത് ശരിയല്ല. ഞാൻ ബഹുമാനപ്പെട്ട ബേബി ജോണിനോട് ഒട്ടും ആദരവു കുറവായതുകൊണ്ട് സംസാരിക്കുകയല്ല. ബഹുമാനപ്പെട്ട ചെയർ ഇതിനെക്കുറിച്ച് എന്തെങ്കിലും റൂളിംഗ് ചെയ്താൽ അത് infructuous ആകും, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുന്ന പ്രശ്നത്തെക്കുറിച്ച് ഒരു റൂളിംഗ് നൽകാൻ ബഹുമാനപ്പെട്ട ചെയറിന് കഴിയുകയില്ലെന്നുള്ള ഒരു തോന്നലാണ് എനിക്കുള്ളത്. ചിലപ്പോൾ തോന്നൽ ആയിരിക്കും. അത് infructuous ആയിത്തീരും എന്നുള്ളതുകൊണ്ട് ആണ്. പ്രിലിമിനറി ഒബ്ജക്ഷൻ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ഒബ്ജക്ഷൻ റെയിസ് ചെയ്യുന്നത് ഓർഡറിലാണോ? ഓർഡറിലാകുമോ എന്നു സംശയമുള്ളതുകൊണ്ട് ചോദിക്കുകയാണ്.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് പറയാനുള്ളത്, നിയമസഭാ നടപടികൾക്ക് സ്തംഭനാവസ്ഥ ഉണ്ടാകരുതെന്നുള്ളതുകൊണ്ട് ചെയർ അതിന് അനുവദിച്ചു. കഴിഞ്ഞ ദിവസംതന്നെ സഭയിൽ ബഹുമാനപ്പെട്ട അംഗങ്ങളും അതുന്നയിച്ചതാണ്. അപ്പോൾ ഡെപ്യൂട്ടി സ്പീക്കറാണ് ചെയറിൽ ഇരുന്നത്. സ്പീക്കറുമായി ആലോചിച്ച് റൂളിംഗ് തരാം എന്ന് അന്ന് അദ്ദേഹം പറഞ്ഞു. അതിന്റെ ഭരണഘടനാസ്ഥാനത്തിൽ കാതലായിട്ടുള്ള പ്രശ്നമാണെന്ന് അദ്ദേഹം കരുതുന്നതുകൊണ്ട് ആ പ്രശ്നം ഉന്നയിക്കുവാൻ അനുവദിക്കണമെന്ന് ചെയറിനോട് ആവശ്യപ്പെട്ടിരുന്നു. He is racing the issue with the permission of the chair ഇത് വളരെ പ്രസക്തമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇതിന് റൂളിംഗ് കൊടുക്കാൻ ചെയറിന് കഴിയും. അതിനാവശ്യമായ പ്രൊവിഷൻസ് ഉണ്ട്. റൂളിംഗ് കൊടുക്കാൻ കഴിയുമോ എന്ന ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവും ഇല്ലാത്തതാണ്.

ശ്രീ. എ. സി. ജോസ്: അങ്ങനെ ധരിക്കരുത്. റൂളിംഗ് കൊടുക്കാൻ കഴിയുമോ എന്നു പറഞ്ഞത് കഴിയില്ല എന്ന അർത്ഥത്തിലല്ല. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്, സ്പീക്കർ കൊടുക്കുന്ന എന്തു റൂളിംഗും. infructuous ആയിപ്പോകുകയില്ലേ എന്ന സംശയമേ എനിക്കുള്ളൂ. മറെറാരു ധാരണയല്ല ആ കാര്യത്തിൽ ഉള്ളത്. infructuous ആകുകയെന്നു പറഞ്ഞാൽ അത് സ്പീറെ ഓർഡറുകൊ Infructuous ആകുകയെന്നു കോടതിയിൽ പറയും. അതായത് vacuum ആയിപ്പോകും. എന്തു റൂളിംഗ് കൊടുത്താലും അതു vacuum ആയിപ്പോകും എന്ന ധാരണയിൽ പറഞ്ഞതാണ്. അല്ലാതെ മറെറാരു ധാരണയിൻ പറഞ്ഞതല്ല.

മി. സ്പീക്കർ: ചെയറിന് രണ്ടു ചുമതലയുണ്ട്. ഒന്ന്, നിയമ നിർമ്മാണ നടപടികളും സഭാ നടപടികളും സ്തംഭനാവസ്ഥയില്ലാതെ മുന്നോട്ടു കൊണ്ടുപോകുകയെന്നുള്ളത്. രണ്ട്, അതിനകത്ത് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അതു ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചു കഴിഞ്ഞാൽ അതിനെക്കുറിച്ച് വിലയിരുത്താനുള്ള അധികാരം. അതുകൊണ്ട് പ്രശ്നത്തിൻെറ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ്, അതു പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ഈ പ്രശ്നം ഉന്നയിക്കാൻ ബഹുമാനപ്പെട്ട ബേബി ജോണിനെ അനുവദിച്ചത്.

ശ്രീ. ബേബി ജോൺ: ആദ്യത്തെ അല്ലാത്ത ഓർഡിനൻസിലും ഇപ്പോഴും നമ്മുടെ മുൻപിൽ ചർച്ചയ്ക്ക് വന്നിരിക്കുന്ന ബില്ലിലും, 1984-ലെ ബില്ലിൽ പറഞ്ഞിരിക്കുന്നത് General Principles for the Authority's finance എന്നാണ്. അതിൽ വന്നിരിക്കുന്നത്.

The Authority shall not, as far as practicable and after taking credit for any grant or subventions from the Government under section 24.... .....എന്നാണ്. അതുപോലെതന്നെ സെക്ഷൻ 24-ലും ഉണ്ട്. അതുകഴിഞ്ഞ് രണ്ട് ഓർഡിനൻസ് കൂടി ഇഷ്യൂ ചെയ്തു. അതിനുശേഷം 1984-ൽ തന്നെ 102-ാം ഓർഡിനൻസും ഇഷ്യൂ ചെയ്തപ്പോൾ അടിസ്ഥാനപരമായ ഒരു മാറ്റം ആ ഓർഡിനൻസിൽ വരുത്തി. സെക്ഷൻ 23-ലും 24-ലും ഭേദഗതി വരുത്തി. ആ ഭേഗതി എന്നു പറയുന്നത് The Authority shall not, as far as practicable and after taking credit for any grant or subventions or പിന്നീടു ചേർത്ത ഭേഗതിയാണ്. Capital contribution or Loan from the Government എന്നുകൂടി സെക്ഷൻ 23-ൽ ചേർത്തു. സെക്ഷൻ 24-ലും അതുപോലെതന്നെ മാറ്റം വന്നു.

The Government may, after due appropriation by law of the State Legislature, from time to time make grants and subventions or capital contribution or loan എന്നു പറഞ്ഞ് വളരെ അടിസ്ഥാനപരമായ കാതലായ ഭേദഗതിയോടുകൂടിയാണ് 1984-ലെ 102-ാം നമ്പർ ഓർഡിനൻസ് വന്നത്. വളരെ അടിസ്ഥാനപരമായി വരുത്തിയ ഈ ഭേഗേതിപോലും ഇപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ, ഈ ഓർഡിനൻസിൽ കൊണ്ടുവരാനുള്ള പവ്വർ ഉണ്ട്. അതാണ് ഭരണഘടനയിൽ പറയുന്നത്. Legislative power of the Governor: power of Governor to promulgate Ordinances during recess of Legislature. അതേക്കുറിച്ച് പറയുന്ന ഒരു ഭാഗം അറിഞ്ഞിരിക്കേണ്ടതാണ്.

An Ordinance promulgated under this article shall have the same force and effect as an Act of the Legislature of the State assented to by the Governor, but every such Ordinance—

LIBRARY ARCHIVES Kerala Legislative Assembly

(a) shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the Houses, and shall cease to operate.....(പ്രാബല്യത്തിൽ ഉണ്ട് എന്നു പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ഇല്ലാത്ത ഓർഡിനൻസാണെന്ന് ഞാൻ പറയാനുള്ള കാരണം അതാണ്. .....and shall cease to operate at the expiration of six weeks from the reassembly of the Legislature, or if before the expiration of that period a resolution disapproving it is passed by the Legislative Assembly.....ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച ശേഷം നിയമസഭ പിന്നീട് കൂടി ആറാഴ്ചക്കുള്ളിൽ അത് റിപ്പേസ് ചെയ്തില്ലെങ്കിൽ ആ ഓർഡിനൻസ് ലാപ്സായി പോകുന്നു എന്നാണ് ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത്, നമ്മുടെ മന്ത്രി മർഫി അതു ബാധകമല്ലെന്നു പറയാൻ പറ്റില്ല, നമ്മൾ പലപ്പോഴും 'ശങ്കർ ആൻറ് കൗ' -നെയാണ് ആശ്രയിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത് Bill Seeking to Replace Ordinance:

Whenever a Bill seeking to replace an Ordinance with or without modification is introduced in the House, a statement explaining the circumstances which had necessitated immediate legislation by Ordinance is laid on the Table along with the Bill and copies of the statement are circulated to members.

"Copies of the statement are circulated to members" എന്നുള്ളത് വളരെ അത്യാവശ്യമാണ്. അടുത്തതു പറയുന്നു.

Whenever a Bill seeking to replace an Ordinance with modifications of the provisions of the Ordinance is introduced in the House, the modifications contained in the Bill are explained in a Memorandum appended to the Bill. ഏതെങ്കിലും ഒരു ഓർഡിനൻസിന് മോഡിഫിക്കേഷൻ വന്നാൽ ആ മോഡിഫിക്കേഷൻ പിന്നീട് വരുന്ന ബില്ലിൽ വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. മാതുപോലെതന്നെ വേറെ ഒരു കാര്യം കൂടി അങ്ങ് ആലോചിക്കണം. സഭാചട്ടം അനുസരിച്ച് അങ്ങ് ഇത് അനുവദിച്ചു. ഭരണഘടനാ വ്യവസ്ഥ അനുസരിച്ച് ഇത് ഡിസ്അപ്രൂവ് ചെയ്യുന്ന ഒരു റെസൊലൂഷൻ അങ്ങ് അനുവദിച്ചു. ചട്ടപ്രകാരം അതല്ലേ ആദ്യം എടുക്കേണ്ടത്. ആ റെസൊലൂഷൻ എടുത്തു അത് പാസ്സായാൽ If notice of a statutory resolution given by a private Member, seeking disapproval of an Ordinance, is admitted by the Speaker, time has to be provided by the Government for discussion thereof. However, the resolution and a motion for consideration of a Government Bill—സാധാരണ എല്ലാവരും ധരിക്കുന്നത് അതാണല്ലോ—seeking to replace that Ordinance may be discussed together. When this is permitted by the Speaker, the resolution, after discussion, is put to vote first; because if the resolution is adopted, it would mean disapproval of the Ordinance and the Bill would automatically fall through. ഇവിടെ ഫാം ത്രൂ-ന് അങ്ങനെയൊരു ബിൽ ഇല്ല. അതുപോലെ വേറെ ഒരു കാര്യം കൂടി ഉണ്ട്. 1984-85-ലെ ബഡ്ജറ്റിൽ ചർച്ച ചെയ്തത് 1985-86-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ആണ്. അത് ഈ സഭ പാസ്സാക്കുകയും ചെയ്തു. അങ്ങനെ വരുന്ന അവസരത്തിൽ ഈ സഭയിൽ അവതരിപ്പിക്കുന്ന ബില്ലിൽ അത് വേണ്ടേ? 1984-ൽ ഈ ഭാഗം അനുസരിച്ച് സഭ ചർച്ച ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

തുക അനുവദിച്ചു. ആ അനുവദിച്ച തുക ഉൾക്കൊള്ളിച്ചുകൊണ്ടല്ല ബിൽ വന്നിരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ അങ്ങ് അനുവദിച്ചു. നമ്മുടെ നിയമസഭാ നടപടികളിൽ നിയമനിർമ്മാണ കാര്യത്തിൽ കുറേക്കൂടി ഗൗരവ ബുദ്ധിയോടുകൂടി കാര്യങ്ങൾ കാണാൻ ഗവൺമെന്റ് തയ്യാറാകണം എന്നുള്ളതാണ് ഞാൻ പറഞ്ഞത്, taken for granted ആകരുത്. ഇല്ലാത്ത ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നത് ഓർഡറിലല്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ഞാൻ ചെയ്തത്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, ഈ ഓർഡിനൻസ് ആദ്യം പ്രൊമൾഗേറ്റ് ചെയ്തത് 1-2-1984-ൽ ആണ്. ആ ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് ഒരു ബിൽ ഈ നിയമ സഭയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. പിന്നെ ഇതിന്റെ സമയം കഴിയുന്നതിനുമുമ്പ് അത് ലാപ്സാകാതിരിക്കാൽ നാലോ അഞ്ചോ പ്രാവശ്യം Ordinance-കൾ റീ ഇഷ്യൂ ചെയ്തു. അതിൽ അവസാനമായി 66/85 ഓർഡിനൻസ് കൊണ്ടുവന്നു. അതിൽ ഒന്നുരണ്ട് കാര്യങ്ങൾ ഉണ്ട്. നേരത്തേ ഒരു പ്രൊസീഡ്യൂർ കൽപ്പിച്ചുകൂട്ടി എടുത്തതല്ല. ഇതിനു മുമ്പ് ഈ സഭയിൽ ഇതുപോലെയുള്ള (ക്യാഷുവിന്റെതായാലും ശരി, എസൻഷ്യൽ കമ്മോഡിറ്റീസിന്റെതായാലും ശരി) ഓർഡിനൻസുകൾ നേരത്തേ ഉണ്ടായിരുന്നു. പിന്നെ റീ വാലിഡേറ്റ് ചെയ്തുപോയി അന്നുതന്നെ അതിന് ഒബ്ജക്ഷൻ ഉണ്ടായി. ഈ ഓർഡിനൻസിന്റെ ചർച്ചയ്ക്ക് മുമ്പുതന്നെ ഈ പോയിന്റുകൾ റെയിഡു ചെയ്തത് ഒബ്ജക്ട് ചെയ്തതാണ്. എന്നിട്ടു അത് ഓവർ റൂൾ ചെയ്ത് ചർച്ച തുടങ്ങാം എന്നും പറഞ്ഞതാണ്. ഇന്ന് കൂടുതലായി ഈ കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഞാൻ ആക്ഷേപം പറയുകയല്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇപ്പോഴത്തെന്ന ഈ സംസ്ഥാനത്ത് പത്തുമുപ്പത് ഓർഡിനൻസുകൾ ഉണ്ട്. ശരിക്കുപറഞ്ഞാൽ ഓരോന്നും റീവാലിഡേറ്റ് ചെയ്യുമ്പോൾ ഓരോന്നിനും ബിൽ വേണം. അത് Waste of time and waste of money ആയതുകൊണ്ട് ഗവൺമെന്റ് തന്നെ ഒരു തീരുമാനം എടുത്തിരിക്കുന്നു. അതിന്റെ ആവശ്യം ഇല്ല. ഓരോ ഓർഡിനൻസിനും ഓരോ ഘട്ടങ്ങളിലും ഓരോ ബില്ല് വരും. അത്രയും പ്രിന്റ് ചെയ്യണം. ഇങ്ങിനെയുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്. അതു കരുതിയിട്ടാണ് അത് സബ്ജക്ട് കമ്മിറ്റിയിൽ വച്ചത്. അതിന്റെ പ്രയോഗിക വിഷമതകളാണ് ഞാൻ പറഞ്ഞത്. ലീഗലായിട്ട് ഉള്ളതല്ല. അതിനെ ന്യായീകരിക്കാനും പറയുകയല്ല. അതുകൊണ്ട് ഈ ബിൽ തന്നെ ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ വേണ്ടി വച്ചു. ഈ ബില്ലിൽ തന്നെ ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നു എന്നു പറഞ്ഞു. അത് പബ്ലീഷ് ചെയ്തു. ബിൽ നമ്പർ 111/84 ആയിട്ട്. 1984-ലെ അന്നത്തെ ഓർഡിനൻസും 1985-ലെ അന്നത്തെ ബില്ലും അല്ല. 111/84 ബിൽ പബ്ലീഷ് ചെയ്തു. അതിനുശേഷം മാത്രമേ സബ്ജക്ട് കമ്മറിക്ക് പോകാവു എന്നുള്ളതാണ് വ്യവസ്ഥ. നമ്മുടെ സബ്ജക്ട് കമ്മറിയ്ക്ക് റൂളും കാര്യങ്ങളും ഒക്കെ ഉണ്ട്. മറെറല്ലാ സ്റ്റേറ്റിൽ നിന്നും വിഭിന്നമായി നമ്മുടെ സ്റ്റേറ്റിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു സമ്പ്രദായം, ഒരു നടപടിക്രമം ഉണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങൾ വേണമെങ്കിലോ? Detailed examination of the Bill can be discussed in the Subject Committee എന്നാണ് Subject Committee-യുടെ rule. സബ്ജക്ട് കമ്മറിയുടെ റൂൾസ് പ്രകാരം അത് മാറ്റണമോ വേണ്ടയോ എന്നൊക്കെ പരിശോധിക്കാനും നിയമസഭയ്ക്ക് റിപ്പോർട്ട് ചെയ്യുവാനും നിയമസഭ ഭൂരിപക്ഷപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുകയോ തള്ളുകയോ എങ്ങിനെ വേണമെങ്കിലും ചെയ്യാവുന്ന ഒരു പ്രൊസീഡ്യുവറിൽ ഉണ്ട്. അതുകൊണ്ട് ഇതിൽ അപാകതയില്ല. അതു കൊണ്ടാണു ഒബ്ജക്ഷൻ റൂം ഔട്ട് ചെയ്യണം എന്നു പറഞ്ഞത്. ഇതാണ് കഴിഞ്ഞ രണ്ടുമൂന്നു ബില്ലുകളും നേരത്തേ സബ്ജക്ട് കമ്മറിക്ക് റഫർ ചെയ്യാനുള്ള കാരണം. സബ്ജക്ട് കമ്മറിയുടെ സെക്ഷൻ 71 പ്രകാരം മാറ്റങ്ങളും ചെയ്യാവുന്നതേ ഉള്ളൂ. Another point raised now regarding section 24, മാറ്റങ്ങളും ഈ ഓർഡിനൻസുകളിൽ വരുത്താവുന്നതേയുള്ളൂ. റൂൾസ് ഓഫ് കോൺടാക്ടിന്റെ പ്രസക്തമായ ഒരു ഭാഗം കൂടി ഉദ്ധരിച്ചിട്ട് അതിനെക്കുറിച്ചു പറയാം. ഒരു ബിൽ നിലവിലുള്ളപ്പോൾ പിന്നെ ഒരു ഓർഡിനൻസ് വേണ്ടിവന്നാൽ with modification or without modification Ordinance-ലോ അല്ലെങ്കിൽ with modification or without modification Bill-ലോ കൊണ്ടുവരാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകളും വരുമ്പോൾ Whenever a Bill seeking to replace an Ordinance without modification is introduced in the Assembly, there shall be placed before the Assembly along with the Bill a statement explaining the circumstances which had necessitated immediate legislation by Ordinance.

**With or without modification contemplate അപ്പോൾ ചെയ്യാവുന്നതാണ്. ഞാൻ അതിന്റെ പ്രൊവിഷൻ വായിച്ചു. ഇനി അതിന്റെ സ്റ്റേറ്റ്മെന്റ് എവിടെ എന്നുള്ളതാണ് പ്രശ്നം. സ്റ്റേറ്റുമെന്റ് അതാതു സമയത്ത് ഫയൽ ചെയ്തിട്ടുണ്ട്. അതൊക്കെ സ്പീക്കർ പരിശോധിച്ചിട്ടുണ്ട്.

***All circumstances by statement has been placed before the Assembly. ഇവിടെ കൊടുത്തിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രണ്ടാമത് പറയുന്നു. Whenever an ordinance which embodies wholly or partly or with modification.....ആ ഓർഡിനൻസിൽത്തന്നെ ചേഞ്ചസ് വരുത്താവുന്നതിന് പ്രൊവിഷൻ ഉണ്ട്. പക്ഷെ അത് ഈ റലവൻറ് കേസിനു മുഴുവൻ ബാധകമാവുകയില്ല. ഓർഡിനൻസിൽ ചേഞ്ചസ് വരുത്താം എന്നുള്ള ഭാഗം ബാധകമാണ്. പക്ഷെ ബിൽ ഇവിടെ പെൻറിംഗ് അല്ല. പബ്ലിഷ് ചെയ്തിട്ടുണ്ട്. ഇൻട്രൊഡ്യൂസ് ചെയ്തിട്ടില്ല.

That is why I am not relying the whole structure of sub-section (2) of 75. Only one part I rely for the purpose to point out this. അതിനുവേണ്ടി മാത്രം ഞാൻ പറയുന്നു എന്നുള്ളതേ ഉള്ളൂ. പക്ഷെ ബിൽ ഇവിടെ ഇല്ല. അസംബ്ലി ഉള്ള സമയത്ത് ഈ ബിൽ പെൻറിംഗ് ആണെങ്കിലാണ് ഇത് ബാധകം ആകുന്നത്. ഇനി സെക്ഷൻ 24-ന്റെ കാര്യം പറയാം, 24-ൽ ഈ മാറ്റങ്ങളും സബ്സ്റ്റാൻഷ്യൽ അല്ല. 24-ൽ ആദ്യത്തെ ordinance-ൽ പറഞ്ഞത് Subventions and Grants. ലോൺസ് ആൻറ് കോൺട്രിബ്യൂഷൻ അന്നത്തേതിൽ പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത് മി. ഉണ്ണി ഈ കാര്യങ്ങളെക്കുറിച്ച് പല വേദികളിലും ആക്ഷേപം ഉന്നയിച്ചതാണ്. ഈ നിയമസഭയിൽത്തന്നെ മൂന്നോ നാലോ വട്ടം ഉന്നയിച്ചതാണ്, അതേ പോയിൻറ് ശ്രീ. ബേബിജോൺ ഉന്നയിച്ചു എന്നേയുള്ളൂ. ശ്രീ. ഉണ്ണി ഇതു പറഞ്ഞതാണ്, ചർച്ച ചെയ്തതാണ്. അപ്പോൾ കോൺട്രിബ്യൂഷനും ലോൺസും കൂടി ചേർക്കുന്നതിന് ക്യാബിനറ് തീരുമാനിച്ച് പ്രസിഡൻറിന്റെ അസൻറ് കിട്ടി ഓർഡിനൻസ് പ്രൊമുൽഗേറ് ചെയ്തതാണ്. യാതൊരു തെറ്റുമില്ല. അതൊരു സബ്സ്റ്റാൻഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യലുമല്ല. ഈ ഓർഡിനൻസ് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ നമ്മൾ മാറ്റം വരുത്തുന്നുണ്ട്. സേവിംഗ്സ് ക്ലോസ് മാറണ്ടേ? ഈ സേവിംഗ്സ് ക്ലോസ് തന്നെ റിപ്പീൽ ചെയ്യണമെന്നുള്ളതാണ് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ മാറണ്ടേ? അപ്പോൾ ഓർഡിനൻസിന്റെ പല ഭാഗവും മാറേണ്ടിവരുന്നില്ലേ? സബ്ജക്ട് കമ്മിറ്റി ആലോചിക്കുകയാണ്, ചില വകുപ്പുകൾ വേണ്ടെന്ന്. സബ്ജക്ട് കമ്മിറ്റിയിൽ അതിനുള്ള അധികാരമുണ്ട്. ലെജിസ്ലേച്ചർ ഫുൾ പവർ കൊടുത്തുകൊണ്ടുള്ള ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റി മാറ്റം വരുത്തിക്കൊണ്ട് റിപ്പോർട്ട് ചെയ്ത് തിരിച്ചുവിടെ വന്നാൽ അത് മാറ്റിക്കൂടെ? അതുകൊണ്ട് ഇതിൽ വലിയ അപാകതകളൊന്നുമില്ല.

ശ്രീ. ബേബിജോൺ: ശരി റൂളിംഗ് നൽകുന്നതിനുമുൻപ് ഞാൻ പറയാൻ വിട്ടുപോയതും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുമായ ഒരു കാര്യം കൂടിയുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് ഈ ഭേദഗതി ചെയ്യാം എന്നു പറഞ്ഞ കാര്യത്തെക്കുറിച്ചുമാത്രമേയുള്ളൂ. ഇപ്പോഴത്തെ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തുവന്ന ഒരു ബിൽ നമുക്കിവിടെയുണ്ട്. അതായത് Kerala Cashew Factories (Acquisition) Amendment Bill ഞാൻ ചൂണ്ടിക്കാണിക്കുന്നത് Corpus itself is changed. അതായത് 1984-ലെ ബില്ലാണ്. അതിൽ പറഞ്ഞിരിക്കുന്നത് 1984 മുതൽ പ്രാബല്യത്തിൽ വരുന്ന ആക്ട് എന്നാണ്, അതിൽ പറഞ്ഞിരിക്കുന്നത് The Kerala Cashew Factories (Aequisition) Amentment Bill, 1984 was published..... The Bill was introduced in 1985 and was referred to the Subject Commitee. The Committee considered the Bill clause by clause. In the preamble the year of enactment of the Bill was shown as the "Thirty fifth Year of the Republic of India". In the preamble original bill-ൽ Subject Committee മാറിയത് എന്താണെന്ന് അറിയാമോ? Since the Bill is introduced in during the Thirtysixth year of the Republic of India, the Committee are of the view that this may be changed accordingly. Corpus itself is changed. Act ലും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. Clause (1) in sub clause (2), of this clause the year shown was 1984. The Committee are of the view that it may be changed to 1985. ഇങ്ങനെ പറഞ്ഞിട്ടുണ്ട്. Repeal and savings-ലും ഈ വിഷമമുണ്ട്. Kerala Cashew Factories amendment Bill 1985 repeal ചെയ്യുന്നത് ഇല്ലാത്ത ഒരെണ്ണമാണ്. Be enacted Thirtysixth year of the Republic of India follows the 35th year of the Bill Corpus ലുള്ള changes എന്നു ഞാൻ പറയുന്നത് അതുപോലെ തന്നെ ഈ Act പ്രാബല്യത്തിൽ വരുന്നത്. It shall deemed to have come into force on the 28th. അതുണ്ട്. Retrospective effect ലാണ്. This Act may be called Kerala Cashew Factories (Acquisition) Amendment Act of 1985. ഈ ബിൽ പാസ്സായാൽത്തന്നെയും 1985-ലെ ബിൽ എന്നാണ് വരുന്നത്. വളരെ സബ്സ്റ്റാൻഷ്യൽ ആയിട്ട് കോർപ്പസ് തന്നെ മാറുന്ന രീതിയിലുള്ള ഒരു ഭേദഗതി എത്രമാത്രം ചെയ്യാമെന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് എന്തുമാകാം എന്നുള്ളതുകൊണ്ട് ഈ നിയമ നിർമ്മാണസഭയിൽ ചർച്ചയ്ക്ക് വരുമ്പോൾ ഏതെങ്കിലും ഒന്ന് എടുത്തു വയ്ക്കുക എന്നു പറയുന്നത് ശരിയല്ല. അല്ലാത്ത ഓർഡിനൻസാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ബേബിജോണും ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയും അവരുടേതായിട്ടുള്ള അഭിപ്രായങ്ങൾ പറഞ്ഞുകഴിഞ്ഞു. വളരെ വിശദമായി പരിശോധിക്കേണ്ട ഒരു കാര്യമായതുകൊണ്ട് ഇതു സംബന്ധിച്ച റൂളിംഗ് നാളെ ചർച്ച തീരുന്നതിനുമുമ്പായിട്ട് നൽകുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ)

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നതിന്റെ കാരണങ്ങളും ബില്ലിനകത്തുള്ള വ്യവസ്ഥകളും അടിസ്ഥാനമാക്കി പറയാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ ഈ സഭയുടെ ചരിത്രത്തിൽതന്നെ കെ. എസ്. ആർ. ടി. സി. രൂപീകരിച്ചുകൊണ്ടുള്ള ഒരു നിയമവും, കെ. എസ്. ഇ. ബി. രൂപീകരിച്ചുകൊണ്ടുള്ള ഒരു നിയമവും ചർച്ചയ്ക്കു വരികയുണ്ടായി. അന്ന് ജനങ്ങളുടെ സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൂടുതൽ ഗ്രാന്റ് കിട്ടുന്നതിനുവേണ്ടിയാണ് ഒരു പൊതുമേഖലാ സ്ഥാപനം ഏർപ്പെടുത്തുക എന്നുള്ള നയം ഗവൺമെന്റ് അംഗീകരിച്ചതെന്നു വ്യക്തമാക്കി. 1965 വരെ ട്രാൻസ്പോർട്ട് വകുപ്പ് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു ഡിപ്പാർട്ടുമെന്റായിരുന്നു. ഒരു ട്രാൻസ്പോർട്ട് ഡയറക്ടറുടെ കീഴിലായിരുന്നു ആ ഡിപ്പാർട്ടുമെന്റ് പ്രവർത്തിച്ചിരുന്നത്. എന്നാൽ കൂടുതൽ കാര്യക്ഷമമായ സേവനം കൊടുക്കാൻവേണ്ടി കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകൃതമായതാണ് കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ. ജനങ്ങളെ സേവിക്കാൻവേണ്ടി പുറപ്പെട്ടതിന്റെ തിക്തമായ അനുഭവം ഇന്നു നമ്മുടെ മുമ്പിലുണ്ട്. കെ. എസ്. ആർ. ടി. സി. യുടെ അനുഭവം ഞാൻ പറയുന്നതിനേക്കാളും ശ്രീ. സുന്ദരൻ നാടാർ പറയുന്നതായിരിക്കും ശരി. ഒരു കോർപ്പറേഷൻ പോയിട്ട് അഞ്ച് കോർപ്പറേഷൻ രൂപീകരിക്കുക എന്ന നിലപാടിൽവരെ ഗവൺമെന്റ് എത്തിച്ചേർന്നിരിക്കുകയാണ്. അതുപോലെ കോർപ്പറേഷൻ റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന ബസ്സുകളുടെ സ്ഥാനത്ത് സ്വകാര്യ മേഖലയ്ക്ക് പെർമിറ്റ് നൽകുന്ന സ്ഥിതിവിശേഷത്തിൽവരെ ഈ ഗവൺമെന്റ് ചെന്നെത്തുകയുണ്ടായി. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ജനങ്ങളെ സഹായിക്കാൻ വേണ്ടി ഒരു പൊതുമേഖലാസ്ഥാപനം രൂപീകരിച്ചതിന്റെ അനുഭവം നമ്മുടെയെല്ലാം പ്രതീക്ഷകൾക്കതീതമായിരുന്നു, വിപരീതമായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യവും അതാണ്. വിദ്യുച്ഛക്തി വിതരണം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് കെ. എസ്. ഇ. ബി. രൂപീകൃതമായത്. ഇങ്ങനെയൊരു പൊതുമേഖലാ സ്ഥാപനം വന്നതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ജനങ്ങൾക്ക് കുടിവെള്ളം നൽകുന്ന ഒരു പുതിയ പൊതുമേഖലാസ്ഥാപനം രൂപീകരിക്കുന്ന പ്രക്രിയയിലാണ് നാം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

ശ്രീ എ. കെ. പത്മനാൻ: കെ. എസ്. ഇ. ബി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ അനുഭവം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ ബോർഡിന്റെ ചാർജ് വഹിച്ചിരുന്ന മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയുടെ അനുഭവമാണ് ശ്രീ. ഗംഗാധരന് ഉണ്ടാകാൻപോകുന്നതെന്നാണോ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ മന്ത്രിമാർക്കുണ്ടായ അനുഭവങ്ങളും ഇപ്പോഴും പറയാൻ ഉദ്ദേശിക്കുന്നില്ല. പാവപ്പെട്ട ആളുകൾക്ക് ഇന്ന് കിണറ്റിൽനിന്നും വെള്ളം കോരിയെടുക്കാം. അതുപോലെ നാച്വറൽ റിസോഴ്സസ് ഉപയോഗിക്കാം. പക്ഷേ ഇവിടെ മി. ഗംഗാധരന്റെ പൈപ്പ് വന്നതേടുകൂടി എന്താണുണ്ടായത്? ഇന്നലെ നെടുമങ്ങാട്ടെ കുട്ടികളും ശ്രീമാൻ ഗംഗാധരന്റെ പൈപ്പിലെ വെള്ളം കുടിച്ചാണ് അപകടസ്ഥിതിയിൽ എത്തിയതെന്നാണ് പത്രറിപ്പോർട്ട്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ആ കുട്ടികളെ ആശുപത്രിയിലായത് പൈപ്പ് വെള്ളം കുടിച്ചതുകൊണ്ടാണെന്ന് പറയുന്നത് ശരിയല്ല. പല അഭിപ്രായങ്ങളുമുണ്ട്. എന്തുകൊണ്ടാണെന്ന് തീരുമാനിച്ചിട്ടില്ല. അപ്പോൾ സഭയിൽ അത് പറയുന്നത് ശരിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അല്ല. ഈ അഭിപ്രായവുമുണ്ട്. ഞാൻ ഒരു കാര്യം പറയാം.

ശ്രീ. എം. എം. ഹസ്സൻ: ഈ അഭിപ്രായമില്ലെങ്കിൽ നമ്മൾ ഉണ്ടാക്കുന്നു അല്ലേ? ഭക്ഷ്യവിഷബാധയാണോ വെള്ളത്തിൽക്കൂടി കലർന്നതാണോ, എന്തുകൊണ്ടാണ് ഈ വിഷബാധയെന്ന് വിദഗ്ദ്ധൻമാർ ഇതുവരെ അഭിപ്രായം പറയാതെ നിയമവിദഗ്ദ്ധനായ അങ്ങ് ഇത്തരം കാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ആളല്ലാത്തതുകൊണ്ട് ഒരവസാനാഭിപ്രായം പറഞ്ഞുകളയരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ അഭിപ്രായം ഉണ്ടാക്കുകയല്ല. ഒരു അന്വേഷണത്തിന്റെ മുമ്പിൽ വിവിധങ്ങളായ അഭിപ്രായങ്ങളും വരും. വെള്ളം കുടിച്ചതുകൊണ്ടാണെന്ന് ഞാൻ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഒരു പെൺകുട്ടിയുമായി സംസാരിച്ചപ്പോഴും പറഞ്ഞു. നിരപരാധിയായ പതിനാലുവയസുമാത്രം പ്രായമുള്ള പെൺകുട്ടിയാണ്. നെടുമങ്ങാട് ഹൈസ്ക്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുമാണ്. ഞാൻ എന്തുകൊണ്ടാണ് ഈ വിഷമമുണ്ടായതെന്ന് ആ കുട്ടിയോട് ചോദിച്ചപ്പോഴും ആ കുട്ടി പറഞ്ഞത് ഞങ്ങളുടെ സ്ക്കൂളിനടുത്ത് ഒരു പൈപ്പുണ്ട്, ആ പൈപ്പിൽനിന്നും വെള്ളം കുടിച്ചതിനുശേഷമാണ് ഈ അസുഖം തുടങ്ങിയതെന്നാണ്. ആ കുട്ടി നേരിട്ട് എന്നോടു പറഞ്ഞതാണ്. അല്ലാതെ കേട്ടുകേൾവിയൊന്നുമില്ല. അത് ശരിയോ തെറ്റോ എന്ന് ഖണ്ഡിതമായ അഭിപ്രായം പറയാൻ ഞാൻ ആളല്ല. ഒരു അന്വേഷണം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഇതും പരിശോധിക്കണം. പക്ഷേ ശ്രീ. ഗംഗാധരന്റെ പൈപ്പ് സപ്ലൈ തുടങ്ങിയതിനുശേഷമാണ് ഈ സംസ്ഥാനത്ത് ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായത്. ഇതിനുമുമ്പ് ഉണ്ടായിട്ടില്ലല്ലോ.

മി. ചെയർമാൻ: ഏതായാലും വിദഗ്ദ്ധാന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് വരട്ടെ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ നിയമം ജനങ്ങളുടെ വെള്ളംകുടി മുട്ടിക്കുന്ന നിയമമായി മാറരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഈ നിയമത്തിലെ പ്രസക്തമായ പല ഭാഗങ്ങളും ജനങ്ങൾക്ക് കൂടുതൽ ദോഷം ചെയ്യുന്നതാണ്. ഞാൻ ഒറ്റവാക്കുകൊണ്ട് ഇത് വിവരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം പാസായാൽ നമ്മുടെ നാട്ടിൽ നടക്കാനിടയുള്ള ഒരു സംഭവത്തെപ്പറ്റി ഞാൻ വിശദീകരിക്കാം. നമ്മുടെ ഹിന്ദുപുരാണത്തിൽ ഒരു കഥയുണ്ട്. ശിവൻ ഭസ്മാസുരന് വരം കൊടുത്ത കഥ. ശിവൻ ഭസ്മാസുരന് ചൂണ്ടുവരം കൊടുത്തു. അതായത് ആരെ അയാൾ തൊടുന്നുവോ അയാൾ മരിക്കും. ആ നിലയിൽ കൊടുത്തപ്പോൾ വരം ദാനംചെയ്തയാൾക്കു നേരെതന്നെ അത് പ്രയോഗിക്കുകയും ഒടുവിൽ ഗത്യന്തരമില്ലാതെ നാലു പാടും പാഞ്ഞോടി മഹാവിഷ്ണുവിനെ ശരണം പ്രാപിക്കുകയും ചെയ്തു. ഒടുവിൽ ബുദ്ധിമാനായ മഹാവിഷ്ണു തന്നത്താൻതൊട്ടു നോക്കി പരിശോധിപ്പിക്കുകയും അങ്ങനെ കഥ അവസാനിപ്പിക്കുകയും ചെയ്തു. അതുപോലെ ഈ നിയമം പാസായാൽ, നമ്മുടെ രാജ്യത്തുണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ച് ഞാൻ വ്യക്തമാക്കാം. ഈ നിയമത്തിൽ ഒരു വകുപ്പുണ്ട്. 82-ാം വകുപ്പ്. ഈ വകുപ്പ് നമ്മളെല്ലാം ശ്രദ്ധിച്ചു നോക്കേണ്ടതാണ്. ആ വകുപ്പനുസരിച്ച് ശ്രീമാൻ ഗംഗാധരന് കാക്കിയുടുപ്പിടാം, കേസ് ബെൽറ്റ് ധരിക്കാം, ആരെയും അറസ്റ്റുചെയ്യാം. ശ്രീമാൻ എം. പി. ഗംഗാധരൻ ഒരു സബ് ഇൻസ്പെക്ടറുടെ ഗ്രേഡിലേക്ക് വന്നാൽ ഈ രാജ്യത്തെ പൗരാവകാശം എന്തായിരിക്കും എന്ന് ഞാൻ പ്രത്യേകം ചോദിക്കുകയാണ്. അങ്ങേയ്ക്ക് ഉംപ്പെടെ ഇതിനകത്ത് അപകടമാണ്.

മി. ചെയർമാൻ: അത് അപ്പോൾ ഏതായാലും ഉണ്ടാകാൻപോകുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഉണ്ടാകും. അദ്ദേഹം ചെയർമാൻ ഒരു പബ്ലിക് സർവന്റാണെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെയർമാൻ തൊട്ട് താഴെക്കിടയിലുള്ള ഫോർത്ത്ഗ്രേഡ് എംപ്ലോയിവരെ ഈ നിയമത്തിന്റെ പരിധിയിൽ എംപ്ലോയിയാണ്. 62-ാം വകുപ്പിൽ പറയുന്നത് Powers to arrest person refusing to give his name and address. പേരും മേൽവിലാസവും കൊടുക്കാൻ ആരെല്ലാം വിസമ്മതിക്കുന്നുവോ അവരെ അറസ്റ്റുചെയ്യാനുള്ള അധികാരമാണ് ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്നത്. ഇത് ഒരു ആക്ഷേപമാണ് സർ. നമ്മുടെ രാജ്യത്തിനിത് അപമാനമാണ്. ഒരു പൗരന്റെ പേരും ഊരും ചോദിച്ചാൽ പറഞ്ഞില്ലെങ്കിൽ അയാളെ അറസ്റ്റുചെയ്യുമെന്നാണ് എഴുതിവച്ചിരിക്കുന്നത്. അറസ്റ്റ് ചെയ്യണമെങ്കിൽ പിന്നെ പോലീസധികാരം വേണ്ടേ? അറസ്റ്റു ചെയ്യണമെങ്കിൽ അതിലേയ്ക്ക് പ്രത്യേകമായിട്ട് ഒരു സെക്യൂരിറ്റി ഫോഴ്സ് വേണ്ടേ? അങ്ങനെ സെക്യൂരിറ്റി ഫോഴ്സെല്ലാം വച്ച്.....

ശ്രീ. എ. വി. താമരാക്ഷൻ: ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. വയലാർ രവി ശ്രീമാൻ എം. പി. ഗംഗാധരൻ പറഞ്ഞാൽ കേൾക്കത്തില്ലായെന്നുള്ളതുകൊണ്ടാണോ പോലീസിന്റെ അധികാരം ശ്രീ. എം. പി. ഗംഗാധരന് വേണമെന്നുള്ളത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീ. താമരാക്ഷൻ പറഞ്ഞത് അസ്ഥാനത്തല്ല. അതിന് വേറെ ഒരു വകുപ്പുകൂടി ചേർത്തിട്ടുണ്ട്. അതായത് 64. 64-ൽ എഴുതിവച്ചിരിക്കുന്നത് ഈ രാജ്യത്തെ വയലാർ രവിയുൾപ്പെടെ ഉള്ള സകല പോലീസുദ്യോഗസ്ഥൻമാരും ശ്രീമാൻ ഗംഗാധരനെ സഹായിച്ചുകൊള്ളണമെന്നാണ്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീമാൻ വയലാർ രവി പോലീസുദ്യോഗസ്ഥനല്ല. പോലീസുവകുപ്പുമന്ത്രിയാണ്. അങ്ങ് തെറ്റിപ്പറയുകയാണ്. ശ്രീമാൻ വയലാർ രവിയുൾപ്പെടെയെന്നാണ് പറഞ്ഞത്. അദ്ദേഹത്തിന് പോലീസ് വകുപ്പിൽ ഉദ്യോഗമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: പക്ഷേ ഗംഗാധരനു് ഉണ്ടല്ലോ? ശ്രീമാൻ വയലാർ രവി പോലീസുദ്യോഗസ്ഥനല്ലയെന്നു് ഞാൻ സമ്മതിച്ചു. എന്നാൽ മി. ഗംഗാധരനോ? Minister for waste. Shri Gangadharan is a public servant. മി. ഗംഗാധരൻ ഉൾപ്പെടെയുള്ള ആളുകൾക്കാണു് ഈ നിയമത്തിൽ ഇത് ഏർപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ രാജ്യത്തിനു് ഇതൊരു അത്ഭുതമാണു്, അതിശയമാണു്. ഒരു നിയമത്തിൽ പൗരൻമാരെ അറസ്റ്റുചെയ്യാൻ എഴുതിവച്ചിരിക്കുന്നു. എന്തായിരിക്കും നമ്മുടെ സ്ഥിതി അതും അങ്ങനെ ഒരു കുറ്റം ചെയ്താൽ മനസ്സിലാക്കാം. ഒരാൾ ഗർഹണീയമായ ഒരു കുറ്റം ചെയ്താൽ അയാളെ അറസ്റ്റുചെയ്യേണ്ട ചുമതല പോലീസിനാണു്. അല്ലാതെ മറ്റേതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനു് ജനങ്ങളെ അറസ്റ്റുചെയ്യാനുള്ള അധികാരമുണ്ടോ? 62-ാം വകുപ്പിൽ എഴുതിവച്ചിരിക്കുന്നത് Where any person in the presence of any officer of the Authority authorised by it by general or special order in that behalf has committed or has been accused of committing or who is reasonably suspected by such officer of committing any offence punishable under this Act refuses or fails on demand by such officer to give his name and address or gives a name or address which such officer has reason to believe to be false he may be arrested by such officer without a warrant, in order that his name or address or both may be ascertained. ഇത് അങ്ങേയ്ക്കും അനുഭവമുണ്ട്. അങ്ങയുടെ മകൻ അറസ്റ്റിലായ കാര്യം അങ്ങ് ഓർക്കുന്നുണ്ടാകും. ഒരു പോലീസുകാരൻ മേൽവിലാസം ചോദിച്ചാൽ പറഞ്ഞില്ലെങ്കിൽ അറസ്റ്റ് ചെയ്യും. അതായത് കേസിന്റെ അന്വേഷണത്തിന്റെ വേളയിൽ ഒരു പോലീസുദ്യോഗസ്ഥൻ ഒരു പൗരനോട് പേരും ഊരും ചോദിച്ചാൽ പറഞ്ഞില്ലെങ്കിൽ അറസ്റ്റുചെയ്യണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അദ്ദേഹത്തിന്റെ മകനെ പോലീസ് തല്ലിയത് അവർ തമ്മിൽ തീർത്തു. അദ്ദേഹത്തിന്റെ മന്ത്രിയുടെ പോലീസ് അദ്ദേഹത്തിന്റെ മകനെ തല്ലി. അദ്ദേഹത്തിനു് പരാതിയില്ല. അതിൽ ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണു് പരാതി?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അദ്ദേഹത്തിനു് പരാതിയില്ലെങ്കിലും ശ്രീ. രാഘവൻ പൊഴക്കടവിലിന്റെ മകൻ ഒരു പൗരനാണു്. നിയമവിരുദ്ധമായി ഒരു പൗരനെ ആർക്കും അറസ്റ്റുചെയ്യാൻ പാടില്ല. അതാണു് എന്റെ തത്വം. അതിനെക്കുറിച്ചാണു് ഞാൻ പറഞ്ഞത്. ശ്രീമാൻ രാഘവൻ പൊഴക്കടവിലിന്റെ മകൻ റോഡിൽക്കൂടി നടന്നു പോകുമ്പോഴും മി. ഗംഗാധരന്റെ ഡിപ്പാർട്ടുമെന്റിലെ ഒരാൾ അയാളുടെ പേരും ഊരും ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ അയാളെ യാതൊരു കാരണവും കൂടാതെ കസ്റ്റഡിയിലെടുക്കാനുള്ള ഒരു വകുപ്പാണു് ഈ 62-ലെ വകുപ്പ്.

ശ്രീ. എം. പി. ഗംഗാധരൻ: പോലീസ് വകുപ്പിൽ മാത്രമേ എന്തെങ്കിലും ഒരു ഒഫൻസ് കമ്മിറ്റുചെയ്തിട്ടുണ്ടെങ്കിലോ കമ്മിറ്റ് ചെയ്യാൻ പോകുന്നുവെന്നുപറഞ്ഞാലോ അറസ്റ്റുചെയ്യാവൂ എന്നാണോ മനസ്സിലാക്കിവച്ചിട്ടുള്ളത്. അതുപോലെയുള്ള വേറെയും നിയമങ്ങളിൽ ഇതുപോലെയുള്ള വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തിലും ഒരാളിന്റെ മേൽവിലാസവും പേരും ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ അറസ്റ്റുചെയ്യാനുള്ള വ്യവസ്ഥ എഴുതിവച്ചിട്ടില്ല. അറസ്റ്റോ അല്ലെങ്കിൽ നടപടി എടുക്കാനോ.....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ 11 മണിക്ക് പ്രസംഗം നിറുത്തണം. 11 മണിക്ക് അനൗദ്യോഗികബില്ലുകളുടെ ചർച്ച വരുന്നുണ്ട്. അതുകൊണ്ട് 11 മണിക്കുമുമ്പ് നിറുത്തണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അതുകൊണ്ട് അറസ്റ്റുചെയ്യുന്ന ഈ നടപടി തീർച്ചയായിട്ടും മിസ്യൂസ് ചെയ്യപ്പെടും.

ശ്രീ. എ. വി. താമരാക്ഷൻ: ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഒരു ക്രിമിനൽ വക്കീൽ എന്നുള്ള നിലയിൽ അങ്ങയുടെ ചുമതല കൂടുതലാണെന്നുള്ളതു കൊണ്ടാണോ അങ്ങ് ഇതിനെ എതിർക്കുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ നിയമം നടപ്പിലായാൽ ഉണ്ടാകാവുന്ന അപകടം എന്താണെന്നുവച്ചാൽ പേരും നാളും ഊരും ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ ഒരാളെ അറസ്റ്റുചെയ്യാമെന്നുവരും.

ശ്രീ. എം. പി. ഗംഗാധരൻ: ആ വകുപ്പ് ഒന്ന് വായിച്ചിട്ട് പറയുക. പേരും ഊരും ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ അറസ്റ്റുചെയ്യാനല്ല പറയുന്നത്. ഒരു ഒഫൻസ് കമ്മിറ്റ് ചെയ്യുന്ന ഒരാളുടെ .....

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഒഫൻസ് കമ്മിറ്റ് ചെയ്യുന്നത് തീരുമാനിക്കേണ്ടതാരാണ്? അത് തീരുമാനിക്കേണ്ടത് കോടതിയാണ്. അല്ലെങ്കിൽ ഒരാൾ കുറ്റം ചെയ്തുവെന്ന് പോലീസ് റിപ്പോർട്ട് ചെയ്യണം. പോലീസാണ് ആക്ഷൻ എടുക്കേണ്ടത്. അല്ലാതെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻ ആരുടെയെങ്കിലും പേരും ഊരും ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ അറസ്റ്റുചെയ്യുന്ന ഈ വ്യവസ്ഥ ഈ നിയമത്തിൽ അനുവദിക്കാൻ പാടില്ല. ഇതെന്താ വെള്ളരിക്കാപട്ടണമാണോ? ഭരണഘടനയനുസരിച്ച് ഭരണം നടക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇത് ഒരു വെള്ളരിക്കാപ്പട്ടണമല്ല. സൗത്താഫ്രിക്കയിലെ ഭരണമല്ല ഇവിടെ നിലവിലിരിക്കുന്നത്. ഈദി അമീന്റെ ഭരണമല്ല. മി. ഗംഗാധരന് പറഞ്ഞ പേര് 'ഈദി അമീൻ' എന്നാണ്. 'കേരളത്തിലെ ഈദി അമീൻ' അതാണ് പറഞ്ഞ പേര്. ഒരു തൊപ്പിയും വച്ച് ഊരും പേരും ചോദിച്ച് ഒരാളെ അറസ്റ്റുചെയ്യാൻ നടന്നാൽ എന്തായിരിക്കും സർ ഈ രാജ്യത്തെ സ്ഥിതി. അത് മാത്രമല്ല, 64-ാം വകുപ്പിൽ എന്താണ് എഴുതിവച്ചിരിക്കുന്നത്?

It shall be the duty of all police officers and of employees of the local body within whose local area any offence punishable under this Act is committed or attempted to be committed to give immediate information to the Authority or to any officer of the Authority authorised in that behalf, of the commission of, or of the attempt to commit such offence, as the case may be and to assist the officers of the Authority in the exercise of their authority under this Act.

മി. ചെയർമാൻ: മണി പതിനൊന്നായി, അടുത്തത് അനൗദ്യോഗികാംഗങ്ങളുടെ കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

അപരാഹ്നസമ്മേളനം

നിയമസഭ വൈകുന്നേരം നാലുമണിക്ക് സ്പീക്കർ ശ്രീ. വി. എം. സുധീരന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ

ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

(ചർച്ച തുടർച്ച)

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബിൽ പരിശോധിച്ചതിൽ അത്യാവശ്യം വേണ്ടതായ ചില മാറ്റങ്ങളെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഒന്നാമതായി 4-ാം വകുപ്പിൽ ഈ അതോറിറ്റി രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. വാട്ടർ അതോറിറ്റി രൂപീകരിക്കുമ്പോൾ രണ്ടുമൂന്നു ഘടകങ്ങൾ ഒന്നിപ്പിക്കുന്ന ഒരു നിയമമാണിത്. നേരത്തേ ഈ ജോലി ചെയ്തുകൊണ്ടിരുന്നത് പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്ത് എന്നീ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ ചെയ്തുവന്നിരുന്ന ജോലികൾ ഏറെറടുത്തു നടത്താനാണ് നമ്മൾ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിക്കുന്നത്. അങ്ങിനെയൊരു അതോറിറ്റി രൂപീകരിക്കുമ്പോൾ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ഘടകങ്ങൾക്കെല്ലാം പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടത് ന്യായമായ ഒരു കാര്യം മാത്രമാണ്. കേരളത്തിൽ 1002 പഞ്ചായത്തുകളും, 3 കോർപ്പറേഷനുകളും, 93 മുനിസിപ്പാലിറ്റികളും ഉണ്ട്. ഈ സ്വയംഭരണസ്ഥാപനങ്ങൾക്കെല്ലാം കൂടി ആകെ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ഒരു പ്രതിനിധിയാണ്. ഈ പ്രതിനിധിയെ ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതല്ല. ഗവൺമെന്റ് അപ്പോയിന്റ് ചെയ്യുന്നതാണ്. ഇതു തികച്ചും അപര്യാപ്തമാണ്. ഈ അതോറിറ്റിയുടെ ഭരണത്തിൽ വിവിധ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യണമെങ്കിൽ ന്യായമായും ചെയ്യേണ്ടിയിരുന്ന ഒരു കാര്യം ഈ മൂന്ന് കോർപ്പറേഷനുകൾക്കും കൂടി ഒരാളിനെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉണ്ടാകണമായിരുന്നു. അതുപോലെ മുനിസിപ്പാലിറ്റികൾക്കെല്ലാംകൂടി ഒരാളെ തെരഞ്ഞെടുക്കണം പഞ്ചായത്തുകൾക്ക് റീജിയണൽ അടിസ്ഥാനത്തിൽ 3 പ്രതിനിധികളെ കൊടുക്കണം. ഇന്നു നിലവിലുള്ള വ്യവസ്ഥ ഏത് സ്റ്റാൻഡേർഡ് വച്ചു നോക്കിയാലും തികച്ചും അപര്യാപ്തവും അശാസ്ത്രീയവും ആണ്. അതുകൊണ്ട് ഇതിന്റെ തിരഞ്ഞെടുപ്പ് ജനാധിപത്യപരമായിരിക്കണമെന്നു മാത്രമല്ല An equal representation വിവിധ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കുകയും വേണം. അതുകൊണ്ട് ഈ ബില്ല് ചർച്ച ചെയ്യുന്ന അവസരത്തിലും ഇതിന് ഭേദഗതി നിർദ്ദേശിക്കുന്ന അവസരത്തിലും സബ്ജക്റ്റ് കമ്മിറ്റിയിലും മന്ത്രി അതു ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട സംഗതിയാണ്. ഞാൻ പറഞ്ഞതുപോലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ന്യായമായ പ്രാതിനിധ്യവ്യവസ്ഥ ഈ നിയമത്തിൽ ഉണ്ടായിരിക്കണം. ഇന്ന് ഈ നിയമത്തിൽ ഈ ബോർഡുകൾക്ക് നിർണ്ണയിച്ചിരിക്കുന്ന കാലാവധി 3 വർഷമാണ്. ഇതു പോരാ. പഞ്ചവൽസരപദ്ധതികളുടെ കാലാവധി 5 വർഷമായിരിക്കുന്നതുപോലെ ഒരു സ്കീം നടപ്പിലാക്കുന്നതിനുള്ള മിനിമം പിരിയേഡും 5 വർഷമായിരിക്കണം. അതുകൊണ്ട് തെരഞ്ഞെടുത്ത പ്രതിനിധികൾ അടങ്ങുന്ന ഈ ബോർഡിന്റെ കാലാവധി 3 വർഷം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് 5 വർഷമാക്കി മാറ്റണം എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. ഈ അതോറിറ്റിയുടെ ചെയർമാനായി ഇപ്പോഴും നിർണ്ണയിച്ചിരിക്കുന്നത് മന്ത്രിയെയാണ്. ശ്രീമാൻ ഗംഗാധരൻ തന്നെ എന്നും മന്ത്രിയായിക്കൊള്ളണമെന്നില്ല. ഇന്നു ഭരിക്കുന്ന പാർട്ടി തന്നെ അപ്പുറത്ത് എക്കാലവും വന്നുകൊള്ളണമെന്നുമില്ല. അതുകൊണ്ട് ജനാധിപത്യ മര്യാദ അനുസരിച്ച് മന്ത്രി ഈ അതോറിറ്റിയുടെ ചെയർമാൻ പദവി വഹിക്കുന്നത് അനുചിതമാണ്. നമ്മുടെ പ്രധാനപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും മന്ത്രിമാരല്ല ചെയർമാൻമാരായി ഇരിക്കുന്നത്. അതിൽ ഒന്നാണ് കെ. എസ്. ആർ. ടി. സി. അതിൽ കുറച്ചുനാൾ ഒരു മന്ത്രി ചെയർമാനായി ഇരുന്നു നോക്കി എന്നിട്ട് മതിയായി. ബാലകൃഷ്ണപിള്ളയുടെ ഇലക്ട്രിസിറ്റി ബോർഡിൽ പോലും മന്ത്രിമാർ ചെയർമാൻമാരായി ഇരുന്നിട്ടില്ല. എന്നാൽ മന്ത്രിമാർ ഗവൺമെൻറിന്റെ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ബോർഡിനെ അറിയിക്കുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അങ്ങയുടെ ഈ നിർദ്ദേശങ്ങളും ഭേദഗതികളും ഒന്നും തന്നെ സ്വീകരിക്കാതെ ഈ ബില്ല് പാസ്സായി എന്ന് ഇരിക്കട്ടെ. ഏതെങ്കിലും ഒരു കാരണവശാൽ അങ്ങ് ഈ വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയായി വന്നാൽ ഈ വകുപ്പുകൾ ഭേദഗതി ചെയ്യാൻ അങ്ങ് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇതൊരു ഹൈപ്പോത്തറ്റിക്കൽ കൊസ്റ്റ്യനാണ്.

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ ബില്ലിന്റെ പ്രസക്തിയിൽ ഒതുങ്ങിനിന്നുകൊണ്ടു സംസാരിക്കുകയാണ്. അതുകൊണ്ട് മെമ്പർമാർ ഇടയ്ക്കുകയറി അദ്ദേഹത്തെ പ്രകോപിപ്പിക്കരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ലിന്റെ കാലവധി 5 വർഷമാക്കി ഭേദഗതിപ്പിക്കുന്നതിൽ യാതൊരു അപാകതയുമില്ല. അതുപോലെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യവസ്ഥ അംഗീകരിക്കണം. അത് നേരത്തേ സൂചിപ്പിച്ച ലൈനിൽ ആയിരിക്കണം. മന്ത്രിമാർ യാതൊരു കാരണവശാലും ഇതിന്റെ ചെയർമാനായിക്കൂടാ. മന്ത്രിമാർ വഹിക്കുന്ന ഉന്നതമായ പദവി നിലനിർത്താൻവേണ്ടിയാണ് ഞാൻ ഈ നിർദ്ദേശം വയ്ക്കുന്നത്. ശ്രീ. എം. പി. ഗംഗാധരനെ ഞാൻ വിസ്മരിക്കുകയാണ്. ആരുതന്നെ മന്ത്രിയായിരുന്നാലും ആ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ നിയമത്തിൽ വ്യവസ്ഥ ഉണ്ടെന്നിരിക്കേ അതിന്റെ day to day administration കൂടി മന്ത്രി ഏറ്റെടുക്കുന്നത് ഔചിത്യപൂർവ്വമല്ലെന്നു ഒരു ഉദാഹരണം കൊണ്ട് തെളിയിക്കാം. ശ്രീ. എം. പി. ഗംഗാധരൻ ചെയർമാനായി പ്രവർത്തിച്ചിരുന്ന ഇക്കാലത്ത് വന്നിട്ടുള്ള ഒന്നുരണ്ട് ആരോപണങ്ങൾ എന്റെ സ്വന്തം അനുഭവത്തിൽനിന്നു പറയുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വെട്ടൂരിൽ വെള്ളത്തിന് വളരെയധികം ക്ഷാമം ഉണ്ട്. അവിടെ വെള്ളത്തിന് പബ്ലിക് ടാപ്പുകളെയാണ് ആളുകൾ ആശ്രയിക്കുന്നത്. ഹൗസ് കണക്ഷന് യാതൊരു സൗകര്യവുമില്ല. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ് 3000 രൂപ കൊടുത്താൽ ഹൗസ് കണക്ഷൻ കിട്ടുമെന്നാണ് ഇപ്പോൾ കേൾക്കുന്നത്. 3000 രൂപ ആർക്കു കൊടുക്കുന്നു, എങ്ങിനെ കൊടുക്കുന്നു എന്നറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

30 പേരിൽനിന്ന് 3000 രൂപ വീതം കളക്ഷൻ ചെയ്ത മാന്യൻമാർ ഉണ്ട്. ശ്രീ. ഗംഗാധരൻ വാങ്ങി എന്നു ഞാൻ പറയുന്നില്ല. പക്ഷെ അദ്ദേഹം അതിന്റെ ചെയർമാനായതുകൊണ്ട് ഇതെല്ലാം കേൾക്കേണ്ടിവരുന്നു. ചെയർമാൻ എന്ന നിലയിൽ ഇതിന്റെ day to day administration-ന്റെ ഉത്തരവാദിത്വം വഹിക്കേണ്ടിവരുമ്പോൾ ഔന്നത്യം പുലർത്തേണ്ടതായ മന്ത്രിമാർ, സ്വാഭാവികമായും ഇതിൽ ഇൻവോൾവ്ഡ് ആകുന്നു. ഇത് ശരിയാണോ ജനാധിപത്യസ്വഭാവത്തിന് യോജിച്ചതല്ല. ഈ ഹൗസിംഗ് കണക്ഷനെ സംബന്ധിച്ച് ഇൻഡിവിഡ്വലായിട്ട് അദ്ദേഹം ധാരാളം സ്പെഷ്യൽ ഓർഡറുകൾ പുറപ്പെടുവിക്കുന്നുണ്ട്. അദ്ദേഹം തന്നെ അത് സമ്മതിച്ചിട്ടുണ്ട്. ഈ സമ്പ്രദായം തെറ്റാണ്. ഈ സമ്പ്രദായത്തിൽ മാറ്റം വരുത്തണം. അതുകൊണ്ട് മന്ത്രി ഇതിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിയായിരിക്കാൻ പാടില്ല. അദ്ദേഹം വഹിക്കുന്ന ഉന്നതമായ ജനാധിപത്യമൂല്യങ്ങൾക്ക് അത് യോജിച്ചതല്ല. അതുകൊണ്ട് അത് ഭേദഗതി ചെയ്യണം. നോൺ ഒഫീഷ്യൽ മെമ്പർ ചെയർമാനാകുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ അത് മന്ത്രിയാകരുത്.

പ്രധാനമായ മറ്റൊരു സംഗതി എനിക്ക് നിർദ്ദേശിക്കാനുള്ളത് 8-ാം ക്ലാസ്സിനെ സംബന്ധിച്ചാണ്. 8-ാം ക്ലാസ്സിൽ ചേർത്തിരിക്കുന്നത്. ഈ കോർപ്പറേഷനാവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന വ്യവസ്ഥയെ സംബന്ധിച്ചാണ്. ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ അന്ന് നിലവിലുണ്ടായിരുന്ന പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ എഞ്ചിനീയർമാരെയും ലോക്കൽ ബോഡീസിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥൻമാരെയും എല്ലാംകൂടി ഒരു ട്രാൻസിഷൻ പീരിയേഡ് എന്നുള്ള നിലയിൽ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ കീഴിൽ കൊണ്ടുവന്നു. അതിൽ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഓപ്ഷൻ ഉണ്ട്. വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ചേരുന്നതിന് ഇഷ്ടമില്ലാത്ത ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് ഓപ്ഷൻ കൊടുക്കും. അവർക്ക് വേറെ പോകാം. മറ്റുള്ളവർക്ക് ഓപ്ഷൻ ഇല്ല. അങ്ങനെ ഒരു സംവിധാനം ഉപയോഗിച്ച് കൂടുതൽ ആളുകളെ റിക്രൂട്ട് ചെയ്യുന്നതിൽ എന്താണ് അവിടെ സ്വീകരിച്ചിട്ടുള്ള പ്രിൻസിപ്പിൾ. അതിനെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടുണ്ട്.

സർ, അങ്ങ് ഓർക്കുന്നുണ്ടാകും വെറും പോസ്റ്റ് ബോക്സ് നമ്പർ കൊടുത്താണ് ഉദ്യോഗസ്ഥൻമാരുടെ അപേക്ഷകൾ ക്ഷണിച്ചത് എന്നുള്ളത്. ഇതിൽ കൂടുതൽ ലജ്ജാകരമായ, അപലപനീയമായ സംവിധാനം നമ്മുടെ രാജ്യത്ത് ഇതിനുമുമ്പ് കേട്ടുകേൾവിപോലുമില്ല. എന്തിനാണ് ഈ പരാതിയൊക്കെ വരുത്തിയത്. ഇപ്പോഴുള്ള ഈ ഉദ്യോഗസ്ഥൻമാരിൽ ബഹുഭൂരിപക്ഷവും പി. എസ്. സി. തെരഞ്ഞെടുത്തവരാണ്. ഇനിയും ഈ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നിയമിക്കേണ്ടിവരുന്ന ജീവനക്കാരെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണമായ അധികാരം പി. എസ്. സി.-ക്കു കൊടുക്കണം. ആ 8-ാം വകുപ്പ് ഭേദഗതി ചെയ്യണം. നിയമനങ്ങളും അതിന്റെ സേവന വ്യവസ്ഥകളും ഇപ്പോഴുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേതു പോലെയാക്കണം. കെ. എസ്. ആർ. ടി.സി.-യും കെ. എസ്. ഇ. ബി.-യും പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം പോലും പി. എസ്. സി.ക്കു വിട്ടിരിക്കുന്ന സാഹചര്യത്തിൽ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി മാത്രം എന്തിന് ഈ നിയമനങ്ങൾ കൈയടക്കുന്നു? അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുക്കാനുള്ള വ്യവസ്ഥ നിയമത്തിൽ എഴുതിചേർക്കണം. എനിക്ക് നിർദ്ദേശിക്കുവാനുള്ളത് 8-ാം വകുപ്പ് ഭേദഗതി ചെയ്ത് അതിന്റെ നിയമനം പൂർണ്ണമായും പി. എസ്. സി.-ക്ക് വിട്ടുകൊടുക്കാനുള്ള ഒരു സമീപനം ബഹു. മന്ത്രിയും സബ്ജക്ട് കമ്മിറ്റിയും സ്വീകരിക്കണമെന്നാണ്.

പ്രധാനമായും മറെറാരു സംഗതികൂടി എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി കാലാകാലങ്ങളിൽ ബഡ്ജറും അക്കൗണ്ടും തയ്യാറാക്കാറുണ്ട്. ഓരോ കാലത്തേയും പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്താറുണ്ട്. സാധാരണ ഗതിയിൽ ഇവയൊന്നും നിയമസഭയുടെ മുമ്പാകെ വരാറില്ല. അതു പോരാ, ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറും അതിന്റെ ലക്ഷ്യങ്ങളും, അതിന്റെ ഫിസിക്കൽ ടാർജറ്റും ഒക്കെ നിയമസഭാ സാമാജികൻമാർക്കുകൂടി മനസ്സിലാകണം. അതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യണം. നമ്മുടെ നിയമ സഭയുടെ ബഡ്ജറ് സമ്മേളനം കൂടുമ്പോൾ തന്നെ നിയമസഭയിൽ അത് പ്ലേസ് ചെയ്യാൻ വ്യവസ്ഥ ചെയ്യണം. ഉദാഹരണമായി കെ. എസ്. ഇ. ബി.-യുടെ ബഡ്ജറും ആവശ്യങ്ങളും ഒക്കെത്തന്നെ നമുക്കറിയാൻ കഴിയുന്നില്ല. അവിടെ എന്തു നടക്കുന്നുവെന്ന് വർഷങ്ങൾക്കു ശേഷമാണ് നമ്മൾ അറിയുന്നത്. അതുപോലെതന്നെ കെ. എസ്. ആർ. ടി. സി.-യുടെ ബഡ്ജറ് പ്രൊപ്പോസൽസും അവരുടെ തീരുമാനവുമൊന്നും നിയമസഭയുടെ ശ്രദ്ധയിൽ വരുന്നില്ല. ഈ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ കൃത്യ സമയത്തു സഭയുടെ മുമ്പാകെ കൊണ്ടുവരാറില്ല. അതുകൊണ്ട് ഈ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിട്ടിയുടെ അക്കൗണ്ട്സും, ബഡ്ജറ്, പ്രൊപ്പോസൽസും, വാർഷിക ചെലവിനങ്ങളും എല്ലാംതന്നെ നമ്മുടെ നിയമസഭയുടെ ബഡ്ജറ് സമ്മേളനാവസരത്തിൽത്തന്നെ ഇവിടെ തരുന്നതിനുള്ള ഏർപ്പാട് ഈ നിയമത്തിൽ എഴുതി വയ്ക്കണം. എങ്കിൽ മാത്രമേ ജനപ്രതിനിധികൾക്ക് അർത്ഥപൂർണ്ണമായ ഒരു സജീവപങ്കാളിത്തം ഇക്കാര്യത്തിൽ ലഭ്യമാവുകയുള്ളൂ; നമ്മുടെ ജനാധിപത്യം പരിപൂർണ്ണമായും ഇക്കാര്യത്തിൽ സംരക്ഷിക്കുവാൻ കഴിയൂ.

മറെറാരു പ്രധാനപ്പെട്ട സംഗതി, കൺസ്യൂമേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കണം എന്നുള്ള വ്യവസ്ഥയാണ്. വ്യവസ്ഥ 35. ആണ്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ നാട്ടിലിറങ്ങി നടക്കാൻ പറ്റുകയില്ല. അതുപോലെ വെള്ളത്തിന് വില വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിൽ ചെയ്തിട്ടുണ്ട്. രാജവാഴ്ചക്കാലത്തുപോലും സൗജന്യമായിട്ട് നാട്ടുകാർക്ക് വെള്ളം കിട്ടിയിരുന്നു. ആ വെള്ളത്തിന് ഇപ്പോൾ കരം ഏർപ്പെടുത്തിയിരിക്കുന്നു. ശ്രീ. എം. പി. ഗംഗാധരൻ കൊണ്ടുവന്നിരിക്കുന്ന ഈ നിയമം പാസ്സായാൽ ജനങ്ങളുടെ വെള്ളംകുടി മുടങ്ങും എന്നുള്ള കാര്യത്തിനു യാതൊരു സംശയവുമില്ല. ഇതു നാട്ടുകാരുടെ വെള്ളംകുടി മുട്ടിക്കലാണ്; അതുണ്ടാകാതിരിക്കട്ടെ.

മറെറാരു കാര്യം, സപ്ലൈ കട്ട് ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥയും ഈ നിയമത്തിലുണ്ട്. അതും ജനദ്രോഹകരമാണ്.

ഇതിന്റെ കണക്ഷൻ സൗജന്യമായിട്ട് കൊടുത്തിരിക്കുന്നത്. വെറും 30 മീറ്റർ ദൂരത്തേയ്ക്കാണ്. അങ്ങിരിക്കുന്ന സ്ഥലം മുതൽ ഞാൻ നിൽക്കുന്നിടം വരെ വന്നാൽ സൗജന്യം തീർന്നു; അതുകഴിഞ്ഞാൽ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെല്ലാം പുറമേ അവസാനമായി ഒരു സെർച്ച് ഉണ്ട്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി പെണ്ണുങ്ങൾ താമസിക്കുന്ന വീട്ടിൽ മലിന ജലം ഉണ്ടോയെന്നറിയാൻ ഒരു സെർച്ച് നടത്തുന്നു. ഈ ഹൗസ് സെർച്ചിനുള്ള വ്യവസ്ഥയിലും മാറ്റം വരുത്തണം. ഹൗസ് സെർച്ച് പോലീസിനു വിടുക. അതോറിറ്റി ഹൗസ് സെർച്ച് നടത്തുന്നതെന്തിന്? അതുകൊണ്ട് അതിനെല്ലാം മാറ്റങ്ങൾ വരുത്തി ഈ നിയമത്തിൽ ഇന്നു വച്ചിരിക്കുന്ന ജനദ്രോഹകരമായ വ്യവസ്ഥകൾ മയപ്പെടുത്തണം. ജനങ്ങൾക്ക് കുറഞ്ഞ ദ്രോഹം മാത്രം ചെയ്യുന്ന നിലയിലേക്ക് ഈ നിയമം മാറ്റിക്കൊണ്ടുവരണം എന്ന് സബ്ജക്ട് കമ്മിറ്റിയോടും മന്ത്രിയോടും പ്രത്യേകം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഴുക്കുചാൽ നിർമ്മാണത്തിന് കൂടുതൽ സാമ്പത്തിക സഹായം കിട്ടണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ അതോറിറ്റി രൂപീകരിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഏതു കാര്യം ചെയ്യുമ്പോഴും ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടാകും. ശ്രീ. എം. പി. ഗംഗാധരനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അദ്ദേഹം ഇതൊക്കെ ഉപയോഗിക്കുന്നത് ചട്ടങ്ങളൊക്കെ മറികടന്നാണ്. പൊതു മുതൽ എളുപ്പത്തിൽ കവർന്നെടുക്കാനുള്ള ഒരു ഉപാധിയാക്കിയിരിക്കുകയാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഇതിന്റെ ചെയർമാൻ അദ്ദേഹമാണ്. അതിലെ മെമ്പർമാരാണെങ്കിൽ അദ്ദേഹത്തിന്റെ താഴെയുള്ള ഉദ്യോഗസ്ഥൻമാരാണ്, ഇതൊരു സ്വയംഭരണസ്ഥാപനം എന്നാണ് വയ്പ്. അതിൽ പല പ്രശ്നങ്ങളും വരും. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളുണ്ടാകും. അങ്ങനെയുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായിട്ടുള്ള ആ ബോർഡിൽ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ അതിനെതിരായി എന്തെങ്കിലും പറയും എന്നുള്ള വിശ്വാസം എനിക്കില്ല. ഒന്നുകിൽ ഈ 'ആട്ടോണമസ്' എന്നുള്ളത് എടുത്തുകളയുക, അല്ലെങ്കിൽ മന്ത്രി ഇതിന്റെ ചെയർമാൻ സ്ഥാനം ഒഴിയുക. രണ്ടിൽ ഏതെങ്കിലും ഒന്ന് ചെയ്യുകയെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ചെയർമാന് ഈ അതോറിറ്റിയിൽ വളരെയധികം സ്വാധീനം ചെലുത്താൻ കഴിയും. ഉദാഹരണത്തിന് അവിടത്തെ എം. ഡി. രാജിവെച്ചു എന്ന് വയ്ക്കുക. അങ്ങനെ രാജി വയ്ക്കുകയാണെങ്കിൽ ആ രാജിക്കത്തുപോലും മന്ത്രിക്ക് കൊടുത്താൽമതി, ബോർഡിനുവേണ്ടയെന്നുള്ള സ്ഥിതിവരും. ഇതിലെ ഉപായവും അതു തന്നെയാണ്. ഇവിടെ സ്റ്റാഫിന്റെ നിയമനം നടത്തുന്നത് അതോറിറ്റിയാണ്. അങ്ങനെ നിയമിക്കുന്ന ജീവനക്കാരുടെ സേവന വ്യവസ്ഥകളും റൂൾസും മുഖേന നിശ്ചയിക്കണമെന്നാണ് വയ്പ്. നേരത്തെതന്നെ ശ്രീ. ആർ. എസ്. ഉണ്ണിയും, ശ്രീ. പീതാംബരൻ മാസ്റ്ററും പറഞ്ഞു. ആ റൂൾസ് ഒന്നുംതന്നെ സബ്ജക്റ്റ് കമ്മിറ്റിയിൽപോലും വച്ചിട്ടില്ലാ എന്ന്. ഞങ്ങൾ ഇതിനെ സംബന്ധിച്ച് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിൽ, ഇതിന്റെ റൂൾസ് എന്താണ്, ആളുകളുടെ പരാതിയെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതെങ്ങനെയാണ് എന്നൊക്കെ ചോദിച്ചിരുന്നു. അതിനെക്കുറിച്ച് അവിടെയൊന്നും തന്നിട്ടില്ല. മാത്രമല്ല അതു തരാതിരിക്കാൻ അദ്ദേഹം ഒരു പണിയും കൂടി ചെയ്തു. എസ്. ആർ. ഒ.-യിൽ നമ്പരിട്ടില്ല. അതുകൊണ്ട് ഇത് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിലും വരില്ല. അതുകൊണ്ട് ഈ റൂൾസിലെ അപാകതകൾ ആരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ട എന്നുള്ള ഒരു മുരുദ്ദേശം ഇതിലുണ്ട് എന്ന് ഞാൻ ആരോപിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ അവർക്ക് കിട്ടേണ്ട പ്രൊമോഷൻ സാദ്ധ്യതകളെ കുറിച്ചും ഒന്നുംതന്നെ ആലോചിച്ചിട്ടില്ല.

സ്വയം ഭരണ സ്ഥാപനങ്ങളായ ഡെവലപ്പ്മെന്റ് ബോർഡ്, ചെത്തുതൊഴിലാളി ബോർഡ്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയിലെല്ലാം തന്നെ അപ്പോയിന്റ്മെന്റ് പബ്ലിക് സർവ്വീസ് കമ്മീഷൻ ആണ് നടത്തുന്നത്. ഇതിനെക്കുറിച്ച് നേരത്തെ ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ സൂചിപ്പിച്ചു.

~~ശ്രീ. കെ. ആണ്ടിക്കുട്ടി.~~ സർ, കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് അതാത് സ്ഥാപനങ്ങളാണ്. നേരെ മറിച്ച്, ഇവിടെ ചെയ്യുന്നത് എന്താണെന്നു വച്ചാൽ ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റുകൊണ്ടാണ് ശമ്പളം കൊടുക്കുന്നത്. അതു ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ ആ പോസ്റ്റിംഗ് ഒക്കെത്തന്നെ പി. എസ്. സി. മുഖേന നടത്തുന്നതായിരിക്കില്ലേ ശരി. അങ്ങനെ അദ്ദേഹം തന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി തനിക്ക് ഇഷ്ടപ്പെട്ടവരെ നിയമിക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാക്കി ഈ അതോറിറ്റിയെ മാറ്റിയിരിക്കുകയാണ്. ഇതിനുമുമ്പ് ഉണ്ടായിരുന്ന ഗവൺമെന്റ് ഈ ബില്ല് കൊണ്ടുവരാൻ വണ്ടി വളരെയധികം ആലോചിച്ചതാണ്. എന്നിട്ട് അതിന്റെ വിഷ്യത്തുകളെക്കുറിച്ചൊക്കെ മനസ്സിലാക്കിക്കൊണ്ട് ആണ് ഇത് പെൻഡിങ്ങിൽ വച്ചത്. ശ്രീ. എം. പി. ഗംഗാധരൻ ഇത് കൊണ്ടുവന്നത് വലിയൊരു കാര്യമാണെന്നാണ് പറയുന്നത്. നേരത്തെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ നമ്മുടെ കെ. എസ്. ആർ. ടി. സി.-യെക്കാളും ഏറ്റവും വലിയ ഒരു ബാദ്ധ്യത ഇവിടെ വരാൻ പോവുകയാണ്. ഇവിടെ ഇഷ്ടംപോലെ വെള്ളം ഉള്ളിടത്തും ഇല്ലാത്തിടത്തുമൊക്കെ പൈപ്പ് വാങ്ങിയിട്ടിട്ടുണ്ട്. ആവശ്യമില്ലാത്തിടത്തൊക്കെ പൈപ്പ് കൊണ്ടിട്ടിട്ട്. അതിൽനിന്നും എന്തെങ്കിലും വരുമാനം കിട്ടുമെന്ന് ഉള്ള ഉദ്ദേശമുണ്ടോയെന്നെനിക്ക് അറിഞ്ഞുകൂടാ. ഇപ്പോൾ പാലക്കാട് ഉള്ള സി. പി. എം.. ഓഫീസിന്റെ മുമ്പിൽ പൈപ്പ് വാങ്ങി കൂട്ടിയിട്ടിരിക്കുന്നതുകൊണ്ട് അവിടത്തെ ഓഫീസ് കാണാൻ സാധിക്കുന്നില്ല. ഒപൈപ്പ് ഇഷ്ടംപോലെ വാങ്ങികൂട്ടിയിട്ട് ഒരു ഉപയോഗവുമില്ലാതെ കിടക്കുകയാണ്. ഇതൊരു ഡെവലപ്മെന്റ്സ്കീം സ്ഥാപനമെന്നപേരിൽ പറഞ്ഞുകൊണ്ട് ലോകബാങ്കിൽനിന്നും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഒക്കെ സഹായം കിട്ടാൻവേണ്ടി ശ്രമിക്കുന്നു. ഒരു മന്ത്രിയും ചെയ്യാത്ത കാര്യങ്ങളൊണിതൊക്കെ. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, 'തന്റെ ഇതുവരെ ചെയ്തതുകൊണ്ട് ലക്ഷക്കണക്കിന് ആളുകൾക്ക് വെള്ളം കൊടുക്കാൻ കഴിഞ്ഞു. കുഴൽക്കിണറുകൾ കുഴിച്ചു' എന്നൊക്കെ. ഇതിനേക്കാളും കിണറുകളും മറ്റും കുഴിച്ച സ്റ്റേറ്റുകളുണ്ട്. നമ്മുടെ തൊട്ടടുത്ത സ്റ്റേറ്റായ കർണ്ണാടകത്തിൽ തന്നെ ഇതുപോലുള്ള കുഴൽക്കിണറും പദ്ധതികളുമൊക്കെയുണ്ട്. അവിടെ ഒരു ഗ്രാമത്തിൽ കിണർ കുഴിക്കണമെങ്കിൽ എൻജിനീയർ കൺവീനറായ ഒരു കമ്മിറ്റി ഉണ്ടാക്കി, ആ കമ്മിറ്റിയാണ് പൈപ്പുകൾ വാങ്ങുന്നതും ട്യൂബുകളും മോട്ടോറുകളുമൊക്കെ വയ്ക്കുന്നതും. മന്ത്രിയോ അതോറിറ്റിയോ അതിൽ ഇടപെടാറില്ല. അതുകൊണ്ട് അവിടെ ഇതുപോലുള്ള ആരോപണങ്ങൾ ഉണ്ടാകുന്നുമില്ല. ഇവിടെ മാത്രമെന്തിണ് ഇത്തരം ഏർപ്പാടുകൾ? അതുപോലെ ഈ അതോറിറ്റി വളരെയധികം പ്രശ്നങ്ങളുണ്ടാകാൻ പോവുകയാണ്. നമ്മുടെ അതോറിറ്റി ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

അനേകം പദ്ധതികൾ ഏർപ്പെടുത്താൻ പോവുകയാണ്. അതിന്റെ ഘടനതന്നെ വളരെ മോശമാണെന്ന്. വേൾഡ് ബാങ്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇവിടെ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിക്കെതിരായിട്ട് ഉന്നയിക്കപ്പെട്ട കുംഭകോണങ്ങളും അതിന്റെ സാമ്പത്തിക സ്ഥിതിയും വളരെ മോശമാണെന്ന് കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ പോലും സംശയം രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഡ്രെയിനേജിന്റെ പ്രവർത്തനം കേന്ദ്രത്തിൽ നിന്ന് ഉദ്യോഗസ്ഥൻമാർ വന്ന് പരിശോധിച്ചു. അവിടെ ഉപയോഗിച്ച സാധനങ്ങളിൽ കേന്ദ്ര ഉദ്യോഗസ്ഥൻമാർ തികഞ്ഞ അതൃപ്തി രേഖപ്പെടുത്തി. ഇതു പററില്ല, അതുകൊണ്ട് ഏഴാം പദ്ധതിയിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏറെടുത്ത് നടത്താൻ അതോറിറ്റിക്ക് കഴിയില്ലെന്ന് വേൾഡ് ബാങ്ക് ഉദ്യോഗസ്ഥൻമാരും കേന്ദ്ര ഉദ്യോഗസ്ഥൻമാരും കേന്ദ്രത്തിലേക്ക് റിപ്പോർട്ടയച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കിട്ടുന്ന സാമ്പത്തിക സഹായം നിറുത്തി വയ്ക്കണമെന്നു തോന്നിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. പി. ഗംഗാധരൻ ഡൽഹിയിൽപോയി വീണ്ടും നിവേദനം നടത്തി. ഇപ്പോൾ വീണ്ടും പരമസംഘത്തെ അയയ്ക്കാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ കേന്ദ്ര ഗവൺമെന്റിനു പോലും വിശ്വാസമില്ലാത്ത നിലയിൽ ആണ് അതിന്റെ പ്രവർത്തനം. അതുപോലെതന്നെ മന്ത്രി ചെയർമാനായ ഒരു ബോർഡിന്റെ തീരുമാനത്തിനെതിരായി ആർക്കാണ് അപ്പീൽ കൊടുക്കുന്നത്? മന്ത്രിക്ക് തന്നെയാണ്. ഗവൺമെന്റിലേക്ക് തന്നെ കൊടുക്കുന്ന ഒരു സ്ഥിതിയാണുള്ളത്.

ചെയർമാന്റെ ഏററവും വലിയ പണിയെന്താണെന്നു വച്ചാൽ പൈപ്പ് വാങ്ങലും അതിന്റെ കമ്മീഷൻ എത്രയാണെന്ന് തീർച്ചയാക്കലുമാണ്. 1982 മേയ് മാസത്തിലാണ് ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായത്. 1984 മാർച്ച് മാസം വരെ ഏകദേശം 42 കോടി രൂപയുടെ പൈപ്പ് വാങ്ങി. ഈ കാലയളവിൽ പി. എച്ച്. ഇ. ഡി.യുടെ പ്ലാൻ ചെലവ് വെറും 37 കോടി രൂപയായിരുന്നു. അങ്ങനെ 37 കോടി രൂപ പ്ലാൻ ചെലവുകണക്കായി നീക്കിവച്ചിരുന്ന ഒരു വകുപ്പ് 42 കോടി രൂപയുടെ പൈപ്പ് വാങ്ങി. അതിന് അദ്ദേഹം പറഞ്ഞ മറുപടി, വരൾച്ച കാലത്ത് ഇന്നാന്നും നോക്കാതെ കൂടുതൽ സംഖ്യ ലാപ്സാക്കാതിരിക്കാൻ നോക്കി വിട്ടുന്നതെയും പൈപ്പ് വാങ്ങിക്കൂട്ടിയെന്നാണ്. 1982 ഡിസംബർ മുതൽ 1983 സെപ്റ്റംബർ വരെയാണ് വരൾച്ചയുണ്ടായത്. ഈ കാലയളവിൽ ഉപയോഗിച്ച പൈപ്പ് വെറും 10 കോടി രൂപയ്ക്കുതേതായിരുന്നു. അങ്ങനെയാണെങ്കിൽ വരൾച്ചകാലത്ത് കൂടുതൽ പൈപ്പ് വാങ്ങിയെന്ന് പറയാൻ സാധിക്കുമോ? വെറും പത്തുകോടി രൂപയുടെ പൈപ്പ് മാത്രമേ വാങ്ങിയിട്ടുള്ളൂ. അതും വരൾച്ചക്കാലത്ത് ടെണ്ടർ വിളിക്കാതെയാണ് പൈപ്പ് വാങ്ങിയത്. അതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രിവരെ ഏററതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് പറഞ്ഞ ന്യായം 'വെള്ളം എളുപ്പത്തിൽ എത്തിക്കാനാണ്', അതിനുള്ള നിർദ്ദേശം ഞാൻ കൂടി കൊടുത്തിട്ടാണ്', അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം ഞാൻ കൂടി ഏററതാണ്', എന്നാണ്. വരൾച്ച കഴിഞ്ഞതിനുശേഷം 1983 സെപ്റ്റംബർ മുതൽ 1984 മാർച്ച് വരെയുള്ള ആറു മാസക്കാലത്താണ് 30 കോടി രൂപയുടെ പൈപ്പ് വാങ്ങിയിട്ടുള്ളത്. അതും മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണെന്നായെന്ന് അറിഞ്ഞാൽ തരക്കേടില്ല. ഈ പൈപ്പ് വാങ്ങുന്നതിന് ചില നിബന്ധനകളൊക്കെയുണ്ട്. ഒന്നാമതായി അംഗീകരിച്ച ഒരു പദ്ധതിയുണ്ടാകണം. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ഉണ്ടാകണം. അതിന്റെ എസ്റ്റിമേറിൽ ആവശ്യമുള്ള പൈപ്പുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

തരം തരിച്ചുള്ള ലിസ്റ്റ് വേണം. ഇതെല്ലാം ഉണ്ടെങ്കിൽ മാത്രമേ പൈപ്പുകൾ വാങ്ങാവൂയെന്നാണ് ചട്ടം. തിരുവനന്തപുരം സർക്കിളിൽ പദ്ധതിത്തുക പത്തുകോടി രൂപ മാത്രമുള്ളപ്പോൾ ഒൻപതര കോടി രൂപയുടെ പൈപ്പുകൾ വാങ്ങി. തൃശ്ശൂർ സർക്കിളിൽ എട്ടരകോടി രൂപയുടെ പദ്ധതിയുള്ളപ്പോൾ പതിനൊന്നുകോടി രൂപയുടെ പൈപ്പ് വാങ്ങി. അതുപോലെ കൊച്ചി സർക്കിളിൽ ആറരകോടി രൂപയുടെ പദ്ധതിക്കു വേണ്ടി മൂന്നരകോടി രൂപയുടെ പൈപ്പ് വാങ്ങി. ഈ പൈപ്പുകൾ മുഴുവൻ വാങ്ങിയത് മന്ത്രിക്ക് താൽപര്യമുള്ള കമ്പനികളിൽനിന്നാണ്. ഇതിൽ മുഖ്യമന്ത്രിക്ക് ഒന്നും പറയാനില്ലേ? ശ്രീ. ഗംഗാധരൻ പൈപ്പ് വാങ്ങിയതിന്റെ മുഴുവൻ ഉത്തരവാദിത്വവും മുഖ്യമന്ത്രി ഏറെടുത്തതാണ്. അദ്ദേഹത്തിനും കൂടി ഇതിൽ പങ്കുണ്ടെന്ന് പറഞ്ഞാൽ അത് തെറ്റാണോ? പൈപ്പുകൾ വാങ്ങുന്നത് ഒന്നുകിൽ ടെൻഡർ വിളിച്ച് വാങ്ങണം അല്ലെങ്കിൽ ഡി. ജി. എസ്. ആൻഡ് ഡി..യുടെ റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങണം. ഈ റേറ്റ് കോൺട്രാക്ടിലൊക്കെ പല കമ്പനികളുടെ പേരുകൾ ഉണ്ട്. കമ്പനി ഏതാണെന്ന് തീരുമാനിക്കേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയായ ചെയർമാനാണ്. ഇതിൽ റേറ്റ് കോൺട്രാക്ട് എസ്റ്റിമേറ്റാണ് സ്വീകരിച്ചിരിക്കുന്നത്. റേറ്റ് കോൺട്രാക്ട് സിസ്റ്റമാണ് സ്വീകരിച്ചാൽ നല്ല റേറ്റാണ് ഇവിടെ കമ്പനികൾക്ക് കിട്ടുന്നത്. ഡി. ജി. എസ്. എൻഡ് ഡി. അംഗീകരിച്ച ഏത് കമ്പനിക്ക് വേണമെങ്കിലും ഓർഡർ കൊടുക്കാം. അതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനിയർക്കോ, സൂപ്രണ്ടിംഗ് എഞ്ചിനിയർക്കോ ആർക്കുവേണമെങ്കിലും കൊടുക്കാം. ഏതെങ്കിലും കമ്പനി ഓർഡർ നൽകിയാൽ അതിന്റെ കോപ്പി ഡി. ജി. എസ്. ആൻഡ് ഡി..യിൽ ലഭിച്ചാൽ മതി. അവർ അതിന്റെ 96 ശതമാനം വിലയും അപ്പോൾതന്നെ കൊടുക്കും. അതിന്റെ അർത്ഥമെന്താണ്? കമ്മീഷൻ തുകയും അപ്പോൾ തന്നെ കിട്ടും. ഇതിന്റെ റേറ്റ് ആദ്യം അവർ തമ്മിൽ നിശ്ചയിച്ചാൽ മതി. അതോറിറ്റി ആകുന്നതിന് മുമ്പ് തന്നെ അതിന്റെ മാനേജിങ് ഡയറക്ടർ ആരായിരിക്കണമെന്നൊക്കെ അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ടായിരുന്നു. എന്റെ നാട്ടുകാരനാണ് മാനേജിംഗ് ഡയറക്ടർ. അദ്ദേഹം പാവമാണെന്നാണ് നാട്ടുകാരൊക്കെ വിശ്വസിക്കുന്നത്. അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു. അദ്ദേഹത്തെ ഇങ്ങനെയൊക്കെ ചീത്തയാക്കാമോ? അദ്ദേഹത്തെ മന്ത്രിയുടെ കയ്യിൽ കിട്ടിയതിനുശേഷം വളരെ മോശമാക്കി. വളരെ നല്ല പേരുള്ള ഒരാളായിരുന്നു. അദ്ദേഹത്തിന് ഒരു മാസം മുമ്പ് റിട്ടയർ ചെയ്യാനുള്ള അനുമതി ലഭിച്ചു. അത് മാത്രമല്ല, 1983 മുതൽ 1984 മാർച്ച് വരെ കോടിക്കണക്കിന് രൂപയുടെ പൈപ്പിന് അദ്ദേഹം ഓർഡർ നൽകി. ആ ഓർഡർ നൽകിയതു കൊണ്ടാണോ അദ്ദേഹത്തെ എം. ഡി. ആക്കിയതെന്ന് സംശയമുണ്ട്. ഈ എം. ഡി. ചീഫ് എഞ്ചിനീയർ ആയിരുന്ന കാലത്താണ് 48 കോടി രൂപയുടെ പൈപ്പ് വാങ്ങിയത്. അതിൽ ചുരുങ്ങിയത് 4 കോടി രൂപയുടെ കമ്മീഷൻ കിട്ടി. അത് അദ്ദേഹം ഒറ്റയ്ക്ക് എടുത്തുവെന്ന് എനിക്ക് അഭിപ്രായമൊന്നുമില്ല. ആർക്കൊക്കെ കിട്ടിയെന്നൊന്നും അറിയില്ല. ശ്രീ. കാർത്തികേയന് കാറുകൊടുത്തിട്ടുണ്ട്. ശ്രീ. രമേശ് ചെന്നിത്തല ഓർഡിനറി ബസ്സിൽ പോകുന്ന പോലെയല്ലേ പ്പെയിനിലൊക്കെ യാത ചെയ്യുന്നത്. ഇതിനൊക്കെ എവിടെ നിന്നാണ് പണം? ഇതിനൊക്കെ അദ്ദേഹത്തിന്റെ സഹായമില്ലാതെ ഒക്കുമോ?

അതുപോലെ രസകരമായ വേറൊരു സംഭവം, എച്ച്. ഡി. പി. പൈപ്പ് വാങ്ങിയതാണ്. അതിലാണ് പ്രത്യേകത. 1983-ൽ 10.6 കോടി

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പിക്കയ്ക്ക് എച്ച്. ഡി. പി. പൈപ്പു വാങ്ങി. എച്ച്. ഡി. പി. പൈപ്പു വാങ്ങരുതെന്ന് ചീഫ് എഞ്ചിനീയറുടെ ഒരു ഓർഡറുണ്ടായിരുന്നു. ഓർഡർ നമ്പർ PHSD/12532/73 ഡേറ്റഡ് 29-8-1978. അതുപോലെതന്നെ 8-11-1983-ലും ഒരു ഉത്തരവുണ്ടായിരുന്നു; എച്ച് ഡി. പി. പൈപ്പ് വാങ്ങരുത് അത് വളരെ വിലകൂടുതലാണ്, അത് നമുക്ക് ഉപയോഗിക്കണ്ട എന്നുപറഞ്ഞു. മാത്രമല്ല കേന്ദ്രംതന്നെ അത് ഉപയോഗിക്കരുത്, അത് എസ്റ്റിമേറ്റിൽ വളരെ സംഖ്യ കൂടുമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിവൃത്തിയില്ലാതെ കാര്യങ്ങളിലല്ലാതെ എച്ച്. ഡി. പി. പൈപ്പ് വാങ്ങരുതെന്നാണ് 26 വർഷമായിട്ട് നിലവിലുള്ള നിയമം. ശ്രീ. ഗംഗാധരൻ മന്ത്രിയായപ്പോഴും അത് പാലിച്ചില്ല എന്ന് മാത്രമല്ല 1983-84ൽ എച്ച്. ഡി. പി. പൈപ്പ് ചെലവില്ലാതെ കെട്ടിക്കിടക്കുകയായിരുന്നു. പതിനഞ്ച് മുതൽ ഇരുപത്തി അഞ്ച് ശതമാനംവരെ കമ്മീഷൻ കൊടുക്കാൻ തയ്യാറായിട്ടും അതിനു വളരെ വിലകൂടുതലായതുകൊണ്ട് ആരും വാങ്ങിയില്ല. ഈ സാഹചര്യത്തിൽ നമ്മുടെ ശ്രീ. ഗംഗാധരൻ ഈ പൈപ്പുവാങ്ങിയതിന്റെ പിന്നിൽ യാതൊരു അഴിമതിയുമില്ലെന്ന് പറയാൻ പറ്റുമോ? ഇത് വലിയ കനാലോ അല്ലെങ്കിൽ വലിയ കുഴലോ പ്രൊവൈസ് ചെയ്യുന്ന സ്ഥലത്തുമാത്രം ഉപയോഗിക്കുന്നതാണ്. ഏകദേശം 15 ലക്ഷം മീറ്റർ പൈപ്പു അദ്ധ്യേം വാങ്ങി ആ പൈസയുണ്ടെങ്കിൽ പി. വി. സി. പൈപ്പാണെങ്കിൽ 50 ലക്ഷംമീറ്റർ പൈപ്പു വാങ്ങാനുള്ള പൈസയുണ്ട്. അതിൽ അതിന്റെ കമ്മീഷൻ എത്ര കിട്ടി? അതിന്റെ ആവശ്യമുണ്ടായിരുന്നോ? ചീഫ് എഞ്ചിനീയർ അത് വാങ്ങരുതെന്നു പറഞ്ഞിട്ടും വാങ്ങാനുള്ള കാരണമെന്താണെന്ന് അറിയില്ല. ഈ പൈപ്പു വാങ്ങിയത് അനാവശ്യമാണെന്നതിന് തെളിവ്, 1985 മാർച്ച് മാസം 7-ാംതീയതി അതോറിറ്റി മേധാവി താഴെയുള്ള ആഫീസിൽ ഒരു കത്തയച്ചു. ആ കത്ത് നമ്പർ AW/WWA/WHO/2838/85/dtd.7-3-1985 അതിൽ അപ്രകാരം പറയുന്നുണ്ട്. പി. വി. സി. പൈപ്പുകൾക്ക് ഓർഡർ നൽകുംമുമ്പ് എച്ച്. ഡി. പി. പൈപ്പുകൾ എത്രത്തോളം ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കണം എന്ന് അതോറിറ്റി നിശ്ചയിക്കുന്നു. എച്ച്. ഡി. പി. പൈപ്പിന്റെ സ്റ്റോക്ക് കുറയ്ക്കണം. ഇത്രയും വില കൂടുതലുള്ള പൈപ്പ് ഉപയോഗിക്കാൻ പാടില്ലായെന്ന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരിക്കുകയാണ്. എം. ഡി. ആണെങ്കിൽ ഈ പൈപ്പ് എത്രത്തോളം ഉപയോഗിക്കാൻ പറ്റുമെന്നുള്ളതിന് നിർദ്ദേശം നൽകണമെന്നും, ഉള്ള സ്റ്റോക്ക് മുഴുവൻതന്നെ എല്ലാ സ്ഥലത്തും കുഴിച്ചിടണമെന്നും നിർദ്ദേശിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഒരു സംഭവം കൂടിയുണ്ടായി. ശ്രീ. ഗംഗാധരൻ രണ്ടു ദിവസം മുമ്പ് ബില്ലിനെകുറിച്ച് സംസാരിക്കുമ്പോഴും പറഞ്ഞു, ഞാൻ അതോറിറ്റി രൂപീകരിച്ചശേഷം പൈപ്പേ വാങ്ങിയിട്ടില്ലായെന്ന്. അത് ശരിയല്ല. 1985-86 മാർച്ചിൽ 3 കോടി എൺപത്തിയഞ്ചു ലക്ഷം രൂപ പൈപ്പിന് ടെൻഡർ വിളിച്ചു. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ കോട്ടുചെയ്ത കമ്പനികളെ തഴഞ്ഞുകൊണ്ട് ഉയർന്നനിരക്കിലുള്ള കമ്പനികൾക്കാണ് ഓർഡർ നൽകിയത്. ഇതു മൂലം ഏകദേശം വിലയുടെ വ്യത്യാസംതന്നെ 9 ലക്ഷം രൂപ സർക്കാരിന് നഷ്ടമുണ്ടായി. കമ്മീഷൻ എത്ര കിട്ടിയെന്ന് എനിക്കറിയില്ല. ലക്ഷ്മി സിമൻറ്സിനും ഹൈദരാബാദ് ആസ്ബസ്റ്റോസിനുമാണ് ഓർഡർ നൽകിയത്. ആ കമ്പനിയുടെ നിരക്ക് ഉയർന്നതാണ്. ഇവിടെനിന്നും വാങ്ങരുതെന്ന് ചീഫ് എഞ്ചിനീയർ ശ്രീ. ജെയിംസും ഫൈനാൻസ് മാനേജർ ശ്രീ. കൊച്ചു നാരായണനും ഫയലിൽ രേഖപ്പെടുത്തിയതാണ്. പക്ഷേ എം. ഡി.യെ കൊണ്ട് അത് വാങ്ങിപ്പിച്ചു. കുറഞ്ഞ റേറ്റ് കോട്ട് ചെയ്ത കമ്പനിയിൽ നിന്ന് കമ്പനിക്ക് വാങ്ങാതിരിക്കാൻ കാരണം ഐ. എസ്. ഐ. മാർക്ക് ഇല്ലാത്തതുകൊണ്ടാണ് എന്നാണ് പറഞ്ഞത്. ഐ. എസ് ഐ. മാർക്ക് ഇല്ലാത്തതുകൊണ്ട് കൂടുതൽ നിരക്കിൽ ടെൻഡർ നൽകിയ കമ്പനിയിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാമെന്നു് നിശ്ചയിച്ചു. അങ്ങനെയാണെങ്കിൽ ഈ കമ്പനിയിൽനിന്നു് അന്നു് ഇതു് വാങ്ങുമ്പോൾ ഐ. എസ്. ഐ. മാർക്കില്ലായിരുന്നു. അതിനു ശേഷമാണു് ഐ. എസ്. ഐ. മാർക്കു് ലഭിച്ചതു്. ഇപ്പോൾ അതു് റേറ്റ് കുറച്ചു് ടെൻഡർ നൽകിയ കമ്പനിയും ഐ. എസ്. ഐ.മാർക്കു് മേടിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ജോർജ്: വാട്ടർ സപ്ലൈ സ്കീം പൈപ്പില്ലാതെ നടക്കുമോ? അതിൽ അങ്ങയുടെ അഭിപ്രായമെന്താണു്? അതുപോലെതന്നെ അങ്ങയുടെ പാർട്ടി ഭരിക്കുന്ന കർണ്ണാടകയിലും വാട്ടർ സപ്ലൈ സ്കീം നടക്കുന്നുണ്ടു്. അവിടെ പൈപ്പില്ലാതെയാണോ വാട്ടർ സപ്ലൈ സ്കീം നടക്കുന്നതു്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: കർണ്ണാടകയിൽ ചീഫ് എഞ്ചിനീയറും ബ്ലോക്ക് ഓഫീസറും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു് ആ കമ്മിറ്റിയാണു് പൈപ്പു വാങ്ങിക്കലും എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കുന്നതു്. ഇവിടെ നേരെ മറിച്ചാണു്. ഇവിടെ മന്ത്രിയോ അതോറിറ്റിയോ അല്ല പൈപ്പു് വാങ്ങിക്കുന്നതു്. അവിടെ ട്യൂബ് വെല്ലിനു് 75 ശതമാനമാണു് സബ്സിഡി കൊടുക്കുന്നതു്. പമ്പുവെക്കാനും മോട്ടോർ വെയ്ക്കാനുമൊക്കെ.

ശ്രീ. എം. പി. ഗംഗാധരൻ: ഏതു സംസ്ഥാനത്തിലായാലും കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന റേറ്റ് കോൺട്രാക്ടിലെ പൈപ്പു വാങ്ങിക്കുവാൻ ഒക്കുകയുള്ളു.

ശ്രീ. കെ. കൃഷ്ണൻകുട്ടി; ഞാൻ പറഞ്ഞതു് അവിടെ ലോക്കൽ ആയിട്ടുള്ള ജനങ്ങളുടെ കമ്മിറ്റിയാണു് അതു് നിശ്ചയിക്കുന്നതെന്നാണു്. ഏറ്റവും വില കുറവായി ഏതാണോ കിട്ടുന്നതു് അതാണു് അവർ മേടിക്കുന്നതു്. ഇവിടെയാണെങ്കിൽ ഏറ്റവും ഉയർന്ന റേറ്റ് ഏതാണെന്നു് നോക്കിയാണു് മേടിക്കുന്നതു്.

ശ്രീ. സി. എഫ്. തോമസ്: വില കുറഞ്ഞ താന്ന സാധനം വാങ്ങണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അവിടെ ഉപയോഗിക്കുന്ന ആളാണു് പൈപ്പു് മേടിക്കുന്നതു്. എനിക്കാണു് വെള്ളം വേണ്ടതെങ്കിൽ ഞാൻ കൂടി ഉൾപ്പെടുന്ന കമ്മിറ്റിയാണു് പൈപ്പു മേടിക്കുന്നതു്. ഇവിടത്തെപ്പോലെ അല്ല. ഇവർക്കു് ഈ സ്ഥാപനം നിലനിൽക്കണമെന്നും....

ശ്രീ. എം. പി. ഗംഗാധരൻ: ഏതു സംസ്ഥാനത്തായാലും വാട്ടർ സപ്ലൈയ്ക്കു് പൈപ്പു് വേണമെങ്കിൽ റേറ്റ് കോൺട്രാക്ട് കവർ ചെയ്യുന്നതേ വാങ്ങാൻ ഒക്കൂ. റേറ്റ് കോൺട്രാക്ട് എന്നു് പറഞ്ഞു് നാലഞ്ചു് റേറ്റില്ല. ഒരൊറ്റ റേറ്റാണു് എല്ലാ സംസ്ഥാനങ്ങളിലും. റേറ്റ് കോൺട്രാക്ട് കവർ ചെയ്യാത്ത ഏതെങ്കിലും ആർട്ടിക്കിൾസുണ്ടെങ്കിൽ അതു് ടെൻഡർ ചെയ്തു് ലോവസ്റ്റായിട്ടുള്ള ടെൻഡറിനോ സെക്കൻറ് ലോവസ്റ്റിനോ തരം പോലെ മേടിക്കാം.

ശ്രീ. കെ. ശങ്കരനാരായണ പിള്ള: ഏതെങ്കിലും ഒരു സംസ്ഥാനം ഐ. എസ്. ഐ. മാർക്കില്ലാത്തതുകൊണ്ടു് വാങ്ങരുതെന്നു് തീരുമാനമെടുക്കുകയും ഡിപ്പാർട്ട്മെൻറ് നിശ്ചയിച്ച കമ്പനിയിൽനിന്നും അതു് വാങ്ങിക്കാതിരിക്കുകയും ചെയ്തശേഷം അതേ ഡിപ്പാർട്ട്മെൻറുതന്നെ ഐ.എസ്. ഐ. മാർക്കില്ലാത്ത വേറൊരു കമ്പനിയിൽനിന്നും വാങ്ങിക്കുകയും ചെയ്തതുപോലെയുള്ള ഏർപ്പാടു് നടത്തുന്നതായിട്ടു് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: ഐ. എസ്. ഐ. മാർക്കില്ലാത്തത് കഴിയുന്നതും മേടിക്കാൻ പാടില്ല. പഴയ കാലത്തെ ഈ സംസ്ഥാനത്തിലെ പർച്ചേഴ്സ് നോക്കിയാലും ഐ. എസ്. ഐ.-മാർക്കില്ലാതെ പൈപ്പ് മേടിച്ചത് കാണാം. ഇപ്പോഴും ഐ. എസ്. ഐ.-മാർക്കില്ലാതെ മേടിച്ചേക്കാം. പക്ഷേ ഇപ്പോഴെ ഐ. എസ്. ഐ.-മാർക്കുള്ളതേ മേടിച്ചിട്ടുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ ടെൻഡർ ക്ഷണിക്കുന്ന സമയത്ത് ഐ. എസ്. ഐ.-മാർക്കുണ്ടെന്ന് തെളിയിക്കാൻ പറ്റുമോ? എന്നാൽ ടെൻഡർ തള്ളിക്കളഞ്ഞ കമ്പനിക്ക് ഐ. എസ്. ഐ.-മാർക്ക് ഉണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: മദ്രാസിലെ ഒരു പുതിയ കമ്പനിയാണ്. ബോർഡ് തന്നെ അവർക്ക് ഐ. എസ്. ഐ.-മാർക്ക് കിട്ടാൻ വേണ്ടി തീയതി നീട്ടിവച്ചു. എന്നിട്ട് ഫയർ റേറ്റിനു കൊടുത്തു എന്ന് പറയുന്നത് ശരിയല്ല. സെക്രട്ടറി ലോവസ്റ്റ് ടെൻഡറിനു ലോവസ്റ്റ് റേറ്റിൽ സമ്മതിപ്പിച്ചാണ് കൊടുത്തത്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ശ്രീ. കൃഷ്ണൻ കുട്ടിയും, ബഹുമാനപ്പെട്ട മന്ത്രിയും അതിനെക്കുറിച്ച് തർക്കിക്കുന്നത് കേൾക്കുമ്പോൾ സംശയം തോന്നുകയാണ്. ഇപ്പോൾ പൈപ്പു വാങ്ങിച്ച കമ്പനിക്ക് ആ പൈപ്പിന് ഓർഡർ കൊടുക്കുന്ന സമയത്ത് ഐ. എസ്. ഐ. അംഗീകാരം ഉണ്ടായിരുന്നോ?

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ഇല്ല. അതിനുശേഷമാണ് കിട്ടിയത്.

ശ്രീ. എം. പി. ഗംഗാധരൻ: അവിടെയാണ് തെറ്റിയത്. അതിൽ രണ്ട് തെറ്റാണുള്ളത്. ഒന്ന്, ഓർഡർ കൊടുത്ത കമ്പനികൾക്ക് ഐ. എസ്. ഐ.-മാർക്കുണ്ട്. മദ്രാസ് കമ്പനിക്ക് ഐ. എസ്. ഐ.-മാർക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഓർഡർ കൊടുത്തില്ല. രണ്ടാമത്, മദ്രാസിന്റെ ഏറ്റവും കുറഞ്ഞ റേറ്റ് ആയതുകൊണ്ട് ഉയർന്ന റേറ്റിൽ കോട്ട് ചെയ്തവരോട് ലോവസ്റ്റ് റേറ്റിൽ എടുക്കാൻ തയ്യാറുണ്ടോ എന്ന് ചോദിച്ചു. അവർ ചെയ്യാമെന്നു പറഞ്ഞ ലോവസ്റ്റ് റേറ്റിനേ കൊടുത്തുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എനിക്ക് അതിനെക്കുറിച്ച് സാങ്കേതികമായി വലിയ പിടിയില്ല. ചീഫ് എഞ്ചിനീയർ ശ്രീ. ജയിംസും ഫൈനാൻസ് മാനേജർ ശ്രീ. കൊച്ചുനാരായണനും എഴുതിയ ഫയൽ ഇവിടെ വെച്ചാൽമതി, ഞാൻ ഇതു പിൻവലിക്കാം. അത് വയ്ക്കാൻ തയ്യാറുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: ലോവസ്റ്റ് റേറ്റിനേ ടെൻഡർ കൊടുത്തിട്ടുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും ഫൈനാൻസ് മാനേജറുടെ റിപ്പോർട്ടും വായിച്ചാൽ മതി, ആരാണ് കള്ളം പറയുന്നതെന്ന് മനസ്സിലാകും. ഞാൻ കള്ളം പറയുകയാണെങ്കിൽ ബഹു. ചെയറിന് എന്നെ ശിക്ഷിക്കാം. അല്ലെങ്കിൽ അദ്ദേഹത്തെ ശിക്ഷിക്കാം. അതുപോലെതന്നെ ഇന്നലെ പൈപ്പു വാങ്ങിയ ആരോപണം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ശിക്ഷിച്ചു എന്ന് പറഞ്ഞു. ശിക്ഷിച്ചതിന് ചാർജ് ഷീറ്റ് കൊടുത്തിട്ടുണ്ട്. അതിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ? അദ്ദേഹം പൈപ്പു വാങ്ങിയതിന്റെ പേരിൽ, ഗവൺമെന്റിന്റെ സമ്മതമില്ലാതെ പൈപ്പു വാങ്ങിയതിന്റെ പേരിൽ ആണ് സസ്പെൻഡ് ചെയ്തതെന്നും, പൈപ്പ് ഞങ്ങൾ എടുത്തിട്ടില്ലായെന്നും മന്ത്രി പറഞ്ഞു. ആ ചാർജ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്, അദ്ദേഹം സമയത്തിന് ആഫീസിൽ വന്നിട്ടില്ലാ, അതുകൊണ്ട് അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുന്നു എന്നാണ്. എന്തിനാണ് ഇവിടെ വന്നിരുന്ന് നുണ പറയുന്നത്?

ശ്രീ. കാനം രാജേന്ദ്രൻ: അങ്ങനെ കൊടുത്ത ചാർജ് ഷീറ്റിനുപോലും ഏതാണ്ട് ഒരു വർഷത്തോളമായിട്ട് ആ എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി കൊടുത്തില്ലെന്ന വിവരം അറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അദ്ദേഹം കൊടുക്കുകയില്ല. ഒന്ന് തണുത്തു കഴിഞ്ഞാൽ അദ്ദേഹത്തെ തിരിച്ചെടുക്കാൻ പോവുകയാണ്, അദ്ദേഹത്തിന്റെ കൂടെ പൈപ്പ് വാങ്ങിച്ച ഒരുപാട് വിരുതൻമാരുണ്ട്. അവരുടെ പേരിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കൂട്ടുകാരനാണ് ഇനിയും, അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുത്താൽ നമ്മുടെ രാജ്യത്തെ വിൽക്കും അയാൾ. ആഭ്യന്തരമന്ത്രിയുടെ വിജിലൻസും ചീഫ് സെക്രട്ടറിക്കൽ എക്സാമിനറുമൊക്കെയാണ്, ഈ റിപ്പോർട്ട് അദ്ദേഹത്തിന്റെ കൂട്ടുകാരനാണ് എതിരാണ്. പ്രത്യേക ചുമതല കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞത് എന്റെ നാട്ടുകാരനാണ്. അദ്ദേഹത്തിന് ഇപ്പോൾ പ്രമോഷൻ കൊടുത്ത് മൈനർ ഇറിഗേഷന്റെ എക്സിക്യൂട്ടീവ് എൻജിനിയറാക്കി. സെക്കെയിസ് വാരുവിന്റെയൊക്കെ പ്രധാന കഥാപാത്രമാണ്. അതുപോലെതന്നെ എല്ലാ അധികാരങ്ങളും കൊടുത്തുവെന്നാണ് പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കുറച്ച് കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. അതിൽ ഒന്നിലും പമ്പ് വയ്ക്കാനോ.....

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ മുമ്പ് മന്ത്രിയുടെ പേരിൽ മാനനഷ്ടകേസ്സ് കൊടുത്തു. അത് തള്ളിപ്പോയി. ഇനിയും അതിന്റെ വിരോധം തീർന്നില്ലേ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: കോടതിയെക്കുറിച്ച് പറയാൻ പാടില്ലെന്നാണ്.....എന്റെ മണ്ഡലത്തിൽ കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ സമയത്ത് മന്ത്രി ശ്രീ. ഗംഗാധരൻ പ്രസംഗിച്ചു. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ചോദിച്ചാൽ, ശ്രീ. ഗംഗാധരന്റെ ഏറ്റവും ഉത്തമ സുഹൃത്ത് ചോദിച്ചാൽ അതിന് മറുപടി പറയാതിരിക്കുന്നത് മോശമല്ലേ? ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്ന് പ്രസംഗിച്ചത് കരിയാർ കുട്ടി കാരാപ്പാറ പ്രോജക്ട് വരാതിരിക്കാൻ കാരണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയും ജനതാപാർട്ടിയിലേയും അംഗങ്ങൾ നിയമസഭാകമ്മിറ്റിയിൽ അത് വേണ്ടെന്ന് പറഞ്ഞ് എഴുതികൊടുത്തതു കൊണ്ടാണെന്നാണ്. അത് മാത്രമല്ല മനോരമ പത്രത്തിന്റെ ലേഖകനായ രാമചന്ദ്രനെ മന്ത്രിയുടെ കാറിൽ കൊണ്ടുപോയിട്ട് ഇന്നുതന്നെ ഇത് പത്രത്തിൽ കൊടുക്കണമെന്ന് പറഞ്ഞു. പത്രത്തിൽ കൊടുപ്പിക്കുക മാത്രമല്ല ഇലക്ഷന് ഒരു ദിവസം മുമ്പ് നോട്ടീസ് അടിച്ച് എല്ലായിടത്തും

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്തു. ഇതിനുശേഷം ഞാൻ ഒരു നോട്ടീസ് അടിച്ചിറക്കി ഇത് തെളിയിച്ചാൽ ഞങ്ങൾ എം. എൽ. എ. സ്ഥാനം രാജിവയ്ക്കാൻ തയ്യാറാണെന്ന്. ഇതിനെതിരായി ഞാൻ കേസ് കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി എന്ത് ചെയ്തുവെന്ന് അറിയാമോ? ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടേയില്ലെന്ന് പറഞ്ഞു. ഇത്രയുമധികം ബുദ്ധിമുട്ടി പത്രത്തിൽ കൊടുപ്പിച്ചിട്ട് അവസാനം പറഞ്ഞു ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടേയില്ലെന്ന്. പിന്നെ കേസ് എങ്ങനെയാണ് നിൽക്കുന്നത് ഇങ്ങനെ പ്രസംഗിച്ചതായി അവിടെയുള്ള എല്ലാവരും പറഞ്ഞതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അങ്ങനെയാണെങ്കിൽ ആ പത്രക്കാരന്റെ പേരിൽ കേസ് കൊടുക്കാൻ പാടില്ലേ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: മനോരമപത്രത്തിനെതിരായി ഞാൻ കേസ് കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് പച്ചക്കള്ളമാണ്. ഞങ്ങൾ വേണമെങ്കിൽ സാക്ഷി പറയാമെന്ന് അവർ പറഞ്ഞു.

ശ്രീ. കെ. ഇ. ഇസ്മയിൽ: കരിയാർകുട്ടി കൊച്ചുപ്പാറ പദ്ധതി വരാതിരിക്കുന്നതിനുവേണ്ടി കൃഷ്ണൻകുട്ടിയും അവിടെയുള്ള എം. എൽ. എ. മാരും തടസ്സം നിന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അതിനെതിരായി കേസ് കൊടുത്തു കേസ് തള്ളിപ്പോയിയെന്നും പറഞ്ഞു. ഈ പദ്ധതി വരാതിരിക്കാൻ മുഖ്യമായ കാരണക്കാരൻ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയാണെന്നും മനസ്സിലാക്കിയതിന്റെ ഫലമായി ചിറ്റൂരും കൊല്ലങ്കോട് മേഖലയിലുമുള്ള കോൺഗ്രസ്സ് 'ഐ' യിലെ പ്രധാനപ്പെട്ട പ്രവർത്തകൻമാർ രാജിവച്ച് ഇടതുപക്ഷമുന്നണിയിൽ വന്നകാര്യം അറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇത് എല്ലാ പത്രങ്ങളിലും വന്നതാണ്. മനോരമ പത്രത്തിനെതിരായി ഞാൻ കേസ് കൊടുത്തു. "ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പ്രസംഗിച്ചുവെന്നുള്ളത് ശരിയാണ്. എന്നെ കാറിൽകൊണ്ടുപോയിട്ട് പത്രത്തിൽ കൊടുക്കാൻ പറഞ്ഞുവെന്നും ആ ലേഖകൻ പറഞ്ഞു." മജിസ്ട്രേറ്റ് മഞ്ചേരിയിൽ ഒന്നിച്ച് ഇരുന്ന ആളാണ്. സുഹൃത്താണ്. മനോരമപത്രം വളരെ വ്യക്തമായി പറഞ്ഞതിനുശേഷവും അങ്ങനെയാണ് ഈ കേസ് തള്ളിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തോട് സ്നേഹമുണ്ടെങ്കിൽ രാജിവയ്ക്കാൻ പറയുന്നതായിരിക്കും നല്ലത്. ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ നിയമം മൊത്തത്തിൽ വായിച്ചു നോക്കിയാൽ ഇതിന് ജനാധിപത്യ സ്വഭാവമില്ലെന്നുള്ള വസ്തുത പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇപ്രകാരമൊരു ആട്ടോണമസ് ബോഡിയുണ്ടാക്കുമ്പോൾ ജനാധിപത്യസ്വഭാവമുള്ള ഒരു നിയമം കൊണ്ടുവരേണ്ടത് ആവശ്യമാണ്. ജനാധിപത്യ സ്വഭാവം ഇതിന് ഉണ്ടായെന്നുള്ളതിനെക്കുറിച്ച് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഇതുപോലുള്ള ഓട്ടോണമസ് ബോഡി ഈ രാജ്യത്ത് നിലവിലുള്ളപ്പോൾ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ അതിന്റെ ചെയർമാനായി മന്ത്രിയെ വച്ചിരിക്കുന്നത് എന്തിനാണ്? ബഹുമാനപ്പെട്ട മന്ത്രി ഒരു സംസ്ഥാനത്തിന്റെ പല വകുപ്പുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ഒരു മഹനീയ സ്ഥാനത്ത് ഇരിക്കുന്ന ആളാണ്. അദ്ദേഹം ആ ഡിപ്പാർട്ടുമെന്റിലുള്ള ഒരു വിഭാഗത്തിന്റെ ചുമതലകൂടി നേരിട്ട് ഏറ്റെടുത്തു കഴിഞ്ഞാൽ അത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷൻ ആഗ്രഹമുണ്ടെങ്കിൽ ഞാൻ ആ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ മന്ത്രി ചെയർമാനായിരുന്നുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിനെ എങ്ങനെയാണ് കാര്യക്ഷമമായി നടത്താൻ കഴിയുന്നത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. സാങ്കേതിക വിദഗ്ദ്ധൻമാരുടെ അഭിപ്രായത്തെ മാനിക്കുന്നില്ലെന്ന് പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. പല സാധനങ്ങളും വാങ്ങിക്കാൻ പാടില്ലെന്ന് സാങ്കേതിക വിദഗ്ദ്ധൻമാർ നിർദ്ദേശം കൊടുത്തിട്ടുള്ളതിനെ, സാങ്കേതിക വിദഗ്ദ്ധൻമാർ റിപ്പോർട്ട് എഴുതി വച്ചിട്ടുള്ളതിനെ, മറികടന്നുകൊണ്ട്, അവഗണിച്ചുകൊണ്ട് മന്ത്രിക്ക് ഇഷ്ടമുള്ള കമ്പനിയിൽനിന്ന് സാധനങ്ങൾ വാങ്ങിക്കാൻ നിർദ്ദേശം കൊടുത്തിരിക്കുന്നു. മന്ത്രി ചെയർമാനായിരിക്കുമ്പോൾ ആ ബോർഡിലുള്ള ഒരാൾക്ക് ഇത് ശരിയല്ല, രാജ്യത്തെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശമാണ് മന്ത്രിയുടെ ഭാഗത്തുനിന്ന് വന്നിരിക്കുന്നതെന്ന് നിഷേധിക്കാൻ കഴിയുമോ? നോമിനേറ്റഡ് ബോർഡാണ്. ഇതിൽ ഒരു ഹരിജനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രതിനിധിയായിട്ട് മറ്റൊരു നോമിനിയുണ്ട് ഇവരെല്ലാം മന്ത്രിയുടെ കയ്യിലിരിക്കുന്ന ആളുകളാണ്. അവർക്ക് ആർക്കും സ്വതന്ത്രമായി അഭിപ്രായം പറയാൻ കഴിയുകയില്ല മന്ത്രി ചെയർമാനായാൽ. എൻറെ നിയോജക മണ്ഡലത്തിൽ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ഉള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതിനുള്ള തറക്കല്ലിടുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിച്ചു. അദ്ദേഹം വരാമെന്ന് സമ്മതിച്ചു. അദ്ദേഹം എൻറെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിൻറെ ഉദ്യോഗസ്ഥൻമാരോട് കാണിച്ച സമീപനം എന്താണെന്നറിയാൻ വച്ചാൽ അടിമ വ്യാപാരം നിലനിന്ന കാലഘട്ടത്തെക്കുറിച്ച് ചരിത്രത്തിൽ പഠിച്ചിട്ടുണ്ട് അതുപോലെയാണ്. നമ്മുടെ കൊച്ചു സംസ്ഥാനത്തിൻറെ ചില ഭാഗങ്ങളിൽ അടിമ വ്യാപാരം നിലനിൽപ്പുണ്ട്. അടിമകളെ വിലയ്ക്ക് വാങ്ങിച്ച മുതലാളി, ജന്മി അടിമകളോട് എങ്ങനെയാണോ പെരുമാറുന്നത് അതുപോലെയാണ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരോട് മന്ത്രി പെരുമാറുന്നത്. എങ്ങനോട് അപമര്യാദയായിട്ടൊന്നും പെരുമാറിയില്ല. ഉദ്യോഗസ്ഥൻമാരെ അടിമകളെപ്പോലെ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു ഡിപ്പാർട്ടുമെൻറിനെ കൈയ്ക്കരുത്ത് വയ്ക്കണമെന്നാണ് ആഗ്രഹമെങ്കിൽ ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതുകൊണ്ട് ബുദ്ധിമുട്ട് ഒന്നുമില്ല. ഒരു പക്ഷേ ശ്രീ. എം. പി. ഗംഗാധരൻ നാളെ മന്ത്രിയല്ലാതായാലോ? ഇപ്പോഴത്തെ കെ. പി. സി. സി. പ്രസിഡൻറാക്കുമെന്ന് ജനസംസാരമുണ്ട്. ആരോപണങ്ങൾ വളരെയധികം വന്ന സാഹചര്യത്തിൽ അദ്ദേഹത്തെ മാറ്റണമെന്ന ചിന്താഗതി ഉത്തരവാദപ്പെട്ട ആളുകളുടെ ഇടയിൽ നിലവിലിരിക്കുന്ന സാഹചര്യത്തിൽ അത് നടപ്പാവുകയോ നടപ്പാവാതിരിക്കുകയോ ചെയ്യട്ടെ അങ്ങനെയൊരു സന്ദർഭം വന്നാൽ ശ്രീ. എം. പി. ഗംഗാധരന് ഇതിൻറെ ഔചിത്യത്തെക്കുറിച്ച് ചോദ്യം ചെയ്യാൻ ആത്മാഭിമാനമുണ്ടാകുമോ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഡെപ്യൂട്ടി സ്പീക്കർ)

ഇവിടെ എന്തിനുവേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവന്നു? ഇതിൽ ഒരുപാട് അസാംഗത്യം ഉണ്ടായിരിക്കുമ്പോൾ, ഇത് ഭംഗിയായി കൈകാര്യം ചെയ്യുന്നതിന് ഒരുപാട് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുമ്പോൾ ചെയർമാൻ സ്ഥാനത്തുനിന്നും മാറിനിന്നിട്ട് അതിൻറെ ഒരു മേൽനോട്ടം പോരേ?

LIBRARY ARCHIVES Kerala Legislative Assembly

ഫംഗ്ഷൻസ് ഓഫ് ദ് പി. എസ്. സി. ആക്ട് അമൻറ് ചെയ്യുകയോ മറെറാരു ലജിസ്ലേഷൻ ഈ നിയമസഭയിൽ ഉണ്ടാക്കുകയോ ചെയ്യണം. അല്ലാതെ കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: ഞാൻ പറഞ്ഞത് അതല്ല. ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കണം. നിയമനാധികാരം മന്ത്രിയുടെ കൈയിലിരിക്കുമ്പോഴും, ആ നിയമനത്തിൽ പി.എസ്.സി. പാലിക്കുന്ന പൊതുതത്വങ്ങളും ഈ നിയമനത്തിലും പാലിക്കുമെന്ന് ഒരു ക്ലോസ് ഇതിൽ എഴുതി ചേർക്കാമായിരുന്നു. അത് ചെയ്തിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്. ഈ രാജ്യത്തെ ജലത്തെ മുഴുവൻ മലിനജലമാക്കുന്ന ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ശുദ്ധജല വിതരണമെന്നൊക്കെ ഇതിൻെറ ഒരു ഭാഗമായിട്ട് എഴുതി ചേർത്തു എന്നേയുള്ളൂ. അഞ്ച് വർഷങ്ങൾക്കു മുമ്പ് വരെ നമ്മൾ ശബ്ദം സരസ്വതി എന്ന് കേട്ടിട്ടുണ്ട്. നമ്മൾ പഠിച്ചിട്ടുള്ളതും അതാണ്. അതായത് ശബ്ദത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. പക്ഷേ അഞ്ച് വർഷങ്ങൾക്കുമുമ്പ് ഒരു കോടതി വിധി വന്നിരിക്കുന്നു, ശബ്ദം അന്തരീക്ഷ മലിനീകരണമാണെന്ന്. അതുപോലെ വെള്ളം കൊണ്ട് ഈ രാജ്യം മലിനമാകുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ നിയമം നടപ്പിൽ വന്നാൽ ഉണ്ടാവാൻ പോകുന്നത്. ഈ കാര്യം ബഹുമാനപ്പെട്ട ചെയറും ദൂരെകൂട്ടി കാണേണ്ടതാണ്. ബഹുമാനപ്പെട്ട ചെയർതന്നെ (ഡെപ്യൂട്ടി സ്പീക്കർ) പലപ്പോഴും വളരെ വികാരഭരിതനായി, ആവേശഭരിതനായി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ശ്രീ. ജേക്കബ് ചേട്ടനെ നോക്കിക�ൊണ്ട്, ഡെപ്യൂട്ടി സ്പീക്കറുടെ പ്രേതം ഒഴുകുന്ന കാഴ്ച കാണാൻ ഇടയാക്കരുത് എന്നു വരെ സൂചിപ്പിക്കുന്നത് കേട്ടു. അതുപോലെ ഇങ്ങനെ ഒരു നിയമം ഈ രാജ്യത്ത് പാസ്സാക്കി കഴിഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി മറെറാരു പാരുഷ്യായി ഒരുപക്ഷേ ഏതാനും കാലം വിലസിയെന്നിരിക്കാം. പക്ഷേ അതുകഴിഞ്ഞാൽ ഈ പാരുഷ്യായുടെ സ്ഥാനത്തു വരുന്ന മറെറാരാളിനെ ചോദ്യം ചെയ്യേണ്ട ഒരു വരുപ്പ് ശ്രീ. ഗംഗാധരൻ മന്ത്രിയായിരിക്കുമ്പോൾ എഴുതി ചേർക്കേണ്ട ഒരു ബാദ്ധ്യതയുണ്ട്.

അതുപോലെതന്നെ കുറെകൃത്യങ്ങൾ കോമ്പോണ്ട് ചെയ്യാനാണ്. ഞാൻ മറെറ വകുപ്പുകളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ഇതിനകത്ത് കോമ്പോണ്ട് ചെയ്യാൻ ഒരു വകുപ്പ് എഴുതിവച്ചിട്ടുണ്ട്. ഒരു ഉദ്യോഗസ്ഥൻ പറയുകയാണ്, നിങ്ങൾ കുറ്റം ചെയ്തു. ഇവിടെ ജുഡീഷ്യൽ ബോഡിയുടെ തീരുമാനത്തെ എന്നതുപോലെ ഞാൻ ഇത് സമ്മതിക്കുകയില്ലായെന്ന് ഒരാൾ തീരുമാനമെടുത്താൽ ഏത് കോടതിയിൽ കൊടുക്കാനാണ്? ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണനോട് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യം ചോദിക്കുന്നതു കേട്ടു. അതായത്, പോലീസിനു മാത്രമേ അറസ്റ്റ് ചെയ്യാനുള്ള അധികാരമുള്ളൂയെന്ന്. അല്ല. ഒരു അഭിഭാഷകനെന്ന നിലയിൽ ഞാൻ പറയുകയാണ്. പൗരബോധമുള്ള ആർക്കും എതെങ്കിലുമൊരു കുറ്റകൃത്യം ആരെങ്കിലും ചെയ്യുന്നത് കണ്ടാൽ അതിനെ തടസ്സപ്പെടുത്താനും വേണമെങ്കിൽ അയാളെ പിടിച്ച് പോലീസിൽ ഏൽപ്പിക്കാനും അവകാശമുണ്ട്. പക്ഷേ ഈ നിയമം വച്ചുകൊണ്ട് ഒരാളെ അറസ്റ്റ് ചെയ്തത് എവിടെയാണ് ഹാജരാക്കാൻ പോകുന്നത്? എനിക്ക് അറിഞ്ഞുകൂടാ. ഇതിന് ആര് ചാർജ് ഷീറ്റ് തയ്യാറാക്കും. സാധാരണ ഗതിയിൽ, സാമാന്യബോധമുള്ള ഒരാൾ നിയമനിർമ്മാണം നടത്തുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രി ഒരു അഡ്വക്കേറ്റ് എന്ന നിലയിൽ അതെങ്കിലും പരിഗണിക്കാനുള്ള സാവകാശം കാണിക്കണമെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇതിന

LIBRARY ARCHIVES Kerala Legislative Assembly

കേട്ടല്ലോ. ശ്രീ. പന്തളം സുധാകരന് സംശയമുണ്ടെങ്കിൽ പന്തളം സുധാകരനെ കൂടി കൊണ്ടു പോകാം. നേരം തെരഞ്ഞെടുപ്പിന് വന്നപ്പോഴേ അദ്ദേഹം പല സ്ഥലങ്ങളും കണ്ടിരിക്കും. ഒരു തുള്ളി വെള്ളമില്ലാതെ മരുഭൂമി പോലെ കിടക്കുന്ന സ്ഥലങ്ങളും. ശ്രീ. പന്തളം സുധാകരൻ കണ്ടതാണ്. അതുകൊണ്ട് അദ്ദേഹത്തിന് സംശയമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അഥവാ സംശയമുണ്ടെങ്കിൽ അദ്ദേഹത്തേയും നേരിട്ട് കൊണ്ടു ചെന്ന് കാണിച്ചുകൊടുക്കാം. ഇവിടെ എന്താണെന്ന് വച്ചാൽ ജനങ്ങളുടെ മുമ്പിൽ എന്തെങ്കിലും പറഞ്ഞ് കേയ്പ്പിക്കണം. അങ്ങനെ പറഞ്ഞ് കേയ്പ്പിച്ചില്ലെങ്കിൽ ഇങ്ങനെയൊരു മന്ത്രി ഈ രാജ്യത്ത് ജീവിച്ചിരിപ്പില്ലേ എന്ന സംശയം വന്നു പോകും. അതിന്റെ ഭാഗമായിട്ട് കുറച്ച് ദിവസം മുമ്പ് ഓരോരുത്തർക്കും വളരെ സൗഹൃദമായിട്ട്, പ്രിയ സുഹൃത്തേ! എന്ന് പറഞ്ഞ് ഒരു എഴുത്ത് അദ്ദേഹം അയച്ചു. അതിൽ അദ്ദേഹത്തിന്റെ മനോഹരമായ ചിത്രം കൂടി അച്ചടിച്ച് അയച്ചു. അഡ്വർടൈസ്മെന്റ് വേണ്ടായെന്ന് ഞാൻ പറയുകയില്ല. ഹോർലിക്സിനു് അഡ്വർടൈസ്മെന്റ് ഇല്ലെങ്കിൽ വിൽപ്പന ഇല്ലാതായി പോകുമോ? എങ്കിലും അതിനു് അഡ്വർടൈസ്മെന്റ് ഉണ്ട്. ശ്രീ. ഗംഗാധരൻ ഉറക്കെയുറക്കെ പറഞ്ഞാലും അദ്ദേഹത്തിന് പ്രചാരം പോരായെന്ന് തോന്നിയാൽ അദ്ദേഹം പടം വച്ച് നോട്ടീസ് അച്ചടിച്ച് ഇറക്കുന്നതിലൊന്നും പരാതിയില്ല. പക്ഷേ ഈ ബോർഡിന്റെ ഗതി എവിടെ ചെന്നെത്തും? ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനിൽ 15 പേർ ഉള്ളപ്പോഴേ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ എല്ലാ ആട്ടോണമസ് ബോഡികളും അതിന്റെ ജനാധിപത്യ സ്വഭാവം നിലനിർത്തുന്നതിനുവേണ്ടി പി. എസ്. സി. മുഖാന്തിരം നിയമനങ്ങൾ നടത്തേണ്ടതാണ്. ഈ ബോർഡിലേക്ക് ആവശ്യമുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കുമ്പോഴേ, ജനാധിപത്യ മര്യാദ ഈ രാജ്യത്ത് നിലവിലിരിക്കുന്ന സാഹചര്യത്തിൽ, വീക്കർ സെക്ഷൻസിന് പ്രാതിനിധ്യം കിട്ടത്തക്കവിധത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതായിരുന്നു. നാട്ടിൽ ഇറങ്ങി നടന്നാൽ ലജ്ജിപ്പിക്കുന്ന കഥകളാണ് കേൾക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിൽ നിയമനം നേരിട്ട് നടത്താൻ തീരുമാനിച്ചു. അതിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പാലിക്കുന്ന ആ നിബന്ധനകൾ പോലും പാലിക്കുമെന്നുള്ള ഒരു വകുപ്പ് ഇതിനകത്തില്ല. പി. എസ്. സി. യുടെ എക്സിസ്റ്റിംഗ് റൂൾസ് ആൻഡ് റഗുലേഷൻസ് അനുസരിച്ച് ഇതിൽ നിയമനം നടത്തുമെന്ന ഒരു വാചകം എഴുതി ചേർക്കാൻ പോലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല.

ശ്രീ. എം. പി. ഗംഗാധരൻ: എഴുതി ചേർക്കാൻ കഴിയുകയില്ല. അതിനു് അഡീഷണൽ ഫംഗ്ഷൻസ് ഓഫ് ദി പി. എസ്. സി. ആക്ട് അമെൻഡ് ചെയ്യാൻ കഴിയുന്ന ഒരു നിയമം ഉണ്ടാക്കണം.

ശ്രീ. എസ്. ആർ. രാജരാജ്: ഇതിൽ ഗവൺമെന്റ് നിശ്ചയിക്കുമെന്നാണ് പറയുന്നത്. ഗവൺമെന്റ് നിശ്ചയിക്കുമെന്നു പറയുന്നത് എങ്ങനെയാണ്? നിങ്ങൾക്ക് ഇഷ്ടമുള്ളവരെ എടുക്കാനുള്ള അധികാരം നിങ്ങൾക്കുണ്ട്.

ശ്രീ. എം. പി. ഗംഗാധരൻ: നമ്മൾ ഒരു ആട്ടോണമസ് ബോർഡോ കോർപ്പറേഷനോ ഉണ്ടാക്കുമ്പോൾ അപ്പോയിന്റിംഗ് അതോറിറ്റി ആ ബോർഡിന് ചെയ്യാം എന്നല്ലാതെ പി.എസ്.സി.യ്ക്ക് കൊടുക്കണമെങ്കിൽ അഡീഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഫംഗ്ഷൻസ് ഓഫ് ദ് പി. എസ്. സി. ആക്ട് അമൻഡ് ചെയ്യുകയോ മറെറാരു ലജിസ്ലേഷൻ ഈ നിയമസഭയിൽ ഉണ്ടാക്കുകയോ ചെയ്യണം. അല്ലാതെ കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്:- ഞാൻ പറഞ്ഞത് അതല്ല. ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കണം. നിയമനാധികാരം മന്ത്രിയുടെ കൈയിലിരിക്കുമ്പോഴും, ആ നിയമനത്തിൽ പി.എസ്.സി. പാലിക്കുന്ന പൊതുതത്വങ്ങൾ ഈ നിയമനത്തിലും പാലിക്കുമെന്ന് ഒരു ക്ലോസ് ഇതിൽ എഴുതി ചേർക്കാമായിരുന്നു. അത് ചെയ്തിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്. ഈ രാജ്യത്തെ ജലത്തെ മുഴുവൻ മലിനജലമാക്കുന്ന ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ശുദ്ധജല വിതരണമെന്നൊക്കെ ഇതിന്റെ ഒരു ഭാഗമായിട്ട് എഴുതി ചേർത്തു എന്നേയുള്ളു. അഞ്ച് വർഷങ്ങൾക്കു മുമ്പ് വരെ നമ്മൾ ശബ്ദം സരസ്വതി എന്ന് കേട്ടിട്ടുണ്ട്. നമ്മൾ പഠിച്ചിട്ടുള്ളതും അതാണ്. അതായത് ശബ്ദത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. പക്ഷേ അഞ്ച് വർഷങ്ങൾക്കുമുമ്പ് ഒരു കോടതി വിധി വന്നിരിക്കുന്നു, ശബ്ദം അന്തരീക്ഷ മലിനീകരണമാണെന്ന്. അതുപോലെ വെള്ളം കൊണ്ട് ഈ രാജ്യം മലിനമാകുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ നിയമം നടപ്പിൽ വന്നാൽ ഉണ്ടാകാൻ പോകുന്നത്. ഈ കാര്യം ബഹുമാനപ്പെട്ട ചെയറും ദൂരെകൂട്ടി കാണേണ്ടതാണ്. ബഹുമാനപ്പെട്ട ചെയർതന്നെ (ഡെപ്യൂട്ടി സ്പീക്കർ) പലപ്പോഴും വളരെ വികാരഭരിതനായി, ആവേശഭരിതനായി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ശ്രീ. ജേക്കബ് ചേട്ടനെ നോക്കി കൊണ്ട്, ഡെപ്യൂട്ടി സ്പീക്കറുടെ പ്രേതം ഒഴുകുന്ന കാഴ്ച കാണാൻ ഇടയാക്കരുത് എന്നു വരെ സൂചിപ്പിക്കുന്നത് കേട്ടു. അതുപോലെ ഇങ്ങനെ ഒരു നിയമം ഈ രാജ്യത്ത് പാസ്സാക്കി കഴിഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി മറെറാരു പാട്ടുഷയായി ഒരുപക്ഷേ ഏതാനും കാലം വിലസിയെന്നിരിക്കാം. പക്ഷേ അതുകഴിഞ്ഞാൽ ഈ പാട്ടുഷായുടെ സ്ഥാനത്തു വരുന്ന മറെറാരാളിനെ ചോദ്യം ചെയ്യേണ്ട ഒരു വകുപ്പ് ശ്രീ. ഗംഗാധരൻ മന്ത്രിയായിരിക്കുമ്പോൾ എഴുതി ചേർക്കേണ്ട ഒരു ബാദ്ധ്യതയുണ്ട്.

അതുപോലെതന്നെ കുറെകൃത്യങ്ങൾ കോമ്പോണ്ട് ചെയ്യാനാണ്. ഞാൻ മറെറ വകുപ്പുകളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ഇതിനകത്ത് കോമ്പോണ്ട് ചെയ്യാൻ ഒരു വകുപ്പ് എഴുതിവച്ചിട്ടുണ്ട്. ഒരു ഉദ്യോഗസ്ഥൻ പറയുകയാണ്, നിങ്ങൾ കുറെ ചെയ്തു. ഇവിടെ ജുഡീഷ്യൽ ബോഡിയുടെ തീരുമാനത്തെ എന്നതുപോലെ ഞാൻ ഇത് സമ്മതിക്കുകയില്ലായെന്ന് ഒരാൾ തീരുമാനമെടുത്താൽ ഏത് കോടതിയിൽ കൊടുക്കാനാണ്? ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണനോട് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യം ചോദിക്കുന്നതു കേട്ടു. അതായത്, പോലീസിനു മാത്രമേ അറസ്റെറ ചെയ്യാനുള്ള അധികാരമുള്ളോയെന്ന്. അല്ല. ഒരു അഭിഭാഷകനെന്ന നിലയിൽ ഞാൻ പറയുകയാണ്. പൗരബോധമുള്ള ആർക്കും എതെങ്കിലുമൊരു കുറെ കൃത്യം ആരെങ്കിലും ചെയ്യുന്നത് കണ്ടാൽ അതിനെ തടസ്സപ്പെടുത്താനും വേണമെങ്കിൽ അയാളെ പിടിച്ച് പോലീസിൽ ഏൽപ്പിക്കാനും അവകാശമുണ്ട്. പക്ഷേ ഈ നിയമം വച്ചുകൊണ്ട് ഒരാളെ അറസ്റെറ ചെയ്തത് എവിടെയാണ് ഹാജരാക്കാൻ പോകുന്നത്? എനിക്ക് അറിഞ്ഞുകൂടാ. ഇതിനു ആര് ചാർജ് ഷീറെറ തയ്യാറാക്കും. സാധാരണ ഗതിയിൽ, സാമാന്യബോധമുള്ള ഒരാൾ നിയമനിർമ്മാണം നടത്തുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രി ഒരു അഡ്വക്കേറെറ എന്ന നിലയിൽ അതെങ്കിലും പരിഗണിക്കാനുള്ള സാവകാശം കാണിക്കണമെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇതിന

LIBRARY ARCHIVES Kerala Legislative Assembly

ചാർജ്ജ് ഷീറ്റ് തയ്യാറാക്കി കൊടുക്കണം. ചാർജ്ജ് ഷീറ്റ് തയ്യാറാക്കി കൊണ്ടു വരുമ്പോൾ കോമ്പോണ്ട് ചെയ്യാനാണ് വകുപ്പ് എഴുതി വച്ചിട്ടുള്ളത്. കോമ്പോണ്ട് ചെയ്യാൻ തയ്യാറായില്ലെങ്കിൽ അത് എവിടെ കൊണ്ടു ചെന്നു കൊടുത്ത് തീർക്കണമെന്നുള്ളതിന് ഇതിൽ വകുപ്പില്ല.

അതുപോലെതന്നെ ഇതിൽ ഒഫൻസ് എന്നുപറയുമ്പോൾ, കുറ്റ കൃത്യങ്ങൾ എന്നുപറയുമ്പോൾ സി. ആർ. പി. സി. യിൽ കോഗ് നൈസിബിൾ, നോൺ-കോഗ്നൈസിബിൾ ബെയിലബിൾ, നോൺ ബെയിലബിൾ ഇങ്ങനെ പല വകുപ്പുകൾ എഴുതി വച്ചിട്ടുണ്ട്. ഇതിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട കുറ്റകൃത്യങ്ങൾ കോഗ്നൈസിബിളായിട്ടുവരും, ഏതെല്ലാം നോൺ-കോഗ്നൈസിബിൾ ആയിട്ടുവരും, ഏതെല്ലാം ബെയിലബിളായിട്ടുവരും ഏതെല്ലാം നോൺ-ബെയിലബിളായിട്ടുവരും ഇതെല്ലാം നമ്മൾ വിശാലമായിട്ടെഴുതിച്ചേർക്കണം. ഇത് എന്തെങ്കിലും ഒന്ന് എഴുതിവച്ചിട്ട് അതിന് പ്രസിഡൻറിന്റെ കൺസെൻറ് കിട്ടിക്കഴിഞ്ഞാൽ അത് നിയമമായിക്കഴിഞ്ഞു. നമുക്ക് ഇത് ഏതുകോടതിയിലും കൊണ്ടുചെന്ന് കൊടുത്തുകൂടായാം എന്നൊന്നും വിചാരിക്കുവാൻ ഒക്കുകയില്ല. ഈ മാതിരി ഒരു നിയമമുണ്ടാക്കുമ്പോൾ ഒരു പ്രൈബ്യൂണൽ ഉണ്ടാക്കേണ്ടതാണ്. ഇത് ആതറൈസ്ഡ് ആഫിസർ പറയുന്നതനുസരിച്ച് കോമ്പൗണ്ട് ചെയ്യാൻ വകുപ്പ് എഴുതിവച്ച് കോമ്പൗണ്ട് ചെയ്താൽ ഇവിടെയുള്ള എല്ലാ ആളുകളും ഇതെല്ലാം കേട്ടുകൊണ്ട് ഇരുന്നുകൊള്ളുമെന്ന് ബഹുമാനപ്പെട്ട ഗംഗാധരൻ മനസ്സുകൊണ്ട് വിചാരിച്ചിട്ടുണ്ടെങ്കിൽ ഈ നിയമം അദ്ദേഹത്തിന് കക്ഷത്തിലടുക്കിക്കൊണ്ട് നടക്കാനല്ലാതെ ഈ രാജ്യത്ത് നടപ്പിലാക്കുവാൻ ഒക്കുകയില്ല. ഒരു കാലാവധി നിശ്ചയിച്ചുനിയമിക്കും. കാലാവധി മൂന്നോ നാലോ വർഷമെന്നുള്ളതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതിനെക്കുറിച്ചെല്ലാം ശ്രീമാൻ വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. അത് ഈ അസംബ്ലിയിലുള്ളതുപോലെ പഞ്ചായത്തിലുള്ളതുപോലെ അഞ്ചു വർഷമായിരിക്കുന്നതാണ് നല്ലത്. മന്ത്രിയുടെ മുമ്പിൽചെന്ന് തല ചൊറിഞ്ഞ് രാഷ്ട്രീയസ്വാധീനം ചെലുത്തി ഇക്കാലത്തേയ്ക്ക് നിയമിച്ച ഒരാൾ ചെയർമാൻ പറയുന്നതനുസരിച്ച് ഇഷ്ടമുള്ളവരുടെപേരിൽ കേസെടുക്കും. അദ്ദേഹം എന്തെങ്കിലും ആരോടെങ്കിലും ഒരുകാലത്ത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, എന്തെങ്കിലും ഒരഭിപ്രായം പറഞ്ഞത് മാനിക്കാതിരുന്നിട്ടുണ്ടെങ്കിൽ അയാൾക്കെതിരെ വൈരനിര്യാതനബുദ്ധിയോടുകൂടി പെരുമാറണമെന്ന് ആഗ്രഹിച്ചാൽ അതിനൊക്കെ സാധിക്കും. അതിനെ എതിർക്കണമെന്നുണ്ടെങ്കിൽ ഒരു വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി യെന്നുപറയുന്നത് ഒരു ഇൻഡിപ്പെൻഡൻറ് ബോഡിയായിരിക്കണം. അല്ലെങ്കിൽ പിന്നെയെന്തിനാണ് ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും. ഇൻഡിപ്പെൻഡൻറ് ആയിരിക്കണമെന്ന് പറയുന്നത് ഓരോന്നിന്റെയും അധികാരം മറ്റൊന്നിലേയ്ക്ക് കടന്നുചെല്ലരുത്, ഓരോന്നും അങ്ങോട്ടുകയറി ആക്രമിച്ച് ഈ രാജ്യത്തിന്റെ ഭദ്രമായനില മുന്നോട്ടുപോകുന്നതിനുള്ള തടസ്സമുണ്ടാക്കരുത്. ആട്ടോണമസ് ബോഡി യെന്ന് പറഞ്ഞിട്ട് ഇതിന്റെ തലപ്പത്തിരിക്കുന്നതാരാണ് എന്ന് ഞാൻ ചോദിക്കുകയാണ്. ഉദ്യോഗസ്ഥൻമാരുടെപേരിൽ മന്ത്രി കൊടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനല്ലാതെ, മന്ത്രി ഒരു അഭിപ്രായം പറഞ്ഞാൽ 'രാമ രാമാ' എന്നുപറഞ്ഞുകൊണ്ട് 'അതെയതെ' എന്നുപറയാനല്ലാതെ അങ്ങനെയല്ല, അത് ശരിയല്ല എന്ന് ഉദ്യോഗസ്ഥൻമാർക്ക് പറയുവാനുള്ള തൻേടമോ ധൈര്യമോ ഉണ്ടാകുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്, ഇല്ലെങ്കിലും.....

[5 P. M.]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: മന്ത്രി ചെയർമാനായാലും ആ ബോർഡിൽ ഫൈനാൻസ്, ലോക്കൽ അഡ്മിനിസ്ട്രേഷൻ, പി. എച്ച്. ഇ. ഡി. തുടങ്ങിയിടത്തുള്ള സെക്രട്ടറിമാരുമുണ്ട്. ഈ സെക്രട്ടറിമാർക്ക് മന്ത്രി ചെയർമാനായതുകൊണ്ട് അതാതുകാര്യങ്ങളിൽ അഭിപ്രായങ്ങൾ പറയുവാൻ കഴിയില്ലായെന്നാണോ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ പാർലമെന്ററി സമ്പ്രദായം നടക്കുമോ? മുഖ്യമന്ത്രിയുടെയും ബാക്കിയുള്ള മന്ത്രിമാരുടെയുമെല്ലാം ഉദ്യോഗസ്ഥൻമാരെല്ലാം ഞങ്ങൾക്ക് താഴെയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇത് കേട്ടാൽതോന്നും ഈ രാജ്യത്തെ ജനപ്രതിനിധികളാരും ഇവിടത്തെ സെക്രട്ടറിമാരെ കണ്ടിട്ടില്ലെന്ന്. സെക്രട്ടറിമാർ ഈ മന്ത്രിമാരുടെ മുമ്പിൽച്ചെന്ന് ഓച്ഛാനിച്ചുനിൽക്കുന്നതു കാണുമ്പോഴാ ലജ്ജ തോന്നുകയാണ്. അവർക്ക് അഭിപ്രായം പറയാൻ തന്റേടം ഉണ്ടോയെന്നാണ് എന്റെ ചോദ്യം. ഈ ഉദ്യോഗസ്ഥൻമാർ തന്റേടമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ രാജ്യത്ത് ഒരു കുഴപ്പവുമുണ്ടാകുമായിരുന്നില്ല. ഉദ്യോഗസ്ഥൻമാരെ ഇങ്ങനെ വാലാട്ടികളാക്കി നിറുത്തി സ്ഥാനമാനങ്ങൾ കൊടുക്കുന്നതുകൊണ്ടാണ് ഇവിടെ പ്രശ്നങ്ങളുണ്ടാകുന്നത്. ഈ ബോർഡിലുള്ള ഏഴുപേരിൽ ആറുപേരും മന്ത്രിയുടെ ആൾക്കാരാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ആജ്ഞകൾ അനുസരിക്കാത്ത ഉദ്യോഗസ്ഥൻമാർക്കുണ്ടായ ഗതികേട്.

ശ്രീ. എസ്. ആർ. തങ്കരാജ്: അറിയാം, എനിക്ക് നേരിട്ടറിയാം. എന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ഒരാളോട് അടിമയോട് പെരുമാറുന്നതിനേക്കാൾ ഹീനമായ വിധത്തിൽ പെരുമാറി. അദ്ദേഹത്തിന് നിഷേധിക്കുവാൻ കഴിയില്ല. അദ്ദേഹം ഇരുന്ന സ്ഥാനത്തുനിന്നും ഇപ്പോൾ എവിടെയാണെന്ന് ഞാൻ പിന്നെ അന്വേഷിച്ചില്ല; എനിക്കതിന്റെ ആവശ്യമില്ലല്ലോ? അദ്ദേഹത്തിനറിയാം ഇന്ന് ആ ഉദ്യോഗസ്ഥനെവിടെയാണെന്ന്. അപ്പോൾ അതാണ് സ്ഥിതി. യജമാനൻ ജോലിക്കാരോട് പറയുന്നതുപോലെ മന്ത്രിമാർ പറയുന്ന കാര്യങ്ങൾ നടത്താൻവേണ്ടി ഒരു വിഭാഗമാളുകളെ കൂട്ടിയിണക്കിക്കൊണ്ടു പോകുകയാണ്. സ്ഥാനം തുടർന്നുകൊണ്ടുപോകണ്ടേ?

ഇനി ഒരു വകുപ്പുകൂടിയിതിൽ ഉണ്ട്. സർക്കാരിനാവശ്യമെന്നു തോന്നുമ്പോൾ ഇതിന്റെ കാലാവധി ടെർമിനേറ്റ് ചെയ്യാം. ഈ വകുപ്പിനെ ഒന്ന് ചൂണ്ടിക്കാണിച്ചാൽ മതി. മന്ത്രി പറയുന്നത് മുഴുവനും സുഗ്രീവാജ്ഞപോലെ ഇവിടുത്തെ ഉദ്യോഗസ്ഥൻമാർ വിറച്ചുകൊണ്ട് ചെയ്യത്തക്ക രീതിയിൽ ഒരു വകുപ്പുകൂടി ഇതിൽ എഴുതിച്ചേർത്തുവച്ചിട്ടുണ്ട്. അതൊന്നും മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടോയെന്ന് എനിക്കറിയില്ല. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥൻമാരെ നിലയ്ക്കുനിറുത്തികിട്ടുന്ന നക്കാപിച്ച വാങ്ങിച്ചുകൊണ്ട് ഈ പറയുന്നത് കേട്ടുകൊള്ളണമെന്നു പറയുന്നതിന്റെ ഒരു ഭാഗമായിട്ടുള്ളതാണ് ഈ നിയമം. മൊത്തത്തിൽ നോക്കുമ്പോൾ ജനകീയ സ്വഭാവം അടുത്തുകൂടിപ്പോലും പോയിട്ടില്ലാത്ത ഒരു നിയമമാണിത്. നാടു മുഴുവൻ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണിത്. അദ്ദേഹം അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. എൻ. ഐ. സി. പോലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ ആവർത്തിച്ചാവർത്തിച്ചാവശ്യപ്പെട്ടിട്ടും നമ്മുടെ രാജ്യത്ത് വാട്ടർ സപ്ലൈ സ്കീം വളരെക്കുറച്ച് മാത്രമേ ഇന്ന് നടപ്പിലാക്കിയിട്ടുള്ളൂ. തീർച്ചയായും ഈ രാജ്യത്തെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കും, ഈ കൊച്ചു കേരളത്തിലെ രണ്ടേമുക്കാൽകോടി ജനങ്ങൾക്കും ശുദ്ധജലമെത്തിച്ചുകൊടുത്തേ തീരൂ. അക്കാര്യത്തിൽ സംശയമൊന്നുമില്ല. കേരളത്തിലെന്നുമാത്രമല്ല, ഇന്ത്യയിലെന്നു മാത്രമല്ല, ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിൽനിന്നും ആവശ്യമായ സമ്പത്ത് നമുക്ക് കിട്ടേണ്ടതാണ്. അതിനെ നേടിയെടുക്കുകയും വേണം. പക്ഷേ അങ്ങനെ നേടിയെടുക്കാൻ എന്ന പേരു പറഞ്ഞുകൊണ്ട് ഒരു നിയമമുണ്ടാക്കുമ്പോൾ ആ നിയമത്തിൽ ഒന്നുമില്ലെങ്കിലും ജനകീയ സ്വഭാവമുണ്ടായിരിക്കണം. ജനങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു നിയമമാണെന്നു തോന്നണം. ജനങ്ങളുടെ ഉപയോഗത്തിനുവേണ്ടിയാണ് ഈ നിയമമെഴുതിയുണ്ടാക്കിയിരിക്കുന്നത് എന്നു തോന്നണം. നമ്മളെല്ലാം ഇവിടെ നിന്നു സംസാരിക്കുമ്പോൾ ഈ രാജ്യത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളുടെ പുറത്തു ചവുട്ടിനിന്നാണ് സംസാരിക്കുന്നത്. അവരാണ് ഇതിന്റെ മുഴുവൻ അടിസ്ഥാനം. അവർക്കുവേണ്ടിയാണ് നമ്മൾ സംസാരിക്കുന്നത്. അവർക്കു വേണ്ടിയാണ് പ്രവർത്തിക്കേണ്ടത്. അവരുടെ അദ്ധ്വാനത്തിന്റെ പണമാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. ജനങ്ങളിൽ നിന്നു വരുന്ന പണം എവിടെനിന്നെടുത്താലും ശരി എവിടെനിന്നോ ഗ്രാന്റായി കിട്ടിയാലും ശരി അവർക്കുവേണ്ടി വിനിയോഗിക്കുന്നതിൽ 100 ശതമാനം സത്യസന്ധതയും ആത്മാർത്ഥതയുമുണ്ടായിരിക്കണം. അതിൽ ജനാധിപത്യ സ്വഭാവമുണ്ടായിരിക്കണം, ആ ജനകീയ സ്വഭാവം നിലനിർത്തുന്നതിനു വേണ്ടിയെങ്കിലും ഇതിൽ ഒന്നുരണ്ടു പേരെ ഇലക്ട് ചെയ്തു് എടുക്കുന്നതിനുവേണ്ടി ഒരു വകുപ്പ് എഴുതിച്ചേർക്കാമായിരുന്നു. ഇതൊക്കെ ചെയ്തിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിമാനിക്കാൻ സാധിക്കുമായിരുന്നു. 100 ശതമാനം ജനകീയ സ്വഭാവത്തോടുകൂടിയതായിരിക്കണം.

അതുപോലെതന്നെ ചെയർമാൻ മന്ത്രിയെന്നുള്ള നിലയിൽ, ആ മഹനീയ സ്ഥാനത്തിരിക്കുന്ന ഒരാളെന്ന നിലയിൽ ഇതിന്റെ ചെയർമാൻ സ്ഥാനം ഞാൻ അലങ്കരിക്കുന്നത് ഭംഗിയല്ലായെന്നു പറഞ്ഞുകൊണ്ട് മറ്റൊരു ചെയർമാനെ നിയമിക്കുകയെന്നുള്ളതും അതിന്റെ ഭാഗംതന്നെയാണ്. പിന്നെ ഈ ശിക്ഷാവിധിയെക്കുറിച്ചൊക്കെ അദ്ധേഹത്തിന് ഞാൻ പറഞ്ഞതൊക്കെ മനസ്സിലായിക്കാണുമെന്നാണ് എന്റെ വിശ്വാസം. അതിനൊക്കെ ആവശ്യമായ കൂടുതൽ വകുപ്പുകൾ എഴുതിച്ചേർക്കണം. ഇതിൽ പ്രത്യേകമായി കോടതിയോ അല്ലെങ്കിൽ ട്രൈബ്യൂണലോ എഴുതിച്ചേർത്താൽ ഇനിയും എന്തെങ്കിലും സംശയമുണ്ടായാൽ അത് പരിഹരിക്കുവാൻ കഴിയും. ഇപ്പോഴത്തെ ഇറിഗേഷൻ വകുപ്പ് ഇൻഡിപ്പെൻഡന്റായിട്ടാണ് നിൽക്കുന്നത്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്ക് ഏതെങ്കിലും ഒരു ചാനലിലെ അല്ലെങ്കിൽ ഒരു കുളത്തിലെ വെള്ളം തുറന്നുവിടുന്നതിൽ തർക്കമുണ്ടായി അതു പരിഹരിക്കേണ്ടിവന്നുവെന്നിരിക്കട്ടെ, ഒരു വയൽ പഴുത്തുകിടക്കുമ്പോഴായിരിക്കും മറ്റൊരു വയലിൽ കതിരു വരിക. കതിരു വരുന്ന വയലിലേയ്ക്ക് വെള്ളം തുറന്നുവിട്ടാലേ ഒക്കുകയുള്ളു. ഇതിനുരണ്ടിനും പരിഹാരമുണ്ടാക്കാനായിട്ട് എഞ്ചിനീയറുടെ അടുത്തുചെന്നാൽ നേരെ പോലീസ് സ്റ്റേഷനിൽ പോകാൻ പറയും. പോലീസ് സ്റ്റേഷനിൽ ചെന്നാൽ അവിടെയും ബുദ്ധിമുട്ടാണ്. ഇവരെ വിളിച്ചുകൊണ്ടുവരണമെന്നുണ്ടെങ്കിൽ അതിനുള്ള ബുദ്ധിമുട്ടുണ്ട്. ഏതായാലും ഇങ്ങനെ ഒരു തർക്കമുണ്ടായിക്കഴിഞ്ഞാൽ ഒരു ഒഫൻസ് കമ്മീഷൻ നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ അതിനൊരു പരാതികൊടുക്കാൻ ഒരു പ്രോപ്പർ ഫോമെന്ന നിലയിൽ വകുപ്പ് എഴുതിച്ചേർക്കണം. ഇവർ നിശ്ചയിക്കുന്നതാണ് പിഴ വേണമെങ്കിൽ രണ്ടണ്ട് ഓഫീസർ എന്ന നിലയിൽ വിജിലൻസ് ഓഫീസറെന്നോ ഒരു സ്പെഷ്യൽ ഓഫീസറെന്നോ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു ഇതിൽ എഴുതിച്ചേർക്കാം. സ്പെഷ്യൽ ഓഫീസറുടെ അഭിപ്രായത്തിൽ അത് നടന്നതായി തെളിഞ്ഞിരിക്കുന്നതുകൊണ്ട് കമ്പൗണ്ട് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞാൽ കേട്ടില്ലെങ്കിൽ കോടതിയിലേക്ക് അയയ്ക്കേണ്ട വകുപ്പുകൂടി എഴുതിച്ചേർത്ത് ഇതിനെ കൂടുതൽ കാര്യക്ഷമമാക്കണം. നമ്മുടെ നാട്ടിൽ കുഴിച്ചിട്ടിരിക്കുന്നതിന് പണമൊന്നും കിട്ടിയിട്ടില്ല. പലയിടത്തും കല്ലിട്ടിട്ടുള്ളൂ. ജലമന്ത്രിക്ക് കാറിൽകൂടെ പോകുമ്പോഴെ അവിടവിടെ അദ്ദേഹത്തിന്റെ പേരു കൊത്തിയ കല്ലുകളെ കാണാം. അതൊക്കെ ഒന്ന് അടിയന്തിരമായി നടപ്പിലാക്കുന്നതിനുവേണ്ട ജനകീയ സ്വഭാവമുള്ള ഒരു നിയമമാക്കി ഇതിനെ മാറ്റുന്നത്. ഈ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിന് അയയ്ക്കണമെന്ന് ഉറച്ചുനിന്നുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ പ്രതിപക്ഷത്തുനിന്നും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളെക്കുറിച്ച് ഓറവാചകത്തിൽ എനിക്ക് ഒരു പ്രതികരണം പറയാനുള്ളത്, 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നുള്ള ഒരു നാടൻ ചൊല്ലാണ്. അതിനോടാണ് ഞാൻ ഉപമിക്കുന്നത്. വളരെ ആത്മാർത്ഥതയോടുകൂടിയാണ് ഞാൻ പറയുന്നത്. എന്റെ ആത്മാർത്ഥത ഞാൻ ഒന്നുകൂടി ഉറപ്പിക്കുകയാണ്. ഈ ബില്ലിനോടുള്ള പൊതു സമീപനം എന്താണ്? എനിക്ക് വളരെ ബഹുമാനമുള്ള ഒരു പാർലമെന്റേറിയനാണ് ശ്രീ. ആർ. എസ്. ഉണ്ണി. അദ്ദേഹം അടക്കമുള്ള ആളുകളെ ഈ ബില്ലിനോട് എടുത്തിട്ടുള്ള പൊതു സമീപനത്തോട് ഒരു ജനപ്രതിനിധി എന്ന നിലയിൽ എനിക്ക് യോജിക്കുവാൻ കഴിയുന്നില്ല. ഈ രാജ്യത്ത് എന്തുകൊണ്ടാണ് ഇങ്ങനെ ഒരു നിയമം വന്നത്. നിയമം നിയമത്തിനുവേണ്ടിയാണ്. സർ, ശ്രീ. എം. പി. ഗംഗാധരനാണ് ഇതിന്റെ മന്ത്രി. അദ്ദേഹം ഈ അതോറിറ്റിയുടെ ചെയർമാനാണ്, ഈ നിയമത്തിന്റെ പ്രത്യേകതകൊണ്ട്. നാളെ അദ്ദേഹം ഈ സംസ്ഥാനത്തെ മന്ത്രിയായിക്കൊള്ളണമെന്നില്ല. ശ്രീ. ആർ. എസ്. ഉണ്ണിയെപ്പോലെ പരിണിത പ്രജ്ഞരായ ആളുകളെപോലും കല്പാന്തകാലത്തോളം ശ്രീ. എം. പി. ഗംഗാധരൻ ഈ വകുപ്പിന്റെ മന്ത്രിയായിരിക്കും എന്ന് മനസ്സിൽ അടിഞ്ഞുകൂടിയ ഒരു സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണോ ഈ നിയമത്തെ സമീപിച്ചത് എന്നും, ഈ നിയമത്തിന്റെ ചർച്ചയിൽ പങ്കെടുത്തത് എന്നും എനിക്ക് സംശയമുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇതുപോലെ ഒരു നിയമംമൂലം സ്ഥാപിതമായ മറ്റ് അതോറിറ്റികളില്ലേ? അതിന്റെ പ്രവർത്തനത്തിൽ പൊതുജനങ്ങളെ സംബന്ധിച്ച് വരാവുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കണക്കിലെടുത്താണ് ഈ നിയമത്തെ സമീപിച്ചിട്ടുള്ളത്. ഈ നിയമം നമ്മുടെ സംസ്ഥാനത്തിന് ദോഷം ചെയ്യുന്നതാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സമീപിച്ചത്. അതു ചൂണ്ടിക്കാണിക്കേണ്ടതെ ഞങ്ങളുടെ ധർമ്മമാണ്. അതുമാത്രമേ ചെയ്തിട്ടുള്ളൂ.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിച്ചപ്പോഴും ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചപ്പോഴും പറഞ്ഞുകേട്ട വിമർശനങ്ങൾക്ക് അപ്പുറം ഈ പൊതുജനോപയോഗപ്രദമായ ശുദ്ധജലവിതരണ രംഗത്തെ പ്രവർത്തനം നിയന്ത്രിക്കാൻവേണ്ടി ക്രോഡീകരിക്കാൻവേണ്ടി ഉണ്ടാക്കുന്ന ഈ അതോറിറ്റിയെക്കുറിച്ച്, ഒരു വിമർശനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായി എന്നു സമ്മതിക്കാൻ ഞാൻ തയ്യാറല്ല, അതാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകത. ഞാൻ നേരത്തെ പറഞ്ഞതുപോലെ 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നു പറയുന്നതുപോലെ ശ്രീ. എം. പി. ഗംഗാധരനോടുള്ള ഒരു വലിയ ശത്രുതയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ ഈ ബില്ലിനെ സമീപിക്കുന്നതു ശരിയല്ല. ശ്രീ. എം പി. ഗംഗാധരൻ മന്ത്രിയാകുന്നതിനു് എത്രയോ മുൻപു് ആരംഭിച്ചതാണു് ഈ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ആലോചന. അവിടെയാണു് ഈ ബില്ലിന്റെ പൊതു സമീപനത്തിൽ ഞാൻ ഉറച്ചുനിൽക്കുന്നതു്. ഈ ആശയം ശ്രീ. എം. പി. ഗംഗാധരന്റെ മസ്തിഷ്കത്തിൽ ഉദിച്ചതല്ല. വാട്ടർ ആൻറു് വേസ്റ്റു് വാട്ടർ അതോറിറ്റി എന്നു് അതിനു് അദ്ദേഹത്തിന്റെ കാലത്തു് പേരിട്ടു. വേറെ ഒരു പേരു് വേണമെങ്കിൽ ഇടാമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് അദ്ദേഹത്തിനുകൂടി സ്വീകാര്യമായ, അദ്ദേഹത്തിന്റെ ഗവൺമെൻറു് ആലോചിച്ചു് ഒരു പേരിട്ടു. ആ പേരു് ഒരുപക്ഷേ പ്രതിപക്ഷത്തിനു് അസ്വീകാര്യമായിരിക്കാം. പക്ഷേ ഇതു് എവിടെനിന്നു തുടങ്ങി? അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഈ ആശയം അന്നത്തെ ഗവൺമെൻറിനുണ്ടായിരുന്നു. അന്നുണ്ടായിരുന്ന പല പ്രമുഖൻമാരായ ആളുകളും അപ്പുറത്തിരുന്നു ചർച്ചയിൽ പങ്കെടുത്തു. ഇതു് എന്തിനുവേണ്ടി കൊണ്ടുവന്നു? ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസു് വേണം. വാട്ടർ സപ്ലൈക്കും സിവേജു് സ്കീമിനും എല്ലാം എൽ. ഐ. സി.-യിൽ നിന്നും പണം കൊടുക്കുന്നു. സർ, എൽ. ഐ. സി. ഒരുപാടു് കാര്യങ്ങൾക്കു് ധനസഹായം കൊടുക്കുന്നുണ്ടു്. അവിടെയെല്ലാം എൽ. ഐ. സി. ഇൻസിസ്റ്റു് ചെയ്യുന്നതു് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസു് ഈവക കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുമ്പോൾ ആട്ടോണമസു് ബോഡികൾ വേണം എന്നാണു്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രഗവൺമെൻറിന്റെ മിനിസ്ട്രി ഓഫു് ഹൗസിംഗിന്റെ റെക്കമൻറേഷൻ പറഞ്ഞു. എസ്റ്റിമേറ്റസു് കമ്മിറ്റിയുടെ റെക്കമൻറേഷൻ പറഞ്ഞു. ഈ ആശയം നിങ്ങൾ ഇപ്പോൾ വിസ്മരിക്കുന്നു. പ്രതിപക്ഷം ഒരു കുന്തമുന ശ്രീ. ഗംഗാധരന്റെ നേരെ എറിയാൻ ശ്രമിക്കുന്നു, ഈ വാട്ടർ ആൻറു് വേസ്റ്റു് വാട്ടർ അതോറിറ്റിയുടെ ഉത്ഭവം ഈ ഗംഗാധരന്റെ ചിന്തയിൽ ഉണ്ടായതാണെന്നും അതുകൊണ്ടു് അതു് ജനദ്രോഹപരമായിട്ടുള്ളതാണു്. അതുകൊണ്ടു് അതിന്റെ ദൃഷ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് അതിനെ എതിർക്കണമെന്നും ചിന്തിക്കുന്നു. അതിന്റെ ഉള്ളിൽ പല ലക്ഷ്യങ്ങളും (രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള) ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. പ്രധാനമായിട്ടുള്ള ഈ ആശയം ഉൽഘോഷിച്ചതു് അച്യുതമേനോൻ ഗവൺമെൻറിന്റെ കാലത്താണു്. അതിനെക്കുറിച്ചു് അന്നു് വളരെയധികം ചർച്ച ചെയ്തു. ശ്രീ. നായനാർ ഗവൺമെൻറു് രൂപീകരിക്കുന്ന കാലത്തു് ശ്രീ. ആർ. എസ്. ഉണ്ണിയായിരുന്നു ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ചുമതല വഹിച്ചിരുന്നതു്. ശ്രീ. ആർ. എസ്. ഉണ്ണിയും ശ്രീ. ഷൺമുഖദാസും തമ്മിൽ ആ കാര്യത്തിൽ അടിസ്ഥാനപരമായ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു, അഭിപ്രായവ്യത്യാസം എന്നു ഞാൻ സൂചിപ്പിച്ചതു് ലോക്കൽ ബോഡീസിന്റെ ചുമതല.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാനും ശ്രീ. ഷൺമുഖദാസും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടായിട്ടില്ല. ഇതേപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്തിനു് പറ്റിയ രീതിയിൽ ഇതു രൂപീകരിക്കുന്നതിനുള്ള പല കാര്യങ്ങളെക്കുറിച്ചു് ചർച്ച ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൽ അതേക്കുറിച്ച് ഫയലുണ്ട്. നിരവധി കോൺഫറൻസുകളും നടത്തിയിരുന്നു. അതിനുമുൻപ് ജനാധിപത്യ മുന്നണി ഗവൺമെൻറിൻറെ കാലത്തും ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്തിൻറെ പ്രത്യേകതകളും കണക്കിലെടുത്ത് സ്വയംഭരണ സ്ഥാപനങ്ങൾക്ക് (റൂറൽ ഡവലപ്പ്മെൻറ് ബോർഡ് അതിൽ ഒന്നാണ്.) റൂറൽ വാട്ടർ സപ്ലൈക്ക് എൽ. ഐ. സി. പണം കൊടുത്തിട്ടുണ്ട്. ഇതൊക്കെ എവിടെനിന്നും കെട്ടിച്ചമച്ച കഥകളാണ്. ഇതിനെക്കുറിച്ചൊക്കെ ഗവൺമെൻറിൻറെ ഫയലുകളും ഉണ്ട്. എനിക്ക് അഭിപ്രായവ്യത്യാസം ഒന്നും ഇല്ല. തർക്കങ്ങളും ഇല്ല. പക്ഷേ നമ്മുടെ സംസ്ഥാനത്തിനു പറ്റിയ രൂപത്തിൽ ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് മാത്രമാണ് ആലോചിച്ചിരുന്നത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയാണ് ഇതു കൈകാര്യം ചെയ്തിരുന്നത്. എന്തെങ്കിലും ഉണ്ടെങ്കിൽ അദ്ദേഹത്തോട് ചോദിച്ചാൽ അറിയാം. ഇതൊന്നും ശരിയല്ല.

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ വാട്ടർ അതോറിറ്റി എന്ന സ്വയംഭരണ സ്ഥാപനം—ഞാൻ അങ്ങയുടെ പ്രസംഗത്തെക്കുറിച്ച് മാത്രമല്ല ഇവിടെ സൂചിപ്പിക്കുന്നത്. ശ്രീ. ശങ്കരനാരായണപിള്ള ഇവിടെ പറഞ്ഞു, അത് ജനങ്ങളെ വഞ്ചിക്കാനുള്ള ഒരു സംവിധാനമാണെന്ന്. ശ്രീ. ആർ. എസ്. ഉണ്ണിയെപ്പോലെയുള്ള ആളുകളും ലോക്കൽ ബോഡീസിനെ .....

ശ്രീ പി. സി. ജോർജ്: ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ സൂചിപ്പിച്ചതനുസരിച്ചാണെങ്കിൽ നായനാർ ഭരണകാലത്തും അതുപോലെതന്നെ ശ്രീ. അച്യുതമേനോൻറെ ഭരണകാലത്തും അവരുടെ സ്ഥിരസ്വഭാവമായ ചർച്ച മാത്രമായിരുന്നു. ഈ അതോറിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ തയ്യാറായില്ല. ഈ ഗവൺമെൻറ് വന്നപ്പോഴാ അതോറിറ്റി രൂപീകരിച്ചു. അതിലുള്ള കുഴപ്പമാണ് അവരുടെ ചർച്ചയിൽ കാണുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ ഇവിടെ പറഞ്ഞുവന്നത്, കേരളം വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന ആട്ടോണമസ് സ്വഭാവമുള്ള ഒരു ബോഡി ഉണ്ടാക്കണമെന്നതു ശ്രീ. ഗംഗാധരൻ മന്ത്രിയായതിനു ശേഷം ഉത്ഭവിച്ച ഒരു പുതിയ ആശയമല്ല. അതിനുവേണ്ടി ധാരാളം പണം ആവശ്യമുണ്ട്. ശുദ്ധജലവിതരണ രംഗത്ത് കാലഘട്ടത്തിൻറെ ആവശ്യം അനുസരിച്ച് ഒരു കുതിച്ചു ചാട്ടം വേണം. ഇവിടെ സംസാരിക്കുന്ന കണക്കുകളുണ്ട്. ഞങ്ങളൊക്കെ 1980-ലാണ് നിയമസഭയിലേയ്ക്ക് കടന്നു വന്നത്. 1980 വരെ ശുദ്ധജല വിതരണ രംഗത്ത് എന്തു മാറ്റം ഉണ്ടായി? 1982-ലെ ഗവൺമെൻറിൻറെ കാലത്ത് എന്തു മാറ്റം ഉണ്ടായി? 1982-നു ശേഷം 1985 വരെ എന്തു മാത്രം മാറ്റം ഉണ്ടായി? ഇതിൽ സംസാരിക്കുന്ന കണക്കുകളും ഉണ്ട്. ശ്രീ. ആർ. എസ്. ഉണ്ണിയുടെ വേറെ ഒരു ആർഗ്യുമെൻറ് ഉണ്ടായിരുന്നു; ശ്രീ. ഗംഗാധരൻറെ കാലത്ത് ഇട്ട കല്ലുകളും എല്ലാം, അദ്ദേഹം ഉൽഘാടനം ചെയ്ത സ്കീമുകളും എല്ലാം അവരുടെ കാലത്ത ഇൻവെസ്റ്റിഗേഷൻ നടന്നതാണ് എന്ന്. അവരുടെ കാലത്ത് രൂപം കൊടുത്തതായ സ്കീമുകളും എല്ലാം അദ്ദേഹം ഉത്ഘാടനം ചെയ്തു എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ഒന്നാം പദ്ധതി മുതൽ ഏഴാം പദ്ധതി വരെ എടുത്തുനോക്കിയാൽ ഒന്നാം പദ്ധതി, രണ്ടാം പദ്ധതി, മൂന്നാം പദ്ധതി, നാലാം പദ്ധതി, അഞ്ചാം പദ്ധതി എന്നിവ പരിശോധിച്ചാൽ ആറാം പദ്ധതിക്കാലം മുതലാണ് അതിന് പ്രത്യേകിച്ച് ഇൻറർനാഷണൽ വാട്ടർ ഡിക്കേഡ് വന്നതിനുശേഷമാണ് ഇതിൽ പുതിയ ബൂസ്റ്റ് വന്നത് എന്നു കാണാം. അതനുസരിച്ച് അടങ്കൽ കൂടുതൽ ഉണ്ടായി.

ശ്രീ. എം. എം. ഹസ്സൻ: അതാണ് ഞാൻ പറഞ്ഞത്. ഇൻറർനാഷണൽ വാട്ടർ ഡിക്കേഡിൻെറ കാലത്ത് ഇതിനൊരു പുതിയ ബൂസ്റ്റ് വന്നപ്പോൾ ആ സന്ദർഭത്തിനൊത്ത് ഉയർന്ന് സർക്കാരിൻെറ മൂലാമാലകളിലും ഫയലുകളിലും കുരുങ്ങിക്കിടക്കുന്ന, ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാനുള്ള എല്ലാ സാങ്കേതിക മൂലാമാലകളും അട്ടിമറിച്ചുകൊണ്ട് വിപ്ലവകരമായ മുന്നേറ്റത്തിലൂടെ ശ്രീ. ഗംഗാധരൻ ആട്ടോണമസ് ബോഡി ഉണ്ടാക്കും. എന്തിനാണ് ശ്രീ. ഗംഗാധരനെ അതിൻെറ പേരിൽ കുരിശിൽ തറയ്ക്കുന്നത്? അതാണ് എനിക്ക് പ്രതിപക്ഷത്തോട് ചോദിക്കാനുള്ളത്. ശ്രീ. ആർ. എസ്. ഉണ്ണി എന്നെക്കൊണ്ട് കൂടുതൽ സംസാരിപ്പിക്കാതെ എൻെറ ആശയം അദ്ദേഹം വ്യക്തമാക്കി. ആറാം പദ്ധതിയിൽ ഇതിനു പ്രത്യേക പ്രാധാന്യം കൊടുത്തു കാരണം ശ്രീ. തങ്കരാജ് ഇവിടെ പറഞ്ഞതു പോലെ Water water everywhere

not a drop to drink

ചൊവ്വര പരമേശ്വരൻ ശ്രീ. ജവഹർലാൽ നെഹ്റു പറഞ്ഞപ്പോൾ അത് തർജ്ജമ ചെയ്തത് ഇങ്ങനെയാണ്. 'വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാൻ ഇല്ലത്ര.' അതായിരുന്നു കേരളത്തിൻെറ സ്ഥിതി. കുടിക്കുവാൻ ശുദ്ധജലം ഇല്ല. കൊക്കൊക്കോളാ കമ്പനിക്കാർ ഇൻഡ്യ ഒട്ടാകെയുള്ള ഗ്രാമങ്ങളിൽ കൊക്കൊകോളാ എത്തിച്ച കാലഘട്ടത്തിൽപോലും നമ്മുടെ കേരളത്തിൻെറ കുഗ്രാമങ്ങളിൽ വെള്ളം എത്തിക്കാൻ സാധിച്ചില്ലെന്നുള്ള അവസ്ഥ സർക്കാർ മെഷിനറിക്ക് ഉണ്ടായിരുന്നു. സർക്കാർ മെഷിനറി പരാജയപ്പെട്ടു. അടങ്കൽ തുക കുറവായിരുന്നു, അന്ന് അതിനുള്ള പ്രാധാന്യം കുറവായിരുന്നു. പക്ഷേ എനിക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒരു കാര്യം ഒരു ഗവൺമെൻറിൻെറ സംവിധാനം ഒരു ഡിപ്പാർട്ടുമെൻറിലൂടെ പ്രവർത്തനം നടത്തുക, ഒരു ആട്ടോണമസ് ബോഡിയിലൂടെ പ്രവർത്തനം നടത്തുക എന്നുള്ളതും രണ്ടും രണ്ടാണ്. ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ മന്ത്രിയായിരുന്ന ആളാണ്. ദീർഘകാലം നിയമസഭയിൽ അംഗമായിരുന്നിട്ടുള്ള ആളാണ്. സർക്കാർ കാര്യം മുറപോലെ നടക്കും എന്നുള്ള ആക്ഷേപം ഈ സഭയിൽ നമ്മൾ ചർവ്വിതചർവ്വണം ചെയ്തിട്ടുള്ളതാണ്. സർക്കാരിൻെറ ആമയെപ്പോലെ ഇഴയുന്ന രീതിയിലുള്ള സർക്കാർ മൂലാമാലകളുടെയും നടപടിക്രമങ്ങളുടെയും ഫയലുകളിൽ കുടുങ്ങുന്ന മനുഷ്യജീവിതത്തേയും മാനുഷിക പ്രശ്നത്തെയും കുറിച്ച് ആവേശംകൊണ്ടിട്ടുള്ള ആളുകളാണ് നമ്മൾ. നമ്മളെ സംബന്ധിച്ചിടത്തോളം ആ സർക്കാർ ഡിപ്പാർട്ടുമെൻറിലൂടെ ജനങ്ങൾക്ക് ഉപകാരപ്രദമായ പരിപാടികളെ നടത്താൻ പാടുള്ളൂ എന്ന അടിസ്ഥാനപരമായ കാഴ്ചപ്പാടോടുകൂടി ഈ ബില്ലിനെ സമീപിക്കുവാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബില്ലിലൂടെ ഒരു ആട്ടോണമസ് ബോഡി ഉണ്ടാക്കിയതിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് ഞാൻ കാണുന്നത്. നമ്മുടെ രാജ്യത്ത് ശുദ്ധജലം എത്താത്ത ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുക. തീര പ്രദേശങ്ങളും, കായലോരങ്ങളും, കടലോരങ്ങളും, മലമ്പ്രദേശങ്ങളും തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾ കുടിവെള്ളം കിട്ടാതെ മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ കുടിവെള്ളത്തിനുവേണ്ടി മോഹിച്ചിരിക്കുകയാണ്. ആ ജനങ്ങളുടെ മുൻപിൽ വെള്ളം എത്തിക്കുവാൻ പരിശ്രമിച്ചതിന്റെ ഫലമായി 1104 പ്രശ്ന ഗ്രാമങ്ങളുള്ളതിൽ 423 ഗ്രാമങ്ങളിൽ മാത്രമേ 1980 വരെ ശുദ്ധജലവിതരണ പദ്ധതികൾ നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

1980-ൽ വന്ന നായനാർ ഗവൺമെന്റിന്റെ കാലത്ത് 144 പ്രശ്ന ഗ്രാമങ്ങളിൽക്കൂടി ശുദ്ധജല പദ്ധതികൾ വ്യാപിപ്പിക്കാൻ കഴിഞ്ഞു. ഇതാണ് 82 വരെ ഉണ്ടായിരുന്ന നമ്മുടെ പ്രവർത്തനം. എന്നാൽ 1982 മുതൽ 85 വരെയുള്ള കാലഘട്ടത്തിൽ 595 പ്രശ്നഗ്രാമങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികൾ നമുക്ക് എത്തിക്കാൻ കഴിഞ്ഞു. ഇന്നത്തെ കണക്കനുസരിച്ച് 12 ഗ്രാമങ്ങളിൽ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാതെ അവശേഷിക്കുന്നത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): എറണാകുളം ജില്ലയിൽ ഭാഗികമായി എങ്കിലും വാട്ടർ സപ്ലൈ നടത്താത്ത ഒരു പഞ്ചായത്തും ഇല്ല.

ശ്രീ. കെ. കുഞ്ഞിക്കണ്ണൻകുട്ടി: പക്ഷേ അനുഭവം അതാണോ; എല്ലാ പഞ്ചായത്തിലും ഉദ്ഘാടനം കഴിഞ്ഞ് പല്ലിട്ടതല്ലാതെ അവിടെ വെള്ളം കിട്ടുന്നില്ല എന്നുള്ളത് അറിയില്ലേ?

ശ്രീ. എം. എം. ഹസ്സൻ: കഴക്കൂട്ടത്തെ ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാൻ എം. പി. ഗംഗാധരൻ മന്ത്രി ആയിരിക്കുമ്പോൾ നടപടി എടുത്തതുകൊണ്ട് കൂടിയാണ് ഈ ബില്ലിനെ വളരെ ശക്തിയായിട്ട് അനുകൂലിക്കുന്നത്. അണ്ടൂർകോണത്ത് പുതിയ ഒരു പദ്ധതിയ്ക്ക് രൂപം കൊടുത്ത് അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നാലു പഞ്ചായത്തിൽ ഈ പദ്ധതി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. മൂന്ന് പഞ്ചായത്തിൽ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത് എന്റെ നിയോജകമണ്ഡലം എന്നു മാത്രമല്ല. എല്ലാ നിയോജകമണ്ഡലങ്ങളിലും ഇതാവശ്യമാണ്. ഈ പറഞ്ഞ കണക്കുകൾ അനുസരിച്ച് ശുദ്ധജല വിതരണരംഗത്ത് സർക്കാരിന്റെ മാമൂലുകൾക്ക് അനുസരിച്ച് നീങ്ങുന്ന ഒരു സംവിധാനം പോര. അത് ജനോപകാരപ്രദമായ കാര്യത്തിന് അടിയന്തിരമായിട്ടുള്ള ഒരു പ്രശ്നമാണ്.

മറ്റൊന്ന് മൈനാൻസിന്റെ കാര്യമാണ്. എൽ. ഐ. സി. യിൽനിന്നു ലഭിക്കുന്നതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, സീവേജിനോ, അർബൻ ഡവലപ്മെന്റിനോ വാട്ടർ സപ്ലൈക്കോ എറവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

പണം കൊടുക്കുന്ന ധനകാര്യ സ്ഥാപനം എൽ. ഐ. സി. ആണ്. എൽ. ഐ. സി. ഇൻസിസ്റ്റു ചെയ്തു കഴിഞ്ഞാൽ നമുക്ക് ഒരു ആട്ടോണമസ് ബോഡി ഉണ്ടാക്കാതെ ഇരിക്കാൻ സാധിക്കുമോ? ഈ പണം എങ്ങിനെ ചാനലൈസ് ചെയ്യും. ഇവിടെ പലരും പറയുന്നതുകേട്ടു. ഇങ്ങിനെ ഒരു കോർപ്പറേഷൻ ഉണ്ടാക്കി. അതിന്റെ ചെയർമാൻ മന്ത്രി ആയി എന്ന്. ഇത് ശരിയാണോ? ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിനെക്കുറിച്ച് വിവരമുള്ളവരാണോ ഇതിനെക്കുറിച്ച് സംസാരിക്കുന്നത്. ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് പണം കടമെടുക്കുന്നതിന് അവശ്യം ആവശ്യമായിട്ടുള്ള കാര്യമാണ് ഇതുപോലെയുള്ള ആട്ടോണമസ് ബോഡികളും. അതല്ലെങ്കിൽ അവർ പണം തരുകയില്ലെന്നു പറഞ്ഞാൽ ആ പണം നമുക്ക് കിട്ടാതെ പോവുകയും ശുദ്ധജല വിതരണരംഗത്ത് ഗണ്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയാതെ പോവുകയും ചെയ്യും. അതല്ലേ വസ്തുത. ഈ കോർപ്പറേഷന്റെ രൂപീകരണത്തെ സംബന്ധിച്ച് അച്യുതമേനോന്റെ കാലത്തും നായനാർ ഗവൺമെന്റിന്റെ കാലത്തും ആർ. എസ്. ഉണ്ണി അടക്കം ഉള്ള ആളുകൾ പലവട്ടം ആലോചിച്ചതാണ്. ശ്രീ. ശങ്കരനാരായണ പിള്ളയും ശ്രീ. ആർ. എസ്. ഉണ്ണിയും ഇവിടെ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം സീവേജ് പ്രവർത്തനവും വാട്ടർ സപ്ലൈയും ലോക്കൽ ബോഡീസിനെ ഏൽപ്പിക്കണം എന്നുള്ളതാണ്. നമ്മുടെ ലോക്കൽ ബോഡീസിന്റെ പ്രവർത്തനങ്ങളെയൊന്നും ഞാൻ കുറച്ചുകാണുകയല്ല. ഇന്ന് ലോക്കൽ ബോഡീസിനെ പല കാര്യങ്ങളും ഏൽപ്പിച്ചിട്ടുണ്ട്. അവയ്ക്ക് അവയെ ഏൽപ്പിച്ചിട്ടുള്ള കാര്യങ്ങൾ നടത്തുന്നതിനുള്ള കെൽപ്പുണ്ടോ? കേരളത്തിലെ പ്രമുഖ നഗരങ്ങളിൽ ഒന്നാണ് തിരുവനന്തപുരം നഗരം. തിരുവനന്തപുരം നഗരത്തിൽ തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള റോഡുകൾ മെയിന്റനൻസ് നടത്താനുള്ള പണം പോലും അവയ്ക്കില്ല. പല സ്ഥലത്തും വഴി വിളക്കുകൾ കത്തുന്നില്ല. പഞ്ചായത്തുകൾക്ക് ധനാഗമമാർഗ്ഗം വളരെ കുറവാണ്. അങ്ങിനെയുള്ള ലോക്കൽ ബോഡീസിനെ കൂടിവെള്ളം കൊടുക്കുക എന്നുള്ള വളരെ പ്രധാനപ്പെട്ട ഒരു കർമ്മം ഏൽപ്പിച്ചാൽ എത്ര തന്നെ എൽ. ഐ. സി. യുടേയും മറ്റും സഹായങ്ങൾ ഉണ്ടായിരുന്നാലും ശരി ഫലപ്രദമായ രീതിയിൽ കേരളമൊട്ടുക്ക് ശുദ്ധജല വിതരണം നടത്താൻ കഴിയുകയില്ല. ലോക്കൽ ബോഡീസിനെ ഏൽപ്പിച്ചാൽ ചെലവ് വളരെ കുറവായിരിക്കും ജനങ്ങൾക്ക് കൂടുതൽ ഗുണവും കിട്ടും എന്ന് ശങ്കരനാരായണപിള്ളയെപോലെയുള്ള ആളുകൾ പറഞ്ഞു. അതിനോട് യോജിക്കാൻ സാദ്ധ്യമല്ല. പേപ്പാറ ഡാം ഒരു പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പേപ്പാറ ഡാമിൽ നിന്ന് വെള്ളം കിട്ടുന്നത് തിരുവനന്തപുരം നഗരത്തിലാണ്. തിരുവനന്തപുരം നഗരത്തിലേയ്ക്ക് വെള്ളം കൊണ്ടുവരുന്നതിനുള്ള അതിന്റെ പ്ലാൻ ഒരുപക്ഷേ വേറെ പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ ആയിരിക്കും. ഇതെല്ലാം ഒരു പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊടുക്കാൻ കഴിയുകയില്ല. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന പേരിലുള്ള ഒരു കോ-ഓർഡിനേറ്റഡ് ബോഡി അതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുമ്പോൾ മറ്റേതു പ്രശ്നങ്ങളേക്കാൾ ഗൗരവമായി കാണേണ്ടത് അക്കാര്യത്തിൽ ഇൻസ്റ്റിറ്റിറ്റ്യൂഷണൽ ഫൈനാൻസ് നമുക്ക് ലഭിക്കുക എന്നുള്ളതാണ്. അതൊരു കണ്ടീഷനാണെങ്കിൽ സത്യത്തിൽ കേരളത്തിലെ ജനങ്ങളോടുള്ള താൽപ്പര്യം കൊണ്ടാണ് ഈ ഗവൺമെന്റ് അത് അംഗീകരിച്ചത് എന്നാണ് എനിയ്ക്ക് തോന്നുന്നത്. പിന്നെ എന്താണ് ഇവിടെ പ്രശ്നം. ഇവിടെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയെക്കുറിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

സമഗ്രമായ ചർച്ചയിൽ ആവർത്തിച്ചാവർത്തിച്ച് നിങ്ങളും എല്ലാവരും പറഞ്ഞതു് ഗംഗാധരൻ പൈപ്പ് വാങ്ങി എന്നുള്ള കാര്യമാണു്. അതല്ലാതെ നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ? ശ്രീമാൻ ഗംഗാധരൻ പരമശിവനാണെന്നു നിങ്ങൾ വിചാരിച്ചോ? ആകാശഗംഗയെ ഭൂമിയിലേയ്ക്ക് കൊണ്ടുവന്ന പരമശിവനെയാണു് ഗംഗാധരൻ എന്നു വിളിക്കുന്നതു്. ശ്രീ. ഗംഗാധരനു് ഭഗീരഥനെപ്പോലെ ആകാശ ഗംഗയെ ഭൂമിയിലേയ്ക്ക് കൊണ്ടുവരാൻ അമാനുഷിക ശക്തിയൊന്നുമില്ല. അദ്ദേഹത്തിനു് അഡ്മിനിസ്ട്രേറ്റീവ് കപ്പാസിറ്റി മാത്രമേ ഉള്ളൂ. അതിനു് പൈപ്പ് ആവശ്യമാണു്. അല്ലാതെ സതുസായി ബാബ അന്തരീക്ഷത്തിൽ നിന്നു് ഭസ്മം എടുക്കുന്നതുപോലെ ഗംഗാധരനു് അന്തരീക്ഷത്തിൽ നിന്നു് വെള്ളം എടുക്കാനറിയാമോ? പൈപ്പ് വാങ്ങിച്ചു. പൈപ്പ് ഇല്ലാതെ എങ്ങിനെയാണു് സർ, വെള്ളം കൊടുക്കുന്നതു്. ഗംഗാധരൻ കുറേയേറെ പൈപ്പ് വാങ്ങിച്ചു. ഈ രാജ്യത്തു് ഇഷ്ടം പോലെ വെള്ളം നൽകാൻ വേണ്ടിയാണു് പൈപ്പ് വാങ്ങിച്ചതു്. സൈക്കിളും പഠിക്കുന്ന ആളുകളും ഉരുണ്ടുവീണു് കൈയോ കാലോ ഒടിഞ്ഞു എന്നിരിക്കാം. അതുകൊണ്ടു് കൈയോ കാലോ ഒടിയേണ്ട എന്നാണെങ്കിൽ സൈക്കിളിൽ കയറാൻ ശ്രമിക്കരുതു്. ഈ രാജ്യത്തെ ജനങ്ങൾക്കു് വെള്ളം ആവശ്യമാണു്. ജനങ്ങൾക്കു് കുടിവെള്ളം എത്തിക്കേണ്ടതു് ഗവൺമെന്റിന്റെ ബാദ്ധ്യതയാണു്; ചുമതലയാണു്. നിങ്ങൾ ആരോപണം ഉന്നയിക്കുമെന്നും ആക്ഷേപങ്ങൾ പറയുമെന്നും മനസ്സിലാക്കിക്കൊണ്ടു തന്നെ ഈ പൈപ്പ് വാങ്ങാൻ ശ്രീ. ഗംഗാധരൻ നിർബന്ധിതനാണു്.

ശ്രീ. തോപ്പിൽ രവി: പൈപ്പില്ലാതെ അന്തരീക്ഷത്തിൽ നിന്നു് വെള്ളം എടുക്കാൻ പറ്റുകയില്ലെന്നു പറഞ്ഞതു് ശരിയല്ല. കാരണം പ്രതിപക്ഷം പൈപ്പില്ലാതെ തന്നെ മലിനജലം ആരോപണ രൂപത്തിൽ ഒഴുക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷങ്ങൾക്കു് ചുവരില്ലാതെ ചിത്രം വരയ്ക്കാനറിയാം. പൈപ്പില്ലാതെ വെള്ളം ഒഴുക്കാനറിയാം. പലതും ചെയ്യാനറിയാം. അവരുടെ സാഹസകൃത്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ജനങ്ങൾക്കു് ശുദ്ധജലം എത്തിക്കുന്ന പദ്ധതിയ്ക്ക് മുപ്പത്തേഴു ലക്ഷം രൂപ ചെലവു് വരും എന്നു് ഈ ഡിപ്പാർട്ടുമെന്റു് കണക്കാക്കിയിട്ടുണ്ടു്. അതിനു് 24 ലക്ഷം രൂപയുടെ പൈപ്പാണു് ആവശ്യം. 37 ലക്ഷം രൂപ ചെലവു് വരുന്ന ഒരു പദ്ധതിയ്ക്ക് 24 ലക്ഷം രൂപയുടെ പൈപ്പ് വേണം. ഞാൻ സംസാരിച്ചപ്പോൾ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ പറഞ്ഞു 30 കൊല്ലം മുമ്പു് ഇതുപോലെ ധാരാളം പൈപ്പ് ഈ ഡിപ്പാർട്ടുമെന്റു് വാങ്ങി എന്നു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: അന്ന് ശ്രീ. ഹസ്സൻ ഉണ്ടായിരുന്നോ?

ശ്രീ. എം. എം. ഹസ്സൻ: മുപ്പതുകൊല്ലം മുമ്പുള്ള കാര്യം നിങ്ങൾ ജീവിച്ചിരുന്നാൽ മാത്രമേ പറയുകയുള്ളോ? ശ്രീ. ഭരതൻ ജനിക്കുന്നതിനുമുമ്പുള്ള കാര്യം ഭരതൻ പറയാറുണ്ടല്ലോ? ഒക്ടോബർ വിപ്ലവത്തിന്റെ കാര്യം പറയുമല്ലോ. അന്ന് അങ്ങുണ്ടായിരുന്നോ? അപ്പോൾ നമ്മൾ ഇതൊക്കെ ചരിത്രത്തിൽ നിന്ന് വായിച്ചറിയുകയും അല്ലെങ്കിൽ പഠിച്ചു മനസ്സിലാക്കുകയും അല്ലെങ്കിൽ കേട്ടറിയുകയും മറ്റുമാണ് ചെയ്യുന്നത്. 30 കൊല്ലം മുമ്പ് ഈ ഡിപ്പാർട്ടുമെന്റിൽ ഇതുപോലെ പൈപ്പ് വാങ്ങിച്ചപ്പോൾ ശ്രീ. ഗംഗാധരൻ മന്ത്രി ആയിരുന്നില്ല. വരൾച്ചയെ നേരിടുന്നതിന് ശുദ്ധജലം എത്തിക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചു. നിങ്ങൾ പറയുന്നതുപോലെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ കട്ടേഷൻ വിളിച്ച് അതിനുള്ള മറ്റെല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചിട്ടാണ് വരൾച്ചപോലും നേരിടാൻ ശ്രമിക്കുന്നത്.

ശ്രീ. പി. സീതിഹാജി: പൈപ്പ് വാങ്ങാനും സർക്കാരിന് ആവശ്യമായ എല്ലാ സാമഗ്രികൾ വാങ്ങാനും പ്രതിപക്ഷത്തിനെ ഏൽപ്പിച്ചുകൊടുത്താൽ ഈ ആരോപണം ഒഴിവാക്കിക്കൂടെ?

ശ്രീ. എം. എം. ഹസ്സൻ: അവിടെ സി. പി. ഐ.-ക്കാർ ഒക്കെ ഉണ്ടല്ലോ. ഒരുപാടു കാലം പർച്ചേസ് നടത്തി പരിചയസമ്പന്നരാണവർ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: വരൾച്ചക്കാലത്ത് വെറും 10 കോടി രൂപയുടെ പൈപ്പ് വാങ്ങി. വരൾച്ച കഴിഞ്ഞതിനുശേഷമാണ് 30 കോടി രൂപയുടെ പൈപ്പ് വാങ്ങിച്ചത് എന്നു പറഞ്ഞാൽ അതു നിഷേധിക്കാൻ പറ്റുമോ?

ശ്രീ. എം. എം. ഹസ്സൻ: നിങ്ങൾ ഓരോന്നോരോന്നായി എന്നോടു ചോദിക്കേണ്ട. മന്ത്രി മറുപടി പറയുമ്പോൾ മന്ത്രിയോടു ചോദിച്ചാൽ മതി. പൈപ്പ് ഇല്ലാതെ ശ്രീ. ഗംഗാധരന് വെള്ളം കൊടുക്കാൻ പറ്റുകയില്ല. പൈപ്പ് വാങ്ങിച്ചു. കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് വളരെയധികം ആശ്വാസവും മതിപ്പും എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും ഉണ്ടാക്കിയിട്ടുള്ള ഒരു കാര്യമാണ് ശുദ്ധജലവിതരണരംഗത്തുള്ള നേട്ടങ്ങൾ. ഇത് രാഷ്ട്രീയമായി ആർക്കും മറച്ചുവയ്ക്കാൻ കഴിയുന്ന കാര്യമല്ല. ശ്രീ. ഗംഗാധരനോട് വിയോജിപ്പുള്ള പല മെമ്പർമാരും എന്നോടുതന്നെ സംസാരിച്ചിട്ടുണ്ട് പലപ്പോഴും.

ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ: പേര് പറയാമോ?

ശ്രീ. എം. എം. ഹസ്സൻ: പേരൊന്നും പറയാൻ പറ്റുകയില്ല. സ്വകാര്യസംഭാഷണങ്ങളൊക്കെ കാര്യകാരണസഹിതം ഇവിടെ വിവരിക്കാൻ പറ്റുമോ? പലപ്പോഴും ഈ ലോബിയിലും പുറത്തുമിരുന്ന് കാര്യമിതൊക്കെയാണെങ്കിലും ശുദ്ധജലവിതരണരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്, അത് ഞങ്ങൾ അംഗീകരിക്കാതിരിക്കുന്നില്ല എന്നു തുറന്നു സമ്മതിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു രാഷ്ട്രീയനേട്ടം ഈ ഗവൺമെന്റിനുണ്ടാകുന്നത് അപകടകരമാണ് എന്നു കണ്ടുകൊണ്ടു കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ബോധപൂർവ്വം തയ്യാറാക്കിയ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ശുദ്ധജലവിതരണരംഗത്തെ നേട്ടങ്ങളെ രാഷ്ട്രീയമായി തേജോവധം ചെയ്യാനുള്ള നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമമായിരുന്നു ഈ പൈപ്പ് കുംഭകോണങ്ങളുടെ നിങ്ങൾ കെട്ടിച്ചമച്ച കഥകളെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങൾക്ക് വ്യക്തമായി മനസ്സിലായിട്ടുണ്ട്.

ശ്രീ. എ. കെ പത്മനാഭൻ: ഈ ഗവൺമെന്റിനെ രാഷ്ട്രീയമായി തേജോവധം ചെയ്യാൻവേണ്ടിയാണ് പ്രതിപക്ഷം പൈപ്പ് കുംഭകോണത്തിന്റെ കാര്യം പറയുന്നതെന്ന് ശ്രീ. ഹസ്സൻ പറഞ്ഞു. ഈ ഗവൺമെന്റിനെ പിന്താങ്ങുന്ന മലയാള മനോരമ പത്രം പൈപ്പ് ഇടപാടിൽ നടത്തിയ അഴിമതിയെക്കുറിച്ച് സ്പെഷ്യൽ ഫീച്ചർ ഇറക്കിയവിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: മലയാള മനോരമപത്രം പൈപ്പ് കുംഭകോണത്തെക്കുറിച്ചു മാത്രമല്ല ജീവിതത്തിന്റെ പല രംഗങ്ങളിലുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സ്പെഷ്യൽ ഫീച്ചറുകൾ ഇറക്കിയിട്ടുണ്ട്. മലയാള മനോരമ പത്രത്തെ സ്ഥിരമായി വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്ന നിങ്ങൾ ഇപ്പോൾ ചെകുത്താൻ വേദമോതുന്നതുപോലെ മലയാള മനോരമ പത്രത്തെ ഉദ്ധരിക്കുന്നതിൽ എന്താണർത്ഥം?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): ശ്രീ. എ. കെ. പത്മനാഭന്റെ നിയോജകമണ്ഡലമായ പേരാമ്പ്ര നിയോജകമണ്ഡലത്തിലും കൊയിലാണ്ടി നിയോജകമണ്ഡലത്തിലും ഈ കാര്യത്തിൽ കൂടുതൽ പ്രവർത്തി ചെയ്തതിന് ഇന്ത്യാ ഗവൺമെന്റ് ബോണസായി തന്ന അഞ്ചുകോടി രൂപയിൽ ഒന്നരക്കോടി രൂപയും അവരുടെ അഞ്ചേകാൽ കോടി രൂപയുടെ പദ്ധതിക്കുവേണ്ടി പൈപ്പ് വാങ്ങാൻ ചെലവഴിച്ചതും മലയാള മനോരമ പത്രത്തിലിട്ടിരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അങ്ങ് ഇപ്പോൾ സംസാരിച്ചപ്പോൾ പ്രതിപക്ഷം വളരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിക്കുകയുണ്ടായി; അവർക്ക് ഇതാണ് ജോലി എന്നൊക്കെ പറഞ്ഞു. അങ്ങയുടെ വാദം തന്നെ ഞങ്ങൾ സമ്മതിക്കാം. എങ്കിൽ അങ്ങയുടെ നേതാവ് ആഭ്യന്തരവകുപ്പുമന്ത്രിയുടെ കീഴിലുള്ള വിജിലൻസ് ഡി. ഐ. എസ്. പി. രാഘവൻനായരുടെ സ്ലൂയിസ്വാൽവിനെക്കുറിച്ചുള്ള റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ പറ്റുമോ? അതൊന്ന് എടുത്ത് ഞങ്ങളെ കാണിക്കാൻ പറ്റുമോ? അദ്ദേഹം കുറ്റക്കാരനല്ലെന്നു പറഞ്ഞാൽ ഞങ്ങൾ അതൊക്കെ പിൻവലിക്കാൻ തയ്യാറാണ്.

ശ്രീ. എം. എം. ഹസ്സൻ: അതെല്ലാം ഇവിടെ നിങ്ങൾ ആവശ്യപ്പെട്ടാൽ മേശപ്പുറത്തുവയ്ക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാപേരുടേയും ചോദ്യത്തിന് മറുപടി പറയാൻ പോയാൽ ബുദ്ധിമുട്ടുവരും.

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷത്തുള്ള മെമ്പർമാർ സ്നേഹപൂർവ്വം ചോദിക്കുമ്പോൾ വഴങ്ങണ്ടേ സർ. അല്ലെങ്കിൽ പക്ഷപാതപരമായിട്ടാണെന്ന് അവർ പറയുകയില്ലേ? ഇതിനുമുമ്പ് സംസാരിച്ച എല്ലാ അംഗങ്ങളും വളരെ വിശദമായി ചർച്ചയിൽ പങ്കെടുത്തതുപോലെ എനിക്കും പല കാര്യങ്ങളിലേയ്ക്കും കടക്കാനുള്ളതുകൊണ്ട് അങ്ങ് എന്റെമാത്രം സമയം നിയന്ത്രിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നത്തിനു പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്; ശ്രീ. ബേബിജോൺ ഇവിടെ ഇല്ലായിരുന്നു. 'ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം' അതാണ്. അടിസ്ഥാനപരമായ പ്രശ്നം അതാണ്. ഞാൻ ചോദിക്കട്ടെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രതിപക്ഷത്തിനോടുള്ള വിരോധംകൊണ്ട് 'ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം' എന്നു പറയുന്ന അർത്ഥത്തിലാണെങ്കിൽ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി അഴിമതിരാവണന്മാരുടെ സാമ്രാജ്യമായി തീർന്നിരിക്കുന്നു എന്ന് ഐ. എൻ. റ്റി. യു. സി. (ഐ.) യുടെ സെക്രട്ടറി ശ്രീ. വിജയചന്ദ്രൻ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഈ വിജയചന്ദ്രന്റെ പേരു പറഞ്ഞ് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയെക്കുറിച്ച് ആക്ഷേപം പറഞ്ഞ ആളുകളാണ് നിങ്ങൾ. ശ്രീ. വിജയചന്ദ്രനെ ഐ. എൻ. റ്റി. യു. സി. (ഐ.) യിൽ നിന്നും പിരിച്ചുവിട്ടതിനു ശേഷം അദ്ദേഹം ഒരു പ്രസ്താവന കൊടുത്ത ഉടനെ വിജയചന്ദ്രന്റെ പേരും പറഞ്ഞുകൊണ്ട് ഇവിടെ വന്നിരിക്കുകയാണ്. ഇത് നിങ്ങളുടെ സ്ഥിരം പരിപാടിയല്ലേ? ഞങ്ങളുടെ കൂട്ടത്തിൽ നിൽക്കുമ്പോൾ നിങ്ങൾ പരമാവധി കല്ലെറിയുക. ഞങ്ങളിൽനിന്നും വിട്ടുവന്നാൽ നിങ്ങൾ പൂമാലയിട്ടു സ്വീകരിച്ച് ആനയിച്ചു കൊണ്ടുനടക്കുക. ഇത് എത്ര ഞങ്ങൾ കണ്ടതാണ്. നിയമസഭയ്ക്കകത്തും പുറത്തും. നിങ്ങൾക്ക് ഞങ്ങളൊക്കെ ഒരു ദിവസം വിപ്ലവകാരികളാവില്ലേ ഒരഭിപ്രായം പറഞ്ഞാൽ.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: ശ്രീ. വിജയചന്ദ്രന് ഐ. എൻ. റ്റി. യു. സി. (ഐ.) യുമായിട്ട് ഇപ്പോൾ യാതൊരു ബന്ധവുമില്ല. അദ്ദേഹത്തെ സംഘടനാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിന് വളരെ മുമ്പേ പുറത്താക്കികഴിഞ്ഞതാണ്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീമാൻ വിജയചന്ദ്രൻ പ്രതിപക്ഷത്തിന് സ്വീകാര്യനായതു തന്നെ അദ്ദേഹം മന്ത്രിക്കെതിരായിട്ടും ഗവൺമെന്റിന് എതിരായിട്ടും പ്രസ്താവനയിറക്കിയതുകൊണ്ടാണല്ലോ.

ശ്രീ. ഇ. പത്മനാഭൻ: ശ്രീ. വിജയചന്ദ്രൻ ജനറൽസെക്രട്ടറിയായിട്ടും തമ്പാനൂർ രവി പ്രസിഡന്റ് ആയിട്ടും ഐ. എൻ. റ്റി. യു. സി.-യുടെ വേറൊരു യൂണിയൻ ഇപ്പോൾ നിലവിലുണ്ടെന്നുള്ള വിവരം താങ്കൾക്കറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ ട്രേഡ് യൂണിയൻ രജിസ്ട്രാർ ഒന്നുമല്ല. ഏതെല്ലാം സ്ഥലത്ത് എവിടെയൊക്കെ യൂണിയൻ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നുള്ളതിന് എന്റെ പക്കൽ രേഖകളൊന്നുമില്ല. ഐ. എൻ. റ്റി. യു. സി. ഒരു കേന്ദ്ര തൊഴിലാളി സംഘടനയാണ്. ഐ. എൻ. റ്റി. യു. സി.-യുടെ ഓഫീസിൽ വന്നാൽ അതിന്റെ രേഖകൾ പരിശോധിക്കാം. ഐ. എൻ. റ്റി. യു. സി.-യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിയനുകൾ ഏതാണെന്ന് അവിടെവച്ച് പറയാം. ഇവിടെവച്ച് എനിക്ക് പറയാൻ പറ്റുമോ?

ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ: ഒരു ചോദ്യം.

ശ്രീ. എം. എം. ഹസ്സൻ: എന്റെ പീതാംബരൻമാസ്റ്ററെ താങ്കളും ഇതുമെടുത്തുകൊണ്ട് പൊങ്ങുന്നല്ലോ. മാർക്സിസ്റ്റുകാരാണെങ്കിൽ മനസ്സിലാക്കാം. എന്നേയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പീതാംബരൻ മാസ്റ്ററേയും ഒക്കെ എന്തൊക്കെ പറഞ്ഞ ആളുകളാണ് ഇവർ. അവരുടെ കൂടെ കൂടുമ്പോൾ നമ്മൾ പുണ്യാളന്മാരാകും. അതാണ് സ്വഭാവം. ഇതുപോലെ ഒരുപാട് വിജയചന്ദ്രന്മാർ ഇനിയും ഉണ്ടാകും. ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ലോക്കൽ ബോഡീസിനെ ഈവക പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ശുദ്ധജലവിതരണരംഗത്തെ പ്രവർത്തനങ്ങൾ ഏൽപ്പിക്കുക എന്നുള്ളത് ഇന്നത്തെ പരിതഃസ്ഥിതിയിൽ എത്രമാത്രം സുഗമമായി മുന്നോട്ടു പോകുമെന്നുള്ളതിനെക്കുറിച്ച് എനിക്ക് അടിസ്ഥാനപരമായി സംശയമുണ്ട്. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി കഴിഞ്ഞ മന്ത്രിസഭയിൽ അംഗമായിരുന്ന ആളാണ്. അന്ന് തിരുവനന്തപുരത്തെ യാത്രാ പ്രശ്നം അതിരൂക്ഷമായ അവസരത്തിൽ ഞാൻ ഈ നിയമസഭയ്ക്കകത്ത് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നു. അന്ന് മന്ത്രിയായിരുന്ന ശ്രീ. ലോനപ്പൻനമ്പാടനോട് ആവശ്യപ്പെട്ടു തിരുവനന്തപുരം നഗരത്തിലെ ആളുകളുടെ യാത്രാ പ്രശ്നം വളരെ ക്ലേശപൂർണ്ണമായിട്ടുള്ള ഒന്നാണ്, അത് കെ. എസ്. ആർ. ടി. സി.-യിൽ നിന്നും മാറ്റി ലോക്കൽ ബോഡിയെ ഏൽപ്പിക്കണമെന്ന്. ഈ ചെറിയ ചെറിയ റൂട്ടുകളിൽ ബസ്സ് ഓടിക്കേണ്ട ചുമതല ലോക്കൽ ബോഡീസിനെ ഏൽപ്പിക്കണമെന്നു പറഞ്ഞപ്പോൾ അന്ന് മന്ത്രിയായിരുന്ന ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞു അവർ പല തരത്തിലുള്ള ജോലികളുടെ ഇടയിൽ ഇതെല്ലാം ഏറ്റെടുത്താൽ വിജയകരമായി നടപ്പിലാക്കാൻ പറ്റുകയില്ല എന്ന്. അതുകൊണ്ട് ഇത് അവരെ ഏൽപ്പിക്കുന്ന പ്രശ്നമേ ഇല്ലെന്നു പറഞ്ഞു. അങ്ങനെ പല തരത്തിലുള്ള ബാദ്ധ്യതകൾക്കൊണ്ട് കൂനിന്മേൽ കുരു എന്നുള്ള മട്ടിൽ നഗരജീവിതത്തിനാവശ്യമായ അമിനിറ്റീസ് ഒന്നും നൽകാൻ കഴിയാതെ സാമ്പത്തിക പരാധീനതകൊണ്ട് വീർപ്പുമുട്ടുന്ന ലോക്കൽ ബോഡീസിന്റെ കൈയിൽ ശുദ്ധജല വിതരണംകൂടി ഏൽപ്പിച്ചാൽ എന്താകും സ്ഥിതി? നിങ്ങൾ പറഞ്ഞല്ലോ ശ്രീ. ഗംഗാധരൻ ആളുകളുടെ വെള്ളംകൂടി മുട്ടിക്കാൻ പോകുന്നു എന്ന്. അതിനേക്കാൾ, നിങ്ങൾ പ്രതീക്ഷിക്കുന്നതിനേക്കാൾ പത്തിരട്ടി ആഘാതമായിരിക്കും ജനങ്ങൾക്ക് ഉണ്ടാകാൻ പോകുന്നതെന്നുള്ള കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടോ?

പിന്നെ മറ്റൊരു വലിയ ധാർമ്മികരോഷം എന്താണെന്നറിയാമോ? ഈ അതോറിറ്റിയുടെ ചെയർമാനായി മന്ത്രിയെ നിയമിച്ചത് ശരിയാണോ? എന്താണ് സർ? ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയ്ക്കകത്ത് രണ്ടു തരത്തിലുള്ള അഭിപ്രായങ്ങൾ പറയാം. മന്ത്രിയിരിക്കുന്നതുകൊണ്ട് ധാരാളം ഗുണങ്ങളുണ്ടെന്ന് വാദിക്കുന്നയാളാണ് ഞാൻ. മന്ത്രി വേണമോ അതോ നോൺ ഒഫീഷ്യൽ വേണമോ എന്നുള്ളതൊക്കെ അടിസ്ഥാനപരമായ പ്രശ്നങ്ങളും കാഴ്ചപ്പാടുകളുമാണ്. ശ്രീ. ഭരതൻ ഇവിടെ പറഞ്ഞു ഭരിക്കുന്ന വർഗത്തിന്റെ അടിസ്ഥാന സ്വഭാവം നിയമങ്ങളിൽ പ്രതിഫലിക്കുമെന്ന്. ഞങ്ങളുടെ അടിസ്ഥാനസ്വഭാവംതന്നെ പ്രതിഫലിക്കുമെന്ന കാര്യം ഞാൻ സമ്മതിച്ചിരിക്കുന്നു. ഞങ്ങളുടെ അടിസ്ഥാനപരമായ കാഴ്ചപ്പാട് ഇതുപോലെ ജനോപകാരപ്രദമായ ഗൗരവമേറിയ ജനകീയ പ്രശ്നങ്ങളുടെ പരിഹാരത്തിന് വേണ്ടിയുണ്ടാക്കുന്ന സംവിധാനങ്ങളുടെ തലപ്പത്ത് എത്ര നിങ്ങൾക്കു അസഹികാര്യനായാലും ജനപ്രതിനിധിതന്നെ വരണമെന്ന നിർബന്ധമാണ്. ഏത് ജനപ്രതിനിധി വരണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളല്ലല്ലോ, ഗവൺമെന്റല്ലേ. ഭൂരിപക്ഷമുള്ളതുകൊണ്ടാണല്ലോ ഗവൺമെന്റ് അത് തീരുമാനിച്ചത്. ഗവൺമെന്റിന് ഗവൺമെന്റിന്റേതായ കാഴ്ചപ്പാടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാനായിട്ട് ഇലക്ട്രിസിറ്റി വകുപ്പു മന്ത്രിയെ നിശ്ചയിക്കുന്നതിനുവേണ്ടി ശുപാർശ ചെയ്യാമോ?

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെന്റിന് അങ്ങനെ തോന്നിയാൽ അങ്ങനെ ചെയ്യണം. അതിൽ എന്താണ് തെറ്റ്? ഇലക്ട്രിസിറ്റി ബോർഡിന് വേറൊരു ചെയർമാനായിരുന്നിട്ടും എല്ലാ ആരോപണങ്ങളും നിങ്ങൾ ആർ. ബാലകൃഷ്ണപിള്ളയുടെ പേരിലല്ലേ ഇവിടെ ഉന്നയിച്ചത്. അപ്പോൾ നിങ്ങൾക്ക് ഇതിനൊന്നും തടസ്സമില്ല. ചെയർമാൻ നോൺ ഒഫീഷ്യലായിപ്പോയാലും നിങ്ങൾ മന്ത്രിയുടെ പേരിൽ ആരോപണങ്ങളുന്നയിക്കും. ചെയർമാൻ മന്ത്രിയായാലും നിങ്ങൾ മന്ത്രിയുടെ പേരിൽ ആക്ഷേപം ഉന്നയിക്കും. അതൊന്നും നിങ്ങൾക്ക് തടസ്സമുള്ളതല്ല. ഞാൻ പറയുന്നത് ഇത്രയും ഗൗരവമേറിയ ഒരു പ്രശ്നത്തിൽ നമ്മൾ ഒരു സംവിധാനമുണ്ടാക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിനുവേണ്ടി പ്രധാനമായും ഉണ്ടാക്കുന്ന ഒരു കോർപ്പറേഷനാണ്. അതിന്റെ പ്രവർത്തനത്തിൽ ഏതെങ്കിലുമൊരാൾ ഒരു എം. എൽ. എ. ആകട്ടെ, അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു പൊതുപ്രവർത്തകനാകട്ടെ ചെയർമാനായിരിക്കുന്നതിനെക്കാളും ജനോപകാരപ്രദമായ പരിതഃസ്ഥിതിയിൽ അതിന്റെ വകുപ്പുമന്ത്രി ചെയർമാനായിരിക്കുന്നതല്ലേ നല്ലത്. നമുക്ക് for-ഉം against-ഉം അതിനെക്കുറിച്ച് പറയാം. അടിസ്ഥാനപരമായ കാഴ്ചപ്പാടിൽ തർക്കിക്കാം. പക്ഷേ ഫലത്തിൽ എന്താണ്? വകുപ്പുമന്ത്രി ഇതിന്റെ ചെയർമാനായിരിക്കുന്നതുകൊണ്ട് ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കർശനമായ നടപടികൾ ധൃതഗതിയിലുള്ള നടപടികൾ സ്വീകരിക്കാൻ കുറെക്കൂടി സൗകര്യമുണ്ട്. ഒരു നോൺ ഒഫീഷ്യൽ മെമ്പർ ചെയർമാനായിരുന്നാൽ (നിങ്ങൾ പറഞ്ഞ വാദഗതികൾക്ക് എതിരായുള്ള വാദഗതികൾ ഞാൻ പറയുന്നു.) ഇവിടെ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറിയോ അല്ലെങ്കിൽ വാട്ടർ ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറിയോ അല്ലെങ്കിൽ ചീഫ് സെക്രട്ടറി തന്നെയോ ഒരു പക്ഷെ ചെയർമാനായിരുന്നാൽ മന്ത്രി ചെയർമാനായിരിക്കുന്നതിനേക്കാൾ ഗൗരവം ഇതിന്റെ പ്രവർത്തനങ്ങളിൽ നൽകണമെന്ന് നിർബന്ധം ഉണ്ടോ? നമ്മുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നു? യുദ്ധകാലാടിസ്ഥാനത്തിൽ ജനങ്ങൾക്ക് വെള്ളം കൊടുക്കേണ്ട ഒരു സംവിധാനത്തെക്കുറിച്ചാണ് ആലോചിക്കുന്നത് എങ്കിൽ.....

ശ്രീ. ആർ എസ്. ഉണ്ണി: നമുക്ക് സെക്രട്ടേറിയറ്റ് മാനുവൽ ഉണ്ട്. സെക്രട്ടേറിയൽ പ്രാക്ടീസസ് ഉണ്ട്. ചെക്ക് ആന്റ് ബാലൻസസ് ഉണ്ട്. പൊതു പണം വിനിയോഗിക്കുന്നതിനാവശ്യമായിട്ടുള്ള നിയന്ത്രണങ്ങൾക്കും ക്രമീകരണങ്ങൾക്കും സാമ്പത്തിക അച്ചടക്കത്തിനുമൊക്കെയാണ് നടപടികളും നിയമങ്ങളും വച്ചിരിക്കുന്നത്. ഈ അതോറിറ്റിയിൽ മന്ത്രി ചെയർമാനായിരിക്കുന്നത് ഇതൊക്കെ ഒരു സ്ഥലത്ത്, ഒരിടത്ത് തിരുമാനിച്ചാൽ ഈ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ചെക്ക് ആന്റ് ബാലൻസസും നിലനിർത്താൻ സാദ്ധ്യമല്ലെന്നുള്ള വിവരം അങ്ങേക്ക് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: ഈ കോർപ്പറേഷൻ ഉണ്ടാക്കുന്നത് ചെക്ക് ആന്റ് ബാലൻസസ് എങ്ങനെയായിരുന്നു? ഈ ആട്ടോണമസ് ബോഡി ഉണ്ടാക്കുന്നതുവരെ വാട്ടർ സപ്ലൈയ്ക്കുവേണ്ടി ചെലവഴിക്കേണ്ട പണം ഈ നിയമസഭ പാസ്സാക്കി

കൊടുക്കുന്നു. ഈ നിയമസഭ പാസ്സാക്കികൊടുക്കുന്ന പണമാണ് ചെലവഴിക്കുന്നത്. അതു നിയമസഭയുടെ മുമ്പിൽ വരണം. അതായത് ഇതിന്റെ ആന്യുവൽ റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും നമ്മുടെ ആലോചനയ്ക്കോ ചർച്ചയ്ക്കോ വിഷയമായി വര ണം. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെയൊക്കെ വരുന്നില്ലേ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): ഇപ്പോൾ തന്നെ ചെക്ക് ആന്റ് ബാലൻസസ് ഉണ്ട്. മന്ത്രി ചെയർമാനായുള്ള ബോർഡ് തീരുമാനിച്ചു 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കോൺട്രാക്ട് ഗവൺമെന്റിൽ പോകണം എന്ന്. ഗവൺമെന്റിൽ പോയാൽ അത് വീണ്ടും ഫൈനാൻസിൽ പോകണം. ഗവൺമെന്റിന്റെ അപ്രൂവൽ ഉണ്ടെങ്കിലും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലും പോകണം. അഡ്മിനിസ്ട്രേഷൻ മാത്രമല്ല ഫൈനാൻസും കൂടി അതിൽ ഇംപ്ലൈഡ് ആണ്.

ശ്രീ. ആർ. എസ്സ്. ഉണ്ണി: ഫൈനാൻസ് സെക്രട്ടറി, ലോക്കൽ അഡ്മിനി സ്ട്രേഷൻ സെക്രട്ടറി, മന്ത്രി ഇവരൊക്കെ കൂടിയിരുന്ന് തീരുമാനിക്കുന്ന ബോർഡാണ് അപ്പുറത്ത് പോകുന്നത്. അത് പിന്നെ ഗവൺമെന്റാണ് പരിശോധിക്കുന്നത്? ഗവൺമെന്റ് ഇതിന്റെ താഴെയാണോ മുകളിലാണോ?

ശ്രീ. എം. പി. ഗംഗാധരൻ: ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഇല്ലേ? ഫൈനാൻസ് മന്ത്രി ഇല്ലേ?

ശ്രീ. എം. എം. ഹസ്സൻ: ഈ അതോറിറ്റിയുടെ പവ്വേഴ്സ് ഡിഫൈൻ ചെയ്യുന്ന 15-ാം വകുപ്പിൽ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: ജനാധിപത്യ മര്യാദയനുസരിച്ച് ഇറിഗേഷൻ മന്ത്രി ഇതിന്റെ ചെയർമാനായിരിക്കണമെന്നാണല്ലോ ഹസ്സന്റെ വാദം. ഈ വാദഗതി യോട് യോജിക്കുന്നില്ലെങ്കിലും ഒരു മറു ചോദ്യം. ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഇതിന്റെ പ്രവർത്തനമേഖലയിൽ വരുന്നത് മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും കോർപ്പറേഷനുകളുമാണ്. അപ്പോൾ ശ്രീ. സുന്ദരംസ്വാമിയെ ഇതിന്റെ ചെയർമാൻ ആക്കിക്കൂടെ? സുന്ദരം സ്വാമിയായതുകൊണ്ടാണോ? സ്വാമി അധഃകൃതനാണോ?

ശ്രീ. എം. എം. ഹസ്സൻ: നിങ്ങളുടെ അഭിപ്രായം അനുസരിച്ചല്ലല്ലോ ചെയർമാനെ തീരുമാനിക്കേണ്ടത്. ഏത് മന്ത്രി ചെയർമാനായിരിക്കണമെന്ന് തീരമാനിക്കേണ്ടത് ഗവൺമെന്റല്ലേ?

15-ാം വകുപ്പിൽ, പവ്വേഴ്സ് ഓഫ് ദി അതോറിറ്റിയിൽ ക്ലാസ് (2) പ്രൊവൈസോ യിൽ പറയുന്നത് 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകൾ ഗവൺമെന്റിൽ അയ യ്ക്കണം എന്ന്. ക്ലാസ് (4) പ്രൊവൈസോയിൽ പറയുന്നത് 25 ലക്ഷം രൂപയ്ക്ക് മുക ളിൽവരുന്ന കോൺട്രാക്ടുകൾക്ക് ഗവൺമെന്റിന്റെ approval വേണം എന്നു പറയുന്നുണ്ട്. ചെക്ക് ആന്റ് ബാലൻസസ് എന്നു പറയുന്നത് ഇവിടെ ആഡിറ്റിംഗ് നട ത്തണ്ടേ? ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി വേണ്ടേ സ്കീംസ് എടുക്കാൻ. മന്ത്രി രാവിലെ എഴുന്നേറ്റിരുന്ന് ഒരു സ്കീം പ്രഖ്യാപിക്കുക, അത് മന്ത്രി യുടെ ഉത്തരവനുസരിച്ച് നടപ്പാക്കാൻ ഇത് വെള്ളരിക്കാപട്ടണമാണോ, ഇവിടെ ആരോ ചോദിച്ചതുപോലെ. ഇത് വെള്ളരിക്കാ പട്ടണമല്ല. ഇവിടെ ഒരു ബോർഡ് ഉണ്ട്, ആ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ ചെയർമാൻ മന്ത്രിയാണ്. ആ ബോർഡിൽ ഗവൺമെന്റിന്റെ സെക്രട്ടറിയുണ്ട്, ഫിനാൻസ് സെക്രട്ടറി ഉണ്ട്, ലോക്കൽ അഡ്മിനിസ്ട്രേഷന്റെ സെക്രട്ടറിയുണ്ട്. ഇത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ പോകണം. 25 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവാക്കണമെങ്കിൽ ഗവൺമെന്റിന്റെ previous അപ്രൂവൽ വേണം. ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആഡിറ്റിംഗിന് വിധേയമാക്കണം. ഇതിന്റെ ആന്യുവൽ റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും നിയമസഭയുടെ മുമ്പിൽ സമർപ്പിക്കണം. ഇത് നമുക്ക് ഇവിടെ ചർച്ച ചെയ്യാം. എവിടെ ലാപ്സസ് ഉണ്ടെങ്കിലും നമ്മൾ അത് ചൂണ്ടിക്കാണിക്കില്ലേ? കേരളമാണ് ഇതെന്നുള്ള കാര്യം മറന്നുകൊണ്ടാണോ നിങ്ങൾ സംസാരിക്കുന്നത്? ഏത് കോറമാണോ ഫലപ്രദമായിട്ടുള്ളത് അത് നമ്മൾ ഉപയോഗിക്കില്ലേ? അതിന് ചെക്ക് ആന്റ് ബാലൻസസ് ഉണ്ടാകില്ല മന്ത്രി ചെയർമാനായാൽ എന്നുപറയുന്ന വാദഗതിയോട് എങ്ങനെ യോജിക്കാൻ സാധിക്കും?

<u>ശ്രീ. ആർ എസ്. ഉണ്ണി:</u> ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ കമ്മീഷണർമാർ ഇതിന്റെ എക്സിക്യൂട്ടീവ് മെമ്പേഴ്സാണ്. അവിടെയാണ് തീരുമാനം? പിന്നെ എന്താണ് ഗവൺമെൻറ് പരിശോധന ഗവൺമെന്റ്? പരിശോധിക്കണമെന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള പരിശോധനയ്ക്ക് ഇതോടൊപ്പം ഫൈനാൻസ് ഡിപ്പാർട്ടുമെന്റ്, ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ഇതൊക്കെ പരിശോധിച്ച് തീരുമാനിക്കുന്നതാണ്. ബോർഡിൽ സെക്രട്ടറിമാർ ഇരുന്ന് കമ്മീഷണർമാർ ഇരുന്ന് മന്ത്രിയുൾപ്പെടെ ഇരുന്ന് തീരുമാനിക്കുന്ന തീരുമാനത്തിന്മേൽ ഒരു പരിശോധന അസാദ്ധ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> ചില ഡിപ്പാർട്ടുമെന്റുകളിൽ ഇത് ഉണ്ടാകാറുണ്ടല്ലോ. ഉദാഹരണത്തിന് സഹകരണ ഡിപ്പാർട്ടുമെന്റ് എടുക്കാം. സഹകരണ ഡിപ്പാർട്ടുമെന്റിന്റെ ഒരു സ്ഥാപനത്തിൽ ഒരു സഹകരണ ബോർഡിന്റെ രജിസ്ട്രാർ മെമ്പറാണെന്നിരിക്കട്ടെ അവിടെ ഒരു പുതിയ പ്രപ്പോസൽ സ്വീകരിച്ചു. അത് വീണ്ടും സഹകരണ രജിസ്ട്രാറുടെ അംഗീകാരത്തിനുവേണ്ടി ഗവൺമെന്റിലേയ്ക്ക് അയയ്ക്കണം, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയയ്ക്കണം. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയയ്ക്കണം.

<u>ശ്രീ. ആർ എസ്. ഉണ്ണി:</u> സെക്രട്ടേറിയറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് അത് പരിശോധിക്കാനും അഭിപ്രായം പറയാനുമുള്ള സന്ദർഭം ഉണ്ട്.....

<u>ശ്രീ. എം. എം. ഹസ്സൻ:</u> ഞാൻ പറഞ്ഞത് ചെക്ക് ആന്റ് ബാലൻസസിന് ആവശ്യമുള്ള സംവിധാനം ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലുണ്ട്. അത് കോർപ്പറേഷന്റെ കയറൂരി വിട്ടതുപോലെ വെള്ളരിക്കാ പട്ടണംപോലെ പ്രവർത്തിക്കാൻ ഈ അതോറിറ്റിക്ക് സാദ്ധ്യമല്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് തരുന്നത് എൽ. ഐ. സി. ആണ്. അങ്ങനെ എതെന്തങ്കിലും ലാപ്സസ് ഉണ്ടെങ്കിൽ എൽ ഐ. സി. വിടുമോ? പ്രതിവർഷം പത്തുകോടി രൂപ എൽ. ഐ. സി. തരുന്ന ഒരു സ്ഥാപനത്തിലെ പ്രസിഡന്റാണ് ഞാൻ. ഓരോ വർഷവും എൽ. ഐ. സി.-യിൽ നിന്ന് ചെക്കിംഗ് ഉണ്ട്. കണക്ക് ചെക്ക് ചെയ്യും. ഞങ്ങളുടെ പ്രവർത്തനം അവർ ഇവാല്യൂവേറ്റ് ചെയ്യും. ഫൈനാൻസിംഗ് അതോറിറ്റിക്ക് ഉത്തരവാദിത്വമില്ലെന്നാണോ ശ്രീ. ആർ. എസ്. ഉണ്ണി പറയുന്നത്? അങ്ങ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രിയായിരുന്ന ആളല്ലേ? റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന് കൊടുക്കുന്ന പണത്തിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് കിട്ടുമ്പോൾ ഫൈനാൻസ് ഏജൻസിക്ക് അവരെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ വിലയിരുത്തൽ ഉണ്ടാകില്ലേ? ഉണ്ടായിട്ടില്ലേ? ഇതിലും ഉണ്ടാകില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ഫൈനാൻസിംഗ് ഏജൻസി, പണം കടം തരുന്നവർക്ക് പരിശോധനയ്ക്കുള്ള സൗകര്യങ്ങളെപ്പറ്റിയല്ല ഞാൻ പറഞ്ഞത്. അതിന്റെ ആവശ്യകതയും ഗവൺമെന്റിന്റെ പരിശോധനയും അതിനുള്ള ആവശ്യകതയും അതിനുള്ള സാദ്ധ്യതകളും ഇതും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്.

ശ്രീ. എം. എം. ഹസ്സൻ: വ്യത്യാസങ്ങൾ എന്തുതന്നെ ഉണ്ടായാലും.....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. എം. എം. ഹസ്സൻ: സർ, വളരെ വിശദമായ ചർച്ചയാണ് പ്രതിപക്ഷവും ആഗ്രഹിക്കുന്നത്. ആ നിലക്ക് പ്രതിപക്ഷത്തെ മെമ്പർമാർ വളരെ വിശദമായി ചർച്ചയിൽ പങ്കെടുത്തതാണ്.

ശ്രീ. എം. വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട ഹസ്സൻ സംസാരിച്ചപ്പോൾ ഇത് കേരളമാണ്, ഇവിടെ മന്ത്രി ചെയർമാനായിരിക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് സൂചിപ്പിച്ചു. അങ്ങ് ആദർശത്തിൽ വിശ്വസിക്കുന്ന ആളാണ്. ഒന്നാം തീയതി ഈ ബോർഡ് നിലവിൽവന്നതിനുശേഷം രണ്ടാം തീയതി കൂടിയ ബോർഡ് ആദ്യമായി കൂടിയ ബോർഡ്, മന്ത്രി ചെയർമാനായുള്ള ബോർഡ് ആ ബോർഡ് മീറ്റിംഗിൽ 33 തസ്തികകൾ ക്രിയേറ്റ് ചെയ്യാൻ തീരുമാനിക്കുകയും അതേ ബോർഡിൽ വച്ചു തന്നെ ആ 33 പേരുടെ യോഗ്യത തീരുമാനിക്കുകയും അതേ ബോർഡിൽവച്ചു തന്നെ അപേക്ഷപോലും ക്ഷണിക്കാതെ നിയമനം നടത്തുകയും ചെയ്തു. അതും ഈ കേരളത്തിലാണ്, അതും ഒരു മന്ത്രിയാണെന്നുള്ളത് അറിയാമോ? അങ്ങ് ഈ നടപടിയെ ന്യായീകരിക്കുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള സംവിധാനത്തിൽ ആളുകളെ ആവശ്യമായി വന്നാൽ ഞാൻ ഇമ്പിച്ചിബാവ ചെയ്തതുപോലെ ചെയ്യണമെന്നു പറയുന്നില്ല. ഇമ്പിച്ചിബാവ ചെയ്തതുപോലെ സിഗരറ്റ് കവറിൽ നിയമനം എഴുതി കൊടുക്കണമെന്ന് പറയുന്നില്ല, ധൃതഗതിയിൽ സാങ്കേതിക പ്രശ്നങ്ങളിൽ ഇടപെട്ട് നൂലാമാലകളിൽ കുടുങ്ങി വളരെ കാലതാമസം വരണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ചെക്ക് ആന്റ് ബാലൻസസ് എവിടെ പ്രയോഗിച്ചു എന്നു പറയാമോ?

ശ്രീ. എം. എം. ഹസ്സൻ: ചെക്ക് ആന്റ് ബാലൻസസ് എന്നു പറയുന്നത് നിയമനത്തിന്റെ കാര്യത്തിലായാലും ചെലവിന്റെ കാര്യത്തിലായാലും ഒക്കെ ഒരു ബോർഡ് ഉണ്ടാക്കിയാൽ ആ ബോർഡിന് അധികാരമില്ലേ? ആളുകളെ നിയമിക്കാൻ ഈ ബോർഡിന് അധികാരമില്ലേ? ആ ബോർഡിന്റെ പ്രവർത്തനം മുന്നോട്ടു പോകണ്ടേ? ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ വരുന്ന തടസ്സങ്ങൾക്ക് സ്റ്റാഫ് ആവശ്യമാണെങ്കിൽ നമുക്ക് കൊടുക്കണ്ടേ?

ബഹുമാനപ്പെട്ട ബേബിജോൺ ഒന്നും ചോദിക്കുന്നില്ല. നിങ്ങളിൽ പലരും ദീർഘകാലം മന്ത്രിമാരായിരുന്ന ആളുകളല്ലേ? നിങ്ങളുടെ കീഴിലുള്ള പല സ്ഥാപനങ്ങളുടേയും നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുക്കാതിരുന്ന കാലത്ത് നടത്തിയ നിയമനങ്ങളെപ്പറ്റി, സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ എല്ലാം ഒബ്സർവ് ചെയ്ത് നടത്തിയിട്ടുള്ള നിയമനങ്ങളുടെ കാര്യത്തിൽ ഈ സഭയ്ക്കകത്തും പുറത്തും ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ലേ? ഇത് കേരളത്തിന്റെ പ്രത്യേകതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപങ്ങൾ ഉന്നയിക്കുക എന്നുള്ളത് നമ്മുടെ ഒരു സ്ഥിരം ഏർപ്പാടാണ്. ഞങ്ങൾ അപ്പുറത്ത് വന്നാൽ നിങ്ങൾക്കെതിരായിട്ട് ഉന്നയിക്കും, സംശയമെന്ത് ? നിങ്ങൾ ഇപ്പുറത്തിരിക്കുമ്പോൾ ഞങ്ങൾക്കെതിരായി ഉന്നയിക്കും. അതുകൊണ്ട് ഞാൻ പറയുന്നത് 33 ആളുകളെ നിയമിച്ചത് മന്ത്രി ചെയർമാനായതിന്റെ പേരിൽ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: കെ. എസ്. ആർ. ടി. സി.-യുടെ നിയമനങ്ങളും കെ. എസ്. ഇ. ബി.-യുടെ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുന്ന സാഹചര്യത്തിൽ എന്തുകൊണ്ട് ഇതിന്റെ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൂടെ ?

ശ്രീ. എം. എം. ഹസ്സൻ: എത്ര കൊല്ലം കഴിഞ്ഞാണ് നമ്മൾ നിയമനങ്ങളൊക്കെ പി. എസ്. സി.-ക്ക് വിട്ടത്. നമുക്ക് ഇതിനെക്കുറിച്ചും ആലോചിക്കാം. നിങ്ങൾ അധികാരത്തിൽ വരുമ്പോൾ മുഴുവനും പി. എസ്.സി.-ക്ക് വിട്ടേരേ ഒരു കുഴപ്പവുമില്ല. വളരെ കാലങ്ങൾക്കു ശേഷം ഇങ്ങനെയൊരു ആട്ടോണമസ് സംവിധാനമുണ്ടാക്കി അതിന്റെ പ്രവർത്തനം മുന്നോട്ടു പോയി അതിനുള്ള വൈകല്യങ്ങളും അതിനുള്ള കുറവുകളുമൊക്കെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നു എന്നുള്ള തിന്റെ ഭാഗമായി ഇങ്ങനെയുള്ള ഏത് പരിഷ്കാരവും നടത്തുന്നതിലും തെറ്റില്ല. ഈ ബില്ലിന്റെ പരിധിയിൽ നിന്നു കൊണ്ട് വാട്ടർ സപ്ലൈയെ സംബന്ധിച്ചും സ്വീവേജ് പ്രവർത്തനങ്ങളെ സംബന്ധിച്ചും ഗൗരവമേറിയ ചില പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധ യിൽപ്പെടുത്താനുണ്ട്. എനിക്ക് തിരുവനന്തപുരത്തെ ചില അത്യാവശ്യ കാര്യങ്ങളും പറയാനുണ്ട്.

ഇവിടെ ഇത്രയും നേരം നമ്മുടെ പ്രതിപക്ഷത്തുള്ള മെമ്പർമാർ ഈ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ഏത് രൂപത്തിൽ വ്യാപിപ്പിക്കണം അതിന് ശ്രീ. ഗംഗാധരൻ കൊടുത്തിട്ടുള്ള ഇന്നത്തെ ഒരു ബൂസ്റ്റ് കൂറെക്കൂടി എങ്ങനെ മെച്ചപ്പെടുത്തണമെന്നുള്ളതിനെക്കുറിച്ച് സൃഷ്ടിപരമായ യാതൊരു നിർദ്ദേശവും അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അവർ പറഞ്ഞത് മുഴുവൻ അഴിമതി, പൈപ്പ്, മലിനജലത്തിന്റെ ദുർഗന്ധം എന്നിവയെക്കുറിച്ചാണ്. മലിനജലം എന്നുള്ള വാക്ക് വന്ന തുകൊണ്ട് അതിൽപ്പിടിച്ച് തൂങ്ങിക്കൊണ്ടാണ് ഇത്രയുംനേരം അവരൊക്കെ സംസാരിച്ചത്. എനിക്ക് സൂചിപ്പിക്കാനുള്ളത് ഒരു ജനാധിപത്യ ഗവൺമെന്റിനെ സംബന്ധി ച്ചിടത്തോളം മന്ത്രി ഇതിന്റ ചെയർമാനായിരിക്കണം എന്ന തീരുമാനം എടുത്താൽ ആ തീരുമാനത്തിൽ ഈ പറയുന്ന ചന്ദ്രഹാസമിളക്കിക്കൊണ്ടുള്ള ഒരു പ്രതിഷേധത്തിന് അർത്ഥമില്ല. നാളെ ഒരുപക്ഷെ അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ പല ആളുകളും അധികാരത്തിൽ വരികയും ചെയർമാൻ തന്നെ മന്ത്രിയായി, മന്ത്രി തന്നെ ചെയർമാ നായി തുടരുകയും ചെയ്യുന്ന ഒരവസ്ഥ ഉണ്ടാവില്ല എന്ന് നമുക്ക് പറയാൻ പറ്റുമോ? അങ്ങനെ തീർത്ത് നിങ്ങൾക്ക് പറയാൻ പറ്റുമോ? നിങ്ങൾ അധികാരത്തിൽ വന്നാൽ ഈ നിയമം ഭേദഗതി ചെയ്ത് മന്ത്രിക്ക് പകരം മറ്റൊരാളെ നിയമിക്കുമെന്ന് ഉറപ്പിച്ച് പറയാമോ? ഞാൻ ശ്രീ. ബേബി ജോണിനോട് ചോദിക്കുന്നു പറ്റുമോ? അങ്ങനെ നിങ്ങൾ ഏറ്റതുകൊണ്ട് കാര്യമുണ്ടോ? ശ്രീ. ഹംസ ഇപ്പോൾ അപ്പുറത്താണ്, ഇപ്പുറത്ത് വന്നു എന്നിരിക്കും. എന്നാൽപോലും ശ്രീ. ഹംസയുടെ ഉറപ്പിൻമേൽ എനിക്ക് പറയാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട അങ്ങ് പ്രസംഗിച്ചപ്പോൾ ലോക്കൽ ബോഡീസിന് ഈ സ്ഥാനം കൊടുത്താൽ ഇന്നത്തേതിനേക്കാൾ ബുദ്ധിമുട്ടായിരിക്കും എന്ന് ഒരു പോയിന്റ് പറഞ്ഞു. നിയമനത്തെക്കുറിച്ച് പറഞ്ഞപ്പോഴും പറഞ്ഞു ഇതിനെക്കാൾ ബുദ്ധിമുട്ടായിട്ടുള്ള ഒരു നിയമനമാണ് ഉണ്ടാകുക എന്ന്. അവസാനം പ്രസംഗിച്ച് പ്രസംഗിച്ച് എന്റെ സ്നേഹിതൻ ശ്രീ. ഗംഗാധരനെ കളത്തിലിറക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. ഗംഗാധരന്റെ ഏറ്റവും വലിയ സഹപ്രവർത്തകനും സുഹൃത്തുമാണ് ഞാൻ. എനിക്ക് അങ്ങനെ കളത്തിലിറക്കുന്ന പരിപാടിയില്ല. ഇവിടെ നിങ്ങളെല്ലാപേരും കൂടി ശ്രമിക്കുന്നത് പാവങ്ങൾക്ക് കുടിവെള്ളം എത്തിച്ചുകൊടുത്ത് ശുദ്ധജലവിതരണരംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയ ശ്രീ. ഗംഗാധരനെ ശുദ്ധ ജലത്തിന്റെ പേരിൽ കുടത്തിലിറക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അത് ഞങ്ങൾ അനുവദിക്കുകയില്ല, എന്നാണ് ഞാൻ പറയുന്നത്. ശ്രീ. എം. പി. ഗംഗാധരനെ ഒറ്റപ്പെടുത്തി, അദ്ദേഹം അഴിമതിക്കാരനാണ് എന്ന് മുദ്രയടിച്ച് അദ്ദേഹത്തെ കുടത്തിലിറക്കി, അദ്ദേഹത്തെ രാഷ്ട്രീയതേജോവധം ചെയ്ത്, ഈ ഗവൺമെന്റിന്റെ ജനക്ഷേമ കരമായ പരിപാടികളെ രാഷ്ട്രീയമായി തേജോവധം ചെയ്ത് ഈ ഗവൺമെന്റിനുണ്ടാ കുന്ന ഗ്ലാമർ തകർക്കാനുള്ള ബോധപൂർവ്വമായ, കരുതിക്കൂട്ടിയുള്ള പ്രതിപക്ഷത്തിന്റെ ശ്രമങ്ങളിൽ നിന്ന് ഉത്ഭവിച്ച ആക്ഷേപങ്ങളാണ് ഈ ബില്ലിന്റെ ചർച്ചയിൽ ഉയർന്നു കേട്ടത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് പ്രധാനമായി ഒരു കാര്യം പറയാനുള്ളത് ഈ തിരുവനന്തപുരത്ത്.....

മി. ഡെപ്യൂട്ടി സ്പീക്കർ: തിരുവനന്തപുരത്തെക്കുറിച്ച് പറയുമ്പോൾ കൊച്ചിയും കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാം.

ശ്രീ. എം. എം. ഹസ്സൻ: കൊച്ചിയും കൂടി ചേർത്ത് പറയാം. എനിക്ക് കൊച്ചി യോട് താൽപ്പര്യമുണ്ട്. അങ്ങേക്കുള്ളതുപോലെതന്നെ താൽപ്പര്യം എനിക്കുമുണ്ട്. ഇവിടെ ഗ്രേറ്റർ ട്രിവാൻഡ്രം ഡെവലപ്പ്മെന്റ് അതോറിറ്റി ബറ്റർഹാഫ് കൊച്ചിയിലാണ്. ഇവിടെ ഗ്രേറ്റർ ട്രിവാൻഡ്രം വാട്ടർ സപ്ലൈ സ്കീം എന്നുള്ള ഒരു സ്കീമിന് ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് പത്തരക്കോടി രൂപ ചെലവാക്കി പേപ്പാറയിൽ നമ്മൾ ഒരു ഡാം ഉണ്ടാക്കി. അതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് എന്നു പറഞ്ഞു. 2010-ാം ആണ്ട് വരെ നമ്മുടെ ഈ നഗരങ്ങൾക്കും പരിസരപ്രദേശങ്ങളിലുള്ള പഞ്ചായത്തുകൾക്കും ആവശ്യമായിട്ടുള്ള വെള്ളത്തിന്റെ കപ്പാസിറ്റി ഈ പേപ്പാറ ഡാമിന് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ അത് അരുവിക്കര യിൽ കൊണ്ടുവന്ന് അത് ഈ തിരുവനന്തപുരം നഗരത്തിന്റെ മാത്രമല്ല അതിന്റെ ചുറ്റും കിടക്കുന്ന പഞ്ചായത്തുകൾക്കു കൂടി കൊടുക്കുന്ന ഗ്രേറ്റർ ട്രിവാൻഡ്രം വാട്ടർ സപ്ലൈ സ്കീം ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അടിയന്തിരമായി നടപ്പിലാക്കണം. കഴക്കൂട്ടം മണ്ഡലം കൂടി ഉൾപ്പെട്ടതാണ്. അതുകൊണ്ടാണല്ലോ ഞാൻ ഇത്രയും വാശി യോടുകൂടി പറയുന്നത്. ഗ്രേറ്റർ ട്രിവാൻഡ്രം വാട്ടർ സപ്ലൈ സ്കീം വന്നു കഴിഞ്ഞാൽ ശ്രീകാര്യം, ആറ്റിപ്ര, കഴക്കൂട്ടം, മലയിൻകീഴ്, പേയാട്, തിരുവല്ലം, കോവളം, നേമം അതുപോലെ തിരുവനന്തപുരത്തിനു ചുറ്റുമുള്ള നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടി കുടിവെള്ളം എത്തിക്കാനുള്ള സോഴ്സ് ഉണ്ടാകും.

അതിനുകൂടിയുള്ള ശ്രമം അടിയന്തിരമായി നടത്തണം. അതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം, വാട്ടറിന്റെ ചാർജ്ജ് നിശ്ചയിക്കുവാൻ നമ്മൾ ഈ ബില്ലിനകത്ത് അനുവാദം കൊടുത്തിട്ടുണ്ട്. അതിനു ഞാൻ നിങ്ങളുടെ കൂടെയാണ്. സംശയമൊന്നുമില്ല. അതിലെ താരിഫ് റേറ്റ് എന്നു പറയുന്നത് ആയിരം ലിറ്ററിന് 50 പൈസയായിരുന്നത് 75 പൈസയാക്കി വർദ്ധിപ്പിച്ചു. നോൺ ഡൊമസ്റ്റിക് പർപ്പസിനു വേണ്ടി ആയിരം ലിറ്ററിന് ഒരു രൂപയായിരുന്നത് രണ്ടു രൂപയാക്കി വർദ്ധിപ്പിച്ചു. ഇത് 1982-ൽ ഉണ്ടാക്കിയ റേറ്റാണ്. 1985-ൽ അത് വർദ്ധിപ്പിച്ചിരിക്കുന്നു. കുടിവെള്ളത്തിന്റെ കാര്യത്തിൽ നമുക്ക് അനേകം ബുദ്ധിമുട്ടുകളൊക്കെയുണ്ട്. ഗവൺമെന്റിന് പ്രയാസമുണ്ട് അതൊക്കെ ഞാൻ സമ്മതിക്കുന്നു. ഈ പാവപ്പെട്ട നഗരവാസികളെ നമ്മൾ വെള്ളത്തിനു വേണ്ടി കൂടുതൽ ടാക്സ് ചെയ്യുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് അത് കാര്യമായി പരിശോധിക്കണം. ഇവിടെ നമ്മൾ ഒരു ഫ്രീ അലവൻസ് നൽകുന്നുണ്ട്. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ഫ്രീ അലവൻസ് നൽകുന്നുണ്ട്. 350 ലിറ്റർ പെർ ഡേ. കോർപ്പറേഷൻ നിശ്ചയിക്കുന്ന വാടകയ്ക്കനുസരിച്ചാണ്. അത് 350 മുതൽ 700 വരെ ലിറ്ററാണ് ഫ്രീ അലവൻസ്. ഞാൻ മനസ്സിലാക്കുന്നത് ആ ഫ്രീ അലവൻസ് നിർത്തലാക്കാൻ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ആലോചിക്കുന്നു എന്നാണ്. ഗവൺമെന്റിന്റെ കാലാകാലങ്ങളിലുള്ള അറിവും സമ്മതത്തോടും കൂടി മാത്രമേ അവസാനമായി ഇതിന്റെ ചാർജ്ജ് പുതുക്കുകയും നിശ്ചയിക്കുകയും ചെയ്യാവൂ എന്നുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടാകുന്നത് ഗുണകരമാണ് എന്നാണ് എന്റെ അഭിപ്രായം. ഈ ഫ്രീ അലവൻസ് വളരെ കാലം മുമ്പ് തുടങ്ങിയതാണ്. ഞാൻ മനസ്സിലാക്കുന്നത് മഹാരാജാക്കൻമാരുടെ കാലത്താണ് ആരംഭിച്ചത് എന്നാണ്. പൊന്നുതമ്പുരാക്കൻമാരുടെ കാലത്ത് ആരംഭിച്ച ഒരു സൗജന്യം ഈ അഭിനവ തമ്പുരാക്കൻമാരായ നമ്മുടെ കാലത്ത് നിർത്തിക്കളയേണ്ട. ജനങ്ങൾക്ക് പ്രയോജനമുള്ളതല്ലേ. ഏത് ഗവൺമെന്റ് ഭരിച്ചാലും ഇത് സാധാരണക്കാരായ നഗരവാസികളെ സംബന്ധിച്ചിടത്തോളം പ്രയോജനമുള്ള ഒരു കാര്യമാണ്.

അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഇപ്പോൾ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ സ്കീംസിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. സ്വീവേജ്-ഡ്രെയിനേജ് ലൈൻസ്-സ്വീവേജ് വർക്ക് അതിന് പ്രാധാന്യമില്ല. എന്തുകൊണ്ടാണ് പ്രാധാന്യമില്ലാത്തത്? ഫണ്ട്സ് ഇല്ല എന്നു പറയുമായിരിക്കും. അതിന് ഫണ്ട്സ് കണ്ടുപിടിക്കണം. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് എവിടെ നിന്നു കിട്ടും എന്നു നോക്കണം. തിരുവനന്തപുരത്തെ സ്ഥിതി അങ്ങേയ്ക്കറിയാമോ? ഇവിടെ ബഹുമാനപ്പെട്ട പി. എ. പി. ഉണ്ട്. അദ്ദേഹം താമസിക്കുന്നതിന്റെ അടുത്ത് വരെ ഡ്രൈനേജ് ലൈനുകൾ പൊട്ടി മലിനജലം ഒഴുകുകയാണ്. ആ മലിനജലം ഒഴുകുന്നത് നിങ്ങളാരും കണ്ടില്ല, നിങ്ങൾക്ക് ശ്രീ. ഗംഗാധരൻ മലിനജലം ഒഴുക്കുന്നു എന്നുള്ളതാണ് ആക്ഷേപം! പ്രതിപക്ഷമെമ്പർമാരായ നിങ്ങളിൽ പല ആളുകളും..... (ബഹളം).....ഇവിടെ നഗരത്തെ മലീമസമാക്കുന്ന നിലയിൽ 30 കൊല്ലം മുമ്പ് ഡ്രെയിനേജ് പൈപ്പുകൾ മുഴുവൻ ഓവർ ലോഡഡ് ആയി അത് പൊട്ടി ഒലിച്ച് നഗരത്തിന്റെ പല ഭാഗത്തും മലിനജലം ഒഴുകുന്നു. ആ സ്വീവേജ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ഹസ്സൻ, ശ്രീ. നമ്പാടൻ ഒരു ചോദ്യം ചോദിക്കുന്നു, വഴങ്ങുന്നുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ: ഇല്ല, ഞാൻ വഴങ്ങുന്നില്ല, ആർക്കു വഴങ്ങിയാലും ശ്രീ. നമ്പാടന് സൂക്ഷിച്ചുവേണം വഴങ്ങാൻ. ഈ ഡ്രെയിനേജ് പൈപ്പുകൾ ഇട്ടിട്ട് ദീർഘകാലമായി. നഗരങ്ങളിലെ ഓരോ വീടുകളിൽ നിന്നുമുള്ള മലിനജലം ഡ്രെയിനേജ് പൈപ്പുകളിലേക്കാണ് ഒഴുക്കുന്നത്, അത് അങ്ങനെ ഒഴുക്കാൻ പാടില്ല എന്നുള്ളതാണ്. പക്ഷേ അക്കാരണത്താൽ ഓവർ ലോഡഡ് ആയി ഈ പൈപ്പുകളെല്ലാം പൊട്ടി ഒലിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലോ അല്ലെങ്കിൽ കൊച്ചിയിലോ, കോഴിക്കോടോ മാത്രം ഒതുങ്ങി നിൽക്കുന്ന ഈ സ്വീവേജ് വർക്ക്സ്, അത് നമ്മുടെ രാജ്യത്തുടനീളം വ്യാപിപ്പിച്ചുകൊണ്ട് ഡ്രെയിനേജ് ലൈനുകൾ ശക്തിപ്പെടുത്തണം. ഇത് മാത്രമല്ല മഴ വന്നാൽ, അതുപോലെ തന്നെ വെള്ളപ്പൊക്കമുണ്ടായാൽ അതിന് ഡ്രെയിൻസ് നമുക്ക് ഉണ്ടാക്കണം-ഇതെല്ലാം ഉണ്ടാക്കിക്കൊടുക്കുന്നതിന്, ഈ സ്വീവേജ് വർക്ക്സിന്-അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചാൽ ഉടനെ ശ്രീ. ഹംസയും ശ്രീ. കോടിയേരിയുമൊക്കെ പറയും ഇതാ പൈപ്പ് വാങ്ങിക്കുന്നു, അതിനും വരും ആക്ഷേപം. ഇല്ലാത്ത പണം ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വഴി ലഭ്യമാക്കി ഈ സ്വീവേജ് പ്രവർത്തനം ശക്തിപ്പെടുത്താമെന്നു കരുതിയാൽ അതിനും നിങ്ങൾക്ക് പ്രതിഷേധമുണ്ടാകും. നിത്യജീവിതത്തിൽ കുടിവെള്ളമായാലും വേസ്റ്റ് വാട്ടറിനുള്ള ഡ്രെയിൻസ് ആയാലും അവ കൊടുക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഡ്രെയിനേജ് ലൈൻസ് എന്നു പറയുന്നത് നിസ്സാരമായ കാര്യമായി കാണരുത്.

സർ, ഇവിടെ മാറിമാറി വന്നിട്ടുള്ള ഗവൺമെന്റുകൾ ഒന്നും സ്വീവേജ് വർക്ക്സിന് പ്രാധാന്യം നൽകിയിരുന്നില്ല. ഈ ഡിപ്പാർട്ട്മെന്റുകളുടെ കീഴിൽ വളരെ തുച്ഛമായ പണമേ കൊള്ളിക്കുന്നുള്ളൂ. അതിന്റെ ബുദ്ധിമുട്ട് നഗരവാസികൾ വളരെയേറെ അനുഭവിക്കുന്നു. നാട്ടിൻപുറങ്ങളിലാണെങ്കിൽ അതിനുള്ള ശാസ്ത്രീയമായ സംവിധാനം ഇല്ല. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഫലമായി കൂടുതൽ പണമുണ്ടാക്കി നഗരങ്ങളിൽ പൈപ്പ് ലൈനുകൾ ശക്തിപ്പെടുത്തി ഗ്രാമങ്ങളിലേക്ക് കൂടി ഇതിന്റെ പ്രവർത്തനം എങ്ങനെ ശക്തിപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് കൂടി ശ്രീ. എം. പി. ഗംഗാധരൻ ഇതിന്റെ ചെയർമാൻ എന്ന നിലയ്ക്ക് ആലോചിക്കണം. എന്തുനല്ല കാര്യം ചെയ്താലും പ്രതിപക്ഷങ്ങൾ പറയും, അവർ പറയട്ടെ. എത്ര നല്ല തേനും പാലും കൊടുത്താലും പ്രതിപക്ഷത്തെ ആളുകൾക്ക് കൊതുകിന്റെ സ്വഭാവമാണ്. നിങ്ങൾ രാഷ്ട്രീയ കൊതുകുകളാണ്. നിങ്ങൾക്ക് ചോരയല്ലാതെ മറ്റൊന്നും രുചിക്കുകയില്ല. നിങ്ങൾക്ക് ആരോപണങ്ങളല്ലാതെ മറ്റൊന്നും പറയാനില്ല. തേനും പാലും തന്നാലും ചോര കണ്ടാൽ നിങ്ങൾ അവിടെ ചാടിവീഴും. അങ്ങനെയുള്ള രാഷ്ട്രീയ കൊതുകുകളാണ് പ്രതിപക്ഷത്തിരുന്നുകൊണ്ട് നല്ല കാര്യങ്ങളെയെല്ലാം എതിർക്കുന്നത്. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളുടെ ഗ്ലാമർ തകർക്കാൻ നിങ്ങൾ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി ശ്രമിക്കുമ്പോൾ ആ വക പ്രവർത്തികളെ ചൂണ്ടിക്കാണിക്കാനുള്ള ബാദ്ധ്യത ഞങ്ങൾക്കുണ്ട്.

6 P.M.]

ശ്രീ. എ. കെ. ശശീന്ദ്രൻ: രാഷ്ട്രീയമായി ഡിഫെൻഡ് ചെയ്യേണ്ടത് കൊണ്ടുമാത്രം ഡിഫെൻഡ് ചെയ്യുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, വസ്തുതകളല്ലേ. ശുദ്ധജല വിതരണ രംഗത്തുണ്ടായ മാറ്റമാണ്. നിത്യജീവിതത്തിൽ നമുക്ക് ആവശ്യമുള്ള പരമപ്രധാനമായ സർവീസേജ് വർക്കുകളെല്ലാം ചെയ്യണം. ശ്രീ. ആർ. എസ്സ്. ഉണ്ണി പറഞ്ഞ വാക്കുകളിൽ 6-ാം പദ്ധതിയും ഈ പ്രശ്നത്തിന്റെ ഗൗരവവും അതിന്റെ അടങ്കൽ തുക വർദ്ധനവും ഈ ഡീക്കെഡിൽ ഇതിനുവേണ്ടി മാറ്റി വെക്കപ്പെട്ടതുമായതു കൊണ്ട് ആ കാലഘട്ടത്തിൽ ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായിപ്പോയതുകൊണ്ട് ഈ പ്രവർത്തനങ്ങളെയെല്ലാം നിങ്ങൾ എതിർക്കുന്നു. നിങ്ങൾക്ക് അദ്ദേഹത്തോട് രാഷ്ട്രീയമായ വൈരാഗ്യം തീർക്കാൻ വേണ്ടിയാണ് ജനോപകാരപ്രദമായ ഈ പ്രവർത്തനങ്ങളെയെല്ലാം എതിർക്കുന്നത്. അത് എത്രമാത്രം മ്ലേച്ഛമായിട്ടുള്ള കാര്യമാണ്. ശുദ്ധജലവിതരണ രംഗത്തുണ്ടായ മാറ്റങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. ഇവിടെ പലരും ഈ അതോറിറ്റി ഉണ്ടാക്കുന്നതിനെ പരിഹസിച്ചു.

നമ്മുടെ ആരാദ്ധ്യയായ പ്രധാനമന്ത്രി ഇരുപതിനപരിപാടി പ്രഖ്യാപിച്ചു. അപ്പോൾ ശ്രീ. ബേബി ജോൺ അടക്കമുള്ള ആളുകൾ പറഞ്ഞു, അതൊരു പ്രധാനപ്പെട്ട കാര്യമാണ് എന്ന്. ഇരുപതിനപരിപാടി പ്രഖ്യാപിച്ചായാലും അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ട് വിപ്ലവകരമായ പല മാറ്റങ്ങളും ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായി. വ്യക്തിപരമായ വിമർശനങ്ങളും രാഷ്ട്രീയമായ തേജോവധങ്ങളും മാറ്റിവെച്ചിട്ട് സബ്ജക്ടീവായിട്ട് ഇതിനെ ഒന്ന് സമീപിക്കണം. വസ്തുനിഷ്ഠമായിട്ട് നിങ്ങൾക്ക് ഇതിനെ സമീപിക്കാമോ? ശുദ്ധജലവിതരണരംഗത്ത് മാറ്റമുണ്ടായില്ല എന്ന് നെഞ്ചിൽ കൈവച്ചുകൊണ്ട് നിങ്ങൾക്ക് പറയാമോ? ഒരു കുതിച്ചു ചാട്ടത്തിനുവേണ്ടി തന്നെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ ലക്ഷ്യം സാങ്കേതിക പ്രശ്നങ്ങളുടെയും ഭരണനടപടികളുടെയും നൂലാമാലകളിൽ കുടുക്കി ഈ ഗവൺമെന്റിന്റെ പ്രവർത്തനം ഒച്ചിഴയുന്നതുപോലെ ആക്കാനുള്ള സംവിധാനമാണ്. നിങ്ങൾ സ്വപ്നം കാണുന്നത് അതാണ്. അതുകൊണ്ടാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത് എന്നു പറഞ്ഞാൽ നിഷേധിക്കാൻ പറ്റുമോ? വേഗത്തിൽ നടക്കണം, അതിവേഗത്തിൽ കാര്യങ്ങൾ മുന്നേറുകയും വേണം. സ്വതന്ത്രസ്ഥാപനമായി പ്രവർത്തിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉണ്ടാകണം. എന്തു സാമ്പത്തിക അച്ചടക്കം പാലിക്കണം എന്നു പറഞ്ഞാലും അതിൽ വിമർശനം ഉൾക്കൊള്ളാൻ ഈ ഗവൺമെന്റ് തയ്യാറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അധികച്ചെലവ് പാടില്ല, ഇതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കണം, അല്ലെങ്കിൽ നിയമനങ്ങളെ സംബന്ധിച്ച് പുനരാലോചന നടത്തണമെന്നൊക്കെയുള്ള സൃഷ്ടിപരമായ, ആരോഗ്യപരമായ സമീപനങ്ങൾ ഉൾക്കൊള്ളാൻ ഈ ഗവൺമെന്റ് തയ്യാറാണ്. അല്ലാതെ ഇതിനെ അടക്കിപ്പിടിച്ച് ആക്ഷേപിക്കരുത്. ഈ നിയമം കേരളത്തിലെ കുടിവെള്ളം കിട്ടാത്തവരെ സഹായിക്കാനുള്ള നിയമമാണ്. അതിൽ സംശയമില്ല. ഏത് ഗവൺമെന്റ് വന്നാലും ഈ നിയമം പരിരക്ഷയോടുകൂടി, സ്വതന്ത്രമായ സംവിധാനം നിലനിർത്തിക്കൊണ്ട് ആ സമീപനത്തിലൂടെ മാത്രമേ മുന്നോട്ടു പോകുകയുള്ളൂ. കൂടുതൽ സ്ഥാപനങ്ങളിൽ നിന്ന് പണമെടുത്തുകൊണ്ട് മാത്രമേ ശുദ്ധജലവിതരണ രംഗത്ത് മാറ്റം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഈ ബില്ലിന്റെ മറയിൽ ശ്രീ. എം. പി. ഗംഗാധരനെ കടിച്ചുകീറാമെന്ന് നിങ്ങൾ വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതിനെതിരെ ശക്തിയായി ഞങ്ങൾ എതിർക്കും. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

2/21/2010—19

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി)

ശ്രീ. പി. വിജയദാസ്: സർ, ശ്രീ. ഹസ്സന്റെ പ്രസംഗം കേട്ടപ്പോഴാണ് ഒരു കാര്യം ഓർമ്മ വരുന്നത്. കേരളം മുഴുവൻ ഒരു വലിയ പ്രളയം. ഒരു അരയാലിൽ നമ്മുടെ ബഹുമാനപ്പെട്ട കൃഷ്ണൻ കിടക്കുന്നതാണ് ഓർമ്മ വരുന്നത്. അത് അഴുക്കുവെള്ളം ആണോ ശുദ്ധജലമാണോ എന്നറിയുകയില്ല. ശ്രീ. ഹസ്സൻ സൂചിപ്പിച്ച, പ്രതിപക്ഷങ്ങൾ ഈ നിയമത്തെ എതിർക്കുന്നത് ഇഷ്ടമില്ലാത്ത അച്ചി തൊട്ടതിനെയെല്ലാം എതിർക്കുന്നതു പോലെയാണ് എന്നാണ്. ഈ ബില്ലിൽ അടങ്ങിയിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് അത് തിരുത്തണം എന്ന് സൂചിപ്പിച്ചാൽ അത് ഈ രാജ്യത്ത് ഒരു നിയമം കൊണ്ടുവരേണ്ട എന്നുള്ള ഉദ്ദേശത്തോടുകൂടി പറഞ്ഞതാണ് എന്ന ധ്വനി ഉണ്ടോ ? ഈ ബിൽ കൊണ്ടു വന്നത് ഏത് സാഹചര്യത്തിലാണെന്നുകൂടി നാം കണക്കിലെടുക്കണം. ആദ്യം ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസ് തന്നെ വളരെ ദീർഘവീക്ഷണമില്ലാതെ വളരെ പെട്ടെന്ന് ചില കാര്യങ്ങൾ നേടിയെടുക്കാനുള്ള നിഗൂഢമായ ഉദ്ദേശ്യത്തോടുകൂടിയാണ് കൊണ്ടുവന്നത്. ആ ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്ന് ഇവിടെ അവതരിപ്പിച്ചതുപോലെയുള്ള ഒരു ബിൽ കൊണ്ടുവരാമായിരുന്നു. മറ്റ് പല സംസ്ഥാനങ്ങളിലും നടന്നതുപോലെ ചെയ്യാതെ, ആ ഓർഡിനൻസിൽ പോലും അപാകതകൾ കടന്നുകൂടിയിട്ടുണ്ടായിരുന്നു. അത് ഉടനെ തിരുത്തി വീണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട സാഹചര്യം വരെ ഉണ്ടായി. അങ്ങിനെ ഒരു ഓർഡിനൻസിന്റെ വെളിച്ചത്തിൽ ആണ് ഇത് തുടക്കം കുറിച്ചത്. ആ ഓർഡിനൻസിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെ പലതും എടുത്തു സൂചിപ്പിച്ചു. ഈ ബില്ലിൽ പറയുന്നപോലെ മന്ത്രി സ്വയം ഭരണാധികാരമുള്ള ഒരു ഓട്ടോണമസ് ബോഡിയുടെ ചെയർമാനാണ്. മന്ത്രി ചെയർമാനാകുന്നതിൽ ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ നല്ലകാര്യങ്ങൾ ഉണ്ടെങ്കിൽ അത് അനുഭവത്തിന്റെ വെളിച്ചത്തിൽ സമ്മതിക്കാൻ ഞങ്ങൾ തയ്യാറാണ്. മന്ത്രി ചെയർമാനായി ഉണ്ടാക്കിയ ബോർഡ് നടപ്പിലാക്കിയ കാര്യങ്ങൾ ഒന്നൊന്നായി നമ്മൾ എടുത്തു പരിശോധിച്ചാൽ ഒരു കാര്യം മനസ്സിലാകും. മന്ത്രി ചെയർമാനായി വന്നതിന് ശേഷം നടപ്പിലാക്കിയ കാര്യങ്ങൾ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട്, നിയമങ്ങളെ ലംഘിച്ചുകൊണ്ട്, സ്വന്തം ആളുകളുടെ താൽപ്പര്യത്തിനുവേണ്ടി മാത്രമാണ് എന്ന് മനസ്സിലാകും. ഇത് ജനങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള താൽപ്പര്യമാണോ? നാട്ടിൻ പുറത്തുള്ള പാവപ്പെട്ട ആളുകൾക്ക് വെള്ളം കൊടുക്കാനുള്ള താൽപ്പര്യമാണോ, ആ ഓർഡിനൻസിന്റെ പിന്നിലുള്ളത്? അതല്ല. ഇതിന്റെയകത്ത് നിഗൂഢമായ ചില കാര്യങ്ങളുണ്ടായിരുന്നു. അത് അദ്ദേഹം ചെയ്ത കാര്യങ്ങൾ ഓരോന്നായി എടുത്തു പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും.

നിയമനത്തിന്റെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. ശ്രീ. ഹസ്സൻ സൂചിപ്പിച്ചതുപോലെ ഞാനും ചോദിക്കുന്നു. ഇത് ഒരു വെള്ളരിക്കാപട്ടണമാണോ ? മന്ത്രി ചെയർമാനായി ഒരു ബോർഡ് കൂടുന്നു, ആ ബോർഡിൽതന്നെ നിയമനത്തിനുള്ള യോഗ്യതകൾ തീരുമാനിക്കുന്നു. ആ ബോർഡിൽതന്നെ നിയമനത്തിനുള്ള ആളുകളുടെ ശമ്പളവും തീരുമാനിക്കുന്നു. ആ ബോർഡിൽ തന്നെ യാതൊരു പ്രകോപനവും കൂടാതെ ആളിനെ നിയമിക്കുകയും ചെയ്യുന്നു. ഇത് വെള്ളരിക്കാപട്ടണമാണോ? ഇത് നിയമപരമായി ചട്ടപ്രകാരം നടത്താൻ ആ അതോറിറ്റിക്ക് ആ ബോർഡിന് കൊടുക്കാമായിരുന്നു. വെള്ളം കൊടുക്കാനുള്ള താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലല്ല അത് ചെയ്തത്, പിന്നെയോ പല ആളുകളേയും തിരുകികയറ്റാനാണ്. ആ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചതിനുശേഷവും അതിന് മുൻപുള്ള വെള്ളം കൊടുത്തതിന്റെ കണക്ക് നോക്കിയാൽ നമുക്ക് മനസ്സിലാക്കാം. എവിടെയാണ്? പി. എച്ച്. ഇ. ഡി.-യിൽ ഉണ്ടായിരുന്ന ആളുകളെ ഈ ബോർഡിലേക്ക് അബ്സോർബ് ചെയ്തു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ നേരിട്ടുള്ള നിയമനത്തിലാണ് പി. എച്ച്. ഇ. ഡി.-യിൽ ആളുകളെ നിയമിച്ചിരുന്നത്. പി. എസ്. സി. നടപ്പിലാക്കുന്ന ആ നടപടിക്രമങ്ങളും സംവരണവും വ്യവസ്ഥകളുമാണ് ഇവിടേയും. ഈ രാജ്യത്തുള്ള നിയമനടപടികളൊക്കെ ലംഘിച്ചുകൊണ്ട്, ഇന്നലെവരെ കേരളത്തിലെ ജനങ്ങൾക്ക് അനുവദിച്ചുകൊണ്ടിരുന്ന നിയമ ആനുകൂല്യങ്ങൾ പാടെ ലംഘിച്ചുകൊണ്ട് മന്ത്രിയുടെ ഇഷ്ടാനുസരണം ചില ആളുകളെ തിരുകികയറ്റാൻ മനഃപൂർവ്വം ഉണ്ടാക്കിയതാണ് ആ ബോർഡ്. ആ ഓർഡിനൻസ് എന്ന വാക്ക് അറിഞ്ഞു കൊടുത്തതാണ്. പി. എസ്. സി.-യുടെ ആനുകൂല്യം കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക്-നിരപരാധികളെന്നു ഞാൻ പറയുന്നില്ല-പട്ടികജാതിയിൽപ്പെട്ട, ഹരിജൻ-ഗിരിജൻ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സംവരണത്തിന്റെ അടിസ്ഥാനത്തിലാണ് പി. എസ്. സി. അപേക്ഷ ക്ഷണിക്കുന്നതും നിയമനം നടത്തുന്നതും. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായി അധികാരത്തിൽ വന്നതിന്റെ പിറ്റേന്ന് ആ നടപടിക്രമങ്ങളെ ലംഘിച്ചുകൊണ്ട് നേരിട്ട് നിയമനം നടത്തുക. അത് ലജ്ജാകരമല്ലേ മന്ത്രി. നിങ്ങൾ ആദ്യത്തെ ബോർഡിൽ ക്വാളിഫിക്കേഷൻ നിശ്ചയിക്കുകയും ശമ്പളസ്കെയിൽ ഫിക്സ് ചെയ്യുകയും അതിന്റെ അടിയിൽ ഒരാളെ നിയമിക്കുകയും ചെയ്യുന്നു. ഈ മന്ത്രിക്ക് അതിനെക്കുറിച്ച് ഓർമ്മിക്കാൻ കഴിയുമോ? നിയമം ലംഘിച്ച ഇത്ര നാണം കെട്ട പണി സ്വന്തം ആളുകളെ തിരുകിക്കയറ്റാൻ ഒരു ബോർഡ് ഉണ്ടാക്കി, ഒരു അതോറിറ്റിയുണ്ടാക്കി ചെയ്തിരിക്കുന്നു. സർ, ഇത് കേരളത്തിലല്ലാതെ മറ്റെവിടെയെങ്കിലും നടക്കുമോ? ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞു. ശ്രീ. എം. പി. ഗംഗാധരൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ശ്ലാമറാണെന്ന്. കഷ്ടമാണ് സർ, ഈ ഗവൺമെന്റിന്റെ ശ്ലാമർ ഇതാണെങ്കിൽ കേരളത്തിന്റെ സ്ഥിതി എന്താണ് സർ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ഹസ്സൻ മന്ത്രിയെ കളിയാക്കി പറഞ്ഞതാണെന്ന് മെമ്പർക്ക് മനസ്സിലായില്ലേ?

ശ്രീ. പി. വിജയദാസ്: ശ്രീ. ഹസ്സന്റെ പ്രസംഗം അവസാനിച്ചപ്പോഴാണ് എനിക്ക് അതു മനസ്സിലായത്. ശ്രീ. ബാലകൃഷ്ണപിള്ളയെ പോലെ ശ്രീ. ഗംഗാധരനേയും കൊണ്ടു ചെന്നെത്തിക്കാനാണ് ശ്രീ. ഹസ്സൻ ഈ അടവു പ്രയോഗിച്ചത്. ഇങ്ങനെയൊക്കെയാണ് ഈ ഗവൺമെന്റിന്റെ ശ്ലാമറെങ്കിൽ ഞങ്ങളൊക്കെ ഇത് സഹിച്ചേ മതിയാവൂ. ഇവിടത്തെ നിയമനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പാലിക്കുന്ന സംവരണ തത്വങ്ങളും നടപടിക്രമങ്ങളും പാലിക്കാൻ നിങ്ങളും ബാദ്ധ്യസ്ഥരാണ്. അതു ലംഘിച്ചു അതിൽ ലൂപ്പ്ഹോൾ ഉണ്ടാക്കുന്ന നടപടി ശരിയല്ല. ഇതു പ്രതിപക്ഷം പറയുമ്പോൾ ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നു പറയുന്നതു ശരിയാണോ? ഈ നിയമനങ്ങളിൽ നടന്ന മറ്റ് കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുന്നില്ല.

ശ്രീ. എം. പി. ഗംഗാധരൻ: ഈ ബോർഡ് രൂപീകരിച്ചപ്പോൾ നടത്തിയ നിയമനങ്ങൾ ശരിയാണെന്ന് ഹൈക്കോടതിവരെ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: ഹൈക്കോടതി വരെ ശരിയാണെന്നു പറഞ്ഞു ഈ നിയമനങ്ങളിൽ സംവരണതത്വങ്ങൾ പാലിച്ചിട്ടുണ്ടോ? ഒരൊറ്റ മുസ്ലീമിനെയെങ്കിലും ഇവിടെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: ഉവ്വ്. ഈ ബോർഡ് രൂപീകരിച്ച കാലഘട്ടത്തിൽ ബോർഡിന് മുന്നോട്ടു പോകാൻ വേണ്ടി ഉണ്ടാക്കിയ സ്കെൽട്ടൻ സ്റ്റാഫിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രമോഷൻ വഴിയും ട്രാൻസ്ഫർ വഴിയും എല്ലാം കൂടി 33 പേരെ നിയമാനുസരണമാണ് നിയമിച്ചത്. അതിൽ മുസ്ലിമും പട്ടികജാതി പട്ടികവർഗ്ഗവും ബാക്ക്വാഡ് ക്ലാസ്സും എല്ലാംകൂടി എട്ടൊൻപതുപേരുണ്ട്. അതു വേണമെങ്കിൽ പരിശോധിക്കാം.

ശ്രീ. പി. വിജയദാസ്: അതിന്റെ ശതമാനമൊക്കെ ഇവിടെ പരസ്പരം പറഞ്ഞു കഴിഞ്ഞതാണ്.

ശ്രീ. എം. പി. ഗംഗാധരൻ: നിങ്ങൾ കളവാണ് പറയുന്നത്. ഞാൻ സത്യമാണ് പറയുന്നത്.

ശ്രീ. പി. വിജയദാസ്: ഡെയിലിവേജസ്സെന്നും മറ്റുമൊക്കെ പറഞ്ഞു ആയിരക്കണക്കിന് ആളുകളെ തിരുകികയറ്റിയിരിക്കുകയാണ്. ഇതൊക്കെ അങ്ങാടിപ്പാട്ടാണ്. നിങ്ങൾ നിയമിക്കുന്നതിൽ ഞങ്ങൾ എതിരല്ല. പക്ഷെ അതിന്റെ നടപടിക്രമം പാലിക്കണം. സാങ്കേതിക പരിജ്ഞാനം ഉള്ളവരെ നിയമിക്കേണ്ടിവരുമ്പോൾ അവരുടെ ക്വാളിഫിക്കേഷൻ നിശ്ചയിക്കണം. നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിക്കണം. അതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.

നിങ്ങൾ ചെയ്തിട്ടുള്ള മുഴുവൻ കാര്യങ്ങളെപ്പറ്റിയും മോശമായ അഭിപ്രായമാണുള്ളത്. കേരളത്തിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി ഒരു അതോറിറ്റിയുണ്ടാക്കിയിട്ടു ഒന്നരവർഷക്കാലമായി. എന്നിട്ട് വെള്ളം എത്തിച്ചോ? ഇവിടെ വിപ്ലവം കാണിച്ചെന്നു ശ്രീ. ഹസ്സൻ പറഞ്ഞു. മുഴുവൻ സ്ഥലത്തും പൈപ്പ് കുഴിച്ചിട്ട് വെള്ളം കൊടുക്കും എന്ന ഒരു പ്രതീതി ഉണ്ടാക്കിയെന്നല്ലാതെ വെള്ളം എവിടെയെങ്കിലും കൊടുത്തിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? കിണറിന്റെ ഉദ്ഘാടനവും മറ്റും ധാരാളം നടന്നിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. പൈപ്പ് വാങ്ങാതെ, പൈപ്പ് ഇല്ലാതെ വെള്ളം കൊടുക്കാൻ കഴിയുമെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷെ ടെൻഡറില്ലാതെ പൈപ്പ് വാങ്ങിയിട്ട് അതു മുഖ്യമന്ത്രി പറഞ്ഞിട്ടാണെന്നു പറഞ്ഞാൽ അതു നിയമമാണോ ? ഏതു ചട്ടപ്രകാരമാണ് അത്? മുഖ്യമന്ത്രി പറഞ്ഞാൽ ടെൻഡറില്ലാതെ പൈപ്പ് വാങ്ങാമോ?

ശ്രീ. എം. പി. ഗംഗാധരൻ: ടെൻഡറില്ലാതെ പൈപ്പ് വാങ്ങിയെന്ന് മുഖ്യമന്ത്രി പറഞ്ഞില്ല. അദ്ദേഹം പറഞ്ഞത് വരൾച്ചക്കാലത്ത് പൈപ്പ് വാങ്ങിയതിനെ സംബന്ധിച്ചാണ്. ക്യാബിനറ്റ് കൂടി ഉത്തരവാദിത്തത്തോടുകൂടിയാണ് പൈപ്പ് വാങ്ങിയത്. മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ് ടെൻഡർ ഇല്ലാതെ ഒരു മീറ്റർ പൈപ്പ് പോലും വാങ്ങിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: സർ, അതെല്ലാം പത്രങ്ങളിൽ വന്നതും എത്രയോ തവണ ഈ നിയമസഭയിൽ പറഞ്ഞതുമാണ്.

ശ്രീ. പി. ഗംഗാധരൻ: ഞാൻ വളരെ ക്ലിയറായിട്ട് പറയുകയാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ റേറ്റ് കോൺട്രാക്റ്റിനു ബാധകമായല്ലാതെ, ടെൻഡറില്ലാതെ ഒരു മീറ്റർ പൈപ്പ് പോലും വാങ്ങിച്ചിട്ടില്ല.

ശ്രീ. പി. വിജയദാസ്: റേറ്റ് കോൺട്രാക്റ്റെന്നൊക്കെ പ്രസംഗിക്കാം. അതിന് രേഖകളുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പൈപ്പ് കുംഭകോണത്തിൽ അഴിമതിയൊന്നുമില്ലെങ്കിൽ നിഷ്പക്ഷമായ ഒരു അന്വേഷണകമ്മീഷനെ നേരിടാൻ മന്ത്രി ഭയക്കുന്നതെന്തിനാണ്? അതുതന്നെ അതിൽ അഴിമതി ഉണ്ടെന്നതിന് തെളിവല്ലേ?

ശ്രീ. എം. പി. ഗംഗാധരൻ: പൈപ്പ് വാങ്ങിയതിൽ കുംഭകോണം നടന്നിട്ടുണ്ടെന്നു ആർക്കെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അഴിമതി നിരോധന കമ്മീഷന്റെ മുമ്പിൽ പരാതിപ്പെട്ടു കൂടെ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അഴിമതി നിരോധന കമ്മീഷൻ ഉണ്ടായിരുന്നിട്ടും ഇടമലയാർ, കല്ലട പദ്ധതികളെ സംബന്ധിച്ചു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചത് ഈ കമ്മീഷൻ പറ്റില്ല എന്നു ഗവൺമെന്റിന് അറിയാവുന്നതു കൊണ്ടല്ലേ?

ശ്രീ. പി. വിജയദാസ്: അഴിമതി നിരോധന കമ്മീഷന്റെ കാര്യമൊക്കെ നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. പ്രധാനമന്ത്രിയടക്കം ഇക്കാര്യത്തിൽ ഇടപ്പെട്ടതാണ്. ഇടമലയാറും കല്ലടയുമൊക്കെ ഈ സഭയിൽ പറഞ്ഞിട്ട് നിവൃത്തിയില്ലാത്തതുകൊണ്ട് നമ്മൾ വിട്ടു. അല്ലെങ്കിൽ അഴിമതി നിരോധന കമ്മീഷന്റെ മുമ്പിൽ പോയാൽ മതിയായിരുന്നല്ലോ? നിയമം ഈ രാജ്യത്തു നടപ്പാക്കുന്ന ആളുകൾക്ക് .....

ശ്രീ. എ. കെ. ശശീന്ദ്രൻ: ആക്ഷേപം ഉണ്ടെങ്കിൽ അതു കമ്മീഷന്റെ മുമ്പിൽ എഴുതികൊടുത്തുകൂടെ എന്നു ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചു. അഴിമതി നിരോധന കമ്മീഷൻ തന്നെ പുനഃപരിശോധിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടെ കൊടുക്കാൻ നിവൃത്തിയില്ല. മന്ത്രിക്ക് അത്രയേറെ വിശ്വാസമാണെങ്കിൽ ഈ നിയമസഭയിലെ 10 അംഗങ്ങളെക്കൊണ്ട് അന്വേഷിപ്പിക്കാൻ ധൈര്യമുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: ധൈര്യം ഉണ്ടെങ്കിൽ, ആണത്തം ഉണ്ടെങ്കിൽ, കമ്മീഷന്റെ മുമ്പിൽ ഒരു പരാതി എഴുതിക്കൊടുക്ക്. പ്രധാനമന്ത്രിക്ക് വരെ എഴുതി കൊടുത്തില്ലേ? .....(ബഹളം).....

ശ്രീ. എ. കെ. ശശീന്ദ്രൻ: ആത്മവിശ്വാസം ഉണ്ടെങ്കിൽ, അഭിമാനം ഉണ്ടെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. എം. പി. ഗംഗാധരൻ: അതിന് ഇപ്പോൾ ഇവിടെ ഒരു സംവിധാനം ഉണ്ട്. ധൈര്യം ഉണ്ടെങ്കിൽ ഇവിടെ ആരോപണം ഉന്നയിക്കണം. നിയമസഭയ്ക്കകത്തുവെച്ച് എന്തും പറയാം. ഇവിടെ പ്രൊട്ടക്ഷനുണ്ട്.

ശ്രീ. പി. വിജയദാസ്: ഒരു നിയമസഭാ മെമ്പറുടെ അവകാശം ഉപയോഗിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ആ കമ്മീഷൻ തന്നെ പറയുന്നത് കമ്മീഷന് അപര്യാപ്തത ഉണ്ടെന്നാണ്. അതുകൊണ്ട് അപര്യാപ്തത ഉള്ള ഒരു കമ്മീഷനിൽ പോയി പരാതിപ്പെടാൻ തയ്യാറല്ല. അതുകൊണ്ടാണ് നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷിപ്പിക്കാൻ ധൈര്യമുണ്ടോയെന്ന് ചോദിച്ചത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ആഭ്യന്തര മന്ത്രി തന്നെ ഈ നിയമം ശരിയല്ലെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു മാറ്റം വരുത്തണമെന്ന് പറഞ്ഞു പ്രതിപക്ഷങ്ങളുമായി ആലോചിച്ച വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. പി. വിജയദാസ്: നിയമത്തിൽ തന്നെ മാറ്റങ്ങൾ വരുത്താൻ ഇവിടെ ചർച്ചകൾ നടക്കാൻ പോകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇന്നത്തെ നിയമവ്യവസ്ഥയിൽ പരാതി കൊടുക്കുന്നതിന് യാതൊരു തടസ്സവുമില്ല.....(ബഹളം).....

ശ്രീ. കെ. കൃഷ്ണൻകുട്ടി: അങ്ങനെയാണെങ്കിൽ ആഭ്യന്തര മന്ത്രി പ്രതിപക്ഷ നേതാക്കളെയൊക്കെ വിളിച്ച് ഇതിൽ ഭേദഗതി വരുത്താൻ ആലോചിച്ചതെന്തിനാണ്?

ശ്രീ. കെ. കരുണാകരൻ: പ്രതിപക്ഷത്തെ ചർച്ചയ്ക്ക് വിളിച്ചത് ഞാൻ തന്നെയാണ്. പക്ഷേ ഈ ആരോപണം സമർപ്പിക്കുന്നതിന് നിയമതടസ്സമൊന്നുമില്ല. മറ്റ് ചില കാര്യങ്ങൾ പരിശോധിക്കാൻ വേണ്ടിയാണ് ചർച്ചയ്ക്ക് തയ്യാറായത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആരോപണം ഉണ്ട് എന്ന് കമ്മീഷനും നിയമസഭയ്ക്കും തോന്നിയതുകൊണ്ടാണ് അതിൽ മാറ്റം വരുത്തണമെന്ന് നിർദ്ദേശം വന്നിട്ടുള്ളത്. മാറ്റം വരുത്തിയാൽ ആലോചിക്കാം. അതുവരെ ഈ നിയമസഭയിലെ എല്ലാ കക്ഷികളിൽ നിന്നും ഓരോ ആളെവച്ച് ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാനുള്ള ധൈര്യമുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, അതാണ് പറഞ്ഞത്, പൈപ്പിടപാടിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, (പത്രങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളാണല്ലോ നിങ്ങൾ ആശ്രയിക്കുന്നത്) അവിഹിതമായിട്ടോ തെറ്റായിട്ടോ ഗവൺമെന്റ് നിശ്ചയിച്ചിരുന്ന റേറ്റിനെതിരായിട്ടോ ഒരു മീറ്റർ പൈപ്പുപോലും മേടിച്ചിട്ടില്ലായെന്ന് ഞാൻ പറഞ്ഞതിനെ സംബന്ധിച്ച് നിങ്ങൾക്ക് ആരോപണമുണ്ടെങ്കിൽ ഇന്നത്തെ എൻക്വയറി കമ്മീഷനിൽ പെറ്റീഷൻ കൊടുക്കുന്നതിന് എന്താണ് തടസ്സം? അതിനെന്തുകൊണ്ടു നിങ്ങൾ ധൈര്യപ്പെടുന്നില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ഇപ്പോഴുള്ള അഴിമതി നിരോധന കമ്മീഷൻ തടസ്സമല്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: സർ, അഴിമതി നിരോധന കമ്മീഷൻതന്നെ അവരുടെ റിപ്പോർട്ടിൽ പറയുന്നത് അതിനകത്ത് അപാകതകൾ ഉണ്ട്, പരാതി കൊടുക്കാൻ ആളുകൾക്ക് കഴിയുന്നില്ലായെന്നാണ്. അതു തിരുത്തണമെന്നാണ് അവർ പറയുന്നത്. അതിനകത്ത് അപാകതയുണ്ടെന്ന് കമ്മീഷൻ സമ്മതിക്കുന്നു. പ്രതിപക്ഷങ്ങളേയോ സഭാംഗങ്ങളേയോ വിളിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും തയ്യാറാകുന്നുവെന്നുള്ളതിനർത്ഥം ആ അഴിമതി നിരോധന കമ്മീഷനകത്ത് പോരായ്മകളുണ്ട് എന്നുള്ളതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു റേറ്റ് കോൺട്രാക്ടും ടെൻഡറും മാത്രമേയുള്ളൂ. അല്ലാതെ ഒരു മീറ്റർ പോലും പൈപ്പ് മേടിച്ചിട്ടില്ലായെന്ന്. റേറ്റ് കോൺട്രാക്റ്റും ടെൻഡറുമെല്ലാം വളരെയധികം മാനിപ്പുലേറ്റ് ചെയ്യാൻ സാധിക്കുമെന്നും ആ തരത്തിൽ മാനിപ്പുലേറ്റ് ചെയ്തിട്ടാണ് തീരുമാനങ്ങൾ എടുത്തിട്ടുള്ളതെന്നും അതിന്റെ ഫലമായി പബ്ലിക് സെക്ടർ ടെൻഡറുകളെ പരിപൂർണ്ണമായി ഒഴിവാക്കി പ്രൈവറ്റ് സെക്ടറിൽനിന്നും മാത്രമേ വാങ്ങിച്ചിട്ടുള്ളൂവെന്നും അതിൽനിന്നും ചിലതെല്ലാം ഊഹിക്കാമെന്നും ബഹുമാനപ്പെട്ട മെമ്പർ കരുതുന്നുണ്ടോ?

ശ്രീ. പി. വിജയദാസ്: തീർച്ചയായും. അതെല്ലാം നേരത്തെ സൂചിപ്പിച്ചതാണ്. ഇന്നത് അങ്ങാടിപ്പാട്ടാണ്. ജനങ്ങൾ അതെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണ്.

ശ്രീ. ഒ. ഭരതൻ: വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ഒരു പൊതുമേഖലാ സ്ഥാപനമായതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട സീതിഹാജി ചെയർമാനായിട്ടുള്ള പി. യു. സി. യുടെ അന്വേഷണത്തിന് വിധേയമാക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: ആ കമ്മിറ്റിയെ ഏല്പിച്ചാൽ നിഷ്പക്ഷമായ ഒരു റിപ്പോർട്ട് നൽകുമെന്ന് ചെയർമാനുവേണ്ടി ഉറപ്പു നൽകുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. വിജയദാസ്: ഞാൻ പറയുന്നത് ഈ അതോറിറ്റി രൂപം പ്രാപിച്ചതിനുശേഷം ഈ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് വെള്ളമെത്തിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നുവെന്നാണ്. ഇവിടെ വെള്ളം കൊടുത്തു, കൊടുത്തു എന്ന പ്രസംഗങ്ങളും ഉദ്ഘാടനവും കല്ലിടൽ നടപടികളുമൊക്കെയല്ലാതെ മറ്റൊന്നും നടന്നിട്ടില്ല. അതാണ് ഞാൻ പൈപ്പിന്റെ കഥ പറഞ്ഞത്. അതുപോലെയാണ് പല സെക്ടറിന്റെയും കഥകൾ. അതൊന്നും സദുദ്ദേശത്തോടെ ചെയ്തതല്ല. നിഗൂഢമായ ചില ഉദ്ദേശലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് ആ ഓർഡിനൻസ് തന്നെ തുടങ്ങിയത്. അതിനുശേഷം ബില്ലു കൊണ്ടുവന്നത്. എന്നാൽ പ്രതിപക്ഷകക്ഷികൾ പറയുന്ന കാര്യങ്ങൾ പ്രതിപക്ഷത്തു നിന്നു പറയുന്നതുകൊണ്ട് അത് തള്ളിക്കളയണമോയെന്ന് അപ്പുറത്തിരിക്കുന്ന

സുഹൃത്തുക്കൾ ആലോചിക്കണം. അതു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നില്ല. അതുപോലെ തന്നെ ഈ നിയമം നടപ്പിലാക്കണമോയെന്നും അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ആലോചിക്കണം.

ശ്രീ. വി. ദിനകരൻ: സർ, അങ്ങും മറ്റു ബഹുമാനപ്പെട്ട മെമ്പർമാരും പൈപ്പു വാങ്ങിയതിനെ സംബന്ധിച്ച് ആരോപണ രൂപത്തിലുള്ള പല കാര്യങ്ങളും അവിടെ സൂചിപ്പിച്ചു. എന്നാൽ അങ്ങയുടെ നേതാവ് ശ്രീ. എ. സി. ഷൺമുഖദാസ് അധികം പൈപ്പ് വാങ്ങിയില്ലെങ്കിലും അധികം ജനങ്ങൾക്ക് വെള്ളം കൊടുത്തില്ലായെങ്കിലും കുറെക്കാലം ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. അന്ന് ഏത് രീതിയിലാണ് ഈ പൈപ്പ് വാങ്ങിയതെന്ന് വിശദമാക്കാമോ? ടെൻഡറിന്റെ അടിസ്ഥാനത്തിലാണോ, റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കാമോ?

ശ്രീ. പി. വിജയദാസ്: അതടക്കം അന്വേഷിക്കുന്നതിന് എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ശ്രീ. എ. സി. ഷൺമുഖദാസിനെപ്പറ്റി അങ്ങനെയൊരു ആരോപണമുന്നയിക്കാൻ ആരെക്കൊണ്ടും കഴിയുകയില്ല. അത് ഞാൻ ഉറപ്പിച്ചു പറയുന്നു.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: അതിലുള്ള ദുഃസൂചന ഉൾക്കൊണ്ടുകൊണ്ട് ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാലത്തു പൈപ്പു വാങ്ങിയ ചരിത്രവും ശ്രീ. എം. പി. ഗംഗാധരന്റെ കാലത്തുവാങ്ങിയതുമുൾപ്പടെ ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. പി. വിജയദാസ്: അതാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെ പല മന്ത്രിമാരും അധികാരത്തിലിരുന്നു. ശ്രീ. സി. അച്ചുതമേനോന്റെ കാര്യം, ശ്രീ. അവുക്കാദർകുട്ടിനഹയുടെ കാര്യം, ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാര്യം ഇതൊക്കെ ഇവിടെ സൂചിപ്പിച്ചു. അന്ന് അവർക്കാർക്കും ഈ അതോറിറ്റി ഉണ്ടാക്കാൻ അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. അവർക്കാർക്കും പൈപ്പ് വാങ്ങാൻ അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. അതോറിറ്റി ഉണ്ടാക്കിയാൽ ഇത് നടപ്പാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കണമോ, അതല്ല അതോറിറ്റി നേരിട്ട് നടത്തണമോ എന്നുള്ളതിലൊക്കെ ആധികാരികമായി, അടിസ്ഥാനപരമായി തർക്കങ്ങളുണ്ടായിരുന്നു. തർക്കങ്ങളുണ്ടാകും. അതുണ്ടായതുകൊണ്ടാണ് അതിന് കാലതാമസമുണ്ടായത്. നമ്മുടെ ബഹു. മന്ത്രി അധികാരത്തിൽ വന്നപ്പോൾ അതൊന്നും വകവയ്ക്കാതെ അടിയന്തിര പ്രാധാന്യത്തോടുകൂടി ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസിൽത്തന്നെ അപാകതകൾ നിലനിൽക്കുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അതിനുശേഷം ബില്ലുകൊണ്ടുവന്നു. ആ ബില്ലിലും ഇന്നു നിലനിൽക്കുന്ന അപാകതകളാണ് ചൂണ്ടിക്കാണിക്കുന്നത്. ബഹുമാന്യനായ മന്ത്രിയെ അപ്പുറത്തിരിക്കുന്ന ശ്രീ. ഹസ്സനെപ്പോലുള്ള ആളുകൾ പുകഴ്ത്തുന്നതുകണ്ട് അതിൽ ചാടിപിടിക്കരുത്. അതിൽ അപകടം ഉണ്ട് എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിലുള്ള അപാകതകൾ തിരുത്തി ഇതു പൊതുജനാഭിപ്രായത്തിനു വിട്ടുകൊണ്ട് അങ്ങനെ പരിശോധന നടത്തി ഇതിലുള്ള തെറ്റുകളും കുറവുകളും മാറ്റി പുനഃപരിശോധന ചെയ്തു നടപ്പിലാക്കാൻ മാത്രമേ ശ്രമിക്കാവൂ എന്നുപറഞ്ഞുകൊണ്ട് എന്റെ പ്രമേയം ഞാൻ അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ നിയമം പൊതു ജനാഭിപ്രായത്തിന് വിടണം എന്ന പ്രമേയത്തോടു ഞാൻ യോജിക്കുകയാണ്. ഈ നിയമം ഈ സഭ ഡിസ്അപ്രൂവ് ചെയ്യണം എന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സഖാവ് ആർ. എസ്. ഉണ്ണി ഈ നിയമസഭയിൽ നടത്തിയ അഭിപ്രായ പ്രകടനങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശുദ്ധജലവിതരണം, മലിനജലനിവാരണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിനുവേണ്ടി വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന ഒരു പൊതുമേഖലാസ്ഥാപനം 1-4-1985-ൽ അതായത് വിഷുക്കളുടെ ദിനത്തിൽ നമ്മുടെ സംസ്ഥാനത്തിൽ നിലവിൽ വന്നിരിക്കുകയാണ്. 600-ൽപ്പരം എഞ്ചിനീയർമാരും പതിനായിരത്തിൽപ്പരം ജീവനക്കാരുമുൾക്കൊള്ളുന്ന കേരളത്തിൽ നിലവിലിരുന്ന പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പ് ഈ ഓർഡിനൻസ് നിലവിൽ വന്നതോടുകൂടി ഇല്ലാതായിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇതൊരു സ്വയംഭരണ സ്ഥാപനമാക്കിമാറ്റാൻ ഗവൺമെന്റ് തീരുമാനിക്കുമ്പോൾ, ഒരു സ്വയംഭരണ സ്ഥാപനം വന്നു കഴിഞ്ഞാൽ ഉണ്ടാകാവുന്ന അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും വളരെ വിശദമായും അവ ഗാഢമായും ചർച്ച ചെയ്തതിനുശേഷമാണ് തീരുമാനിക്കേണ്ടത്. ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ചത്, 1960 മുതൽ തന്നെ ഈ സംസ്ഥാനത്ത് ഒരു സ്വയംഭരണ സ്ഥാപനം ഈ മേഖലയിൽ . ഉണ്ടാകണമെന്ന ആവശ്യം ഉയർന്നുവന്നിരുന്നുവെന്നാണ്. 1970-ൽ അച്ചുതമേനോൻ ഗവൺമെന്റും അതിനുശേഷം 1980-ൽ ശ്രീ. നായനാർ ഗവൺമെന്റും ഭരിച്ച കാലഘട്ടത്തിൽ സംസ്ഥാന നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയും പാർലമെന്റ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയും ഒക്കെ ഈ നിലയിലൊരു സ്ഥാപനമുണ്ടാകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. 1960 മുതൽ 1984 വരെയുള്ള 24 വർഷങ്ങളായി പല വേദികളിലും ചർച്ച ചെയ്യപ്പെട്ടുവെങ്കിലും അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞില്ല. അങ്ങനെ ഇരിക്കുമ്പോൾ ഗ്രാമീണജനങ്ങളടക്കമുള്ള ആളുകൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമം ഈ സഭയിൽ പോലും ചർച്ച ചെയ്യാൻ അവസരം കൊടുക്കാതെ ഇത്ര ധൃതി പിടിച്ച് ഒരു ഓർഡിനൻസിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരേണ്ടിയിരുന്നോ? ഒരു വിശദമായ ചർച്ചയ്ക്കുശേഷമാണ് ഇത് കൊണ്ടു വന്നിരുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു. അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസങ്ങളുള്ള ഒരു നിയമമാണ് ഇത്. ഈ ഓർഡിനൻസ് രൂപീകരിക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച ധൃതിപിടിച്ച, വൃത്തികെട്ട നടപടികൾ കണക്കിലെടുക്കുമ്പോൾ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനുള്ള ആത്മാർത്ഥത ഉള്ളതുകൊണ്ടാണോയെന്ന് വിശ്വസിക്കാൻ കഴിയാത്ത നിലയിലാണ്. ഈ ഗവൺമെന്റ് പറയുന്നത്, ഇവിടെ ഇൻസ്റ്റിട്യൂഷണൽ ഫിനാൻസ് കൊണ്ടുവരണമെന്നാണ്. ഇവിടെ ശ്രീ. ഹസ്സൻ ഇൻസ്റ്റിട്യൂഷണൽ ഫിനാൻസിനെക്കുറിച്ച് പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും കുടിവെള്ളം കൊടുക്കാൻ കഴിയുന്നില്ല. ആ രംഗത്ത് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ സഹായം നേടിയെടുത്തുകൊണ്ട് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ അതിന് ഒരു ബോർഡ് വേണം. ഞാൻ മനസ്സിലാക്കുന്നത്, ഒരു വർഷം ശമ്പളത്തിനായി എട്ടുകോടി രൂപയും വിതരണ പദ്ധതികൾക്കായി പത്തുകോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി 40 കോടി രൂപയും അങ്ങനെ ആകെ 58 കോടി രൂപ ഈ പദ്ധതിക്ക് ഈ അതോറിറ്റി മുഖേന ഉണ്ടാക്കിയെടുക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണം വാങ്ങുന്നത് പലിശയ്ക്കാണ്. അല്ലാതെ ആരും സൗജന്യമായി തരാറില്ല. അപ്പോൾ ഈ പണം പലിശ സഹിതം തിരിച്ചടയ്ക്കാൻ നിർബന്ധിതരാണ്. ഈ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതോറിറ്റിയുടെ വരുമാനമെന്നു പറയുന്നത്, ജലത്തിന് ഈടാക്കുന്ന നികുതി മാത്രമാണ്. ഈ അതോറിറ്റിയുടെ വരുമാനംകൊണ്ട് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പേരിൽ നമ്മുടെ സംസ്ഥാനത്തുണ്ടാക്കുന്ന പദ്ധതികൾക്ക് വേൾഡ് ബാങ്കിൽനിന്നോ, എൽ.ഐ.സി.-യിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പണം പലിശയ്ക്കെടുത്ത് നടപ്പിലാക്കിയാൽ അതിൽനിന്ന് ഈ തുക പലിശ സഹിതം തിരിച്ചടയ്ക്കാൻ കഴിയുമോ? അടയ്ക്കാൻ കഴിയില്ലെന്നു മാത്രമല്ല, കടം വർദ്ധിക്കുകയേയുള്ളൂ. അങ്ങനെ കടം വർദ്ധിക്കുമ്പോൾ തിരിച്ചടയ്ക്കാൻ വേണ്ടി വീണ്ടും കടമെടുക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ കേരളത്തിലെ വെള്ളാനസ്ഥാപനങ്ങൾ ഏറ്റവും വലിയ സ്ഥാപനങ്ങളായി മാറും. അതല്ലെങ്കിൽ ജനങ്ങൾക്ക് കൊടുക്കുന്ന കുടിവെള്ളത്തിന് അമിതമായ നികുതി ഈടാക്കാൻ നിർബന്ധിതരായിത്തീരും. ഇതിന് രണ്ടു മാർഗ്ഗമേയുള്ളൂ. ഒന്നുകിൽ, ഉണ്ടാകുന്ന കടം നികത്താൻവേണ്ടി ഈ സംസ്ഥാന ഗവൺമെന്റ് മുഴുവൻ തുകയും എഴുതിതള്ളാൻ തയ്യാറാകണം. അതല്ലെങ്കിൽ കുടിവെള്ളത്തിന് അമിതമായ നികുതി ചുമത്തണം. അങ്ങനെ വരുമ്പോൾ പെട്രോളിനേക്കാൾ കൂടുതൽ വില ഗ്രാമങ്ങളിലെ കുടിവെള്ളത്തിന് വാങ്ങാൻ നിർബന്ധിതരായിത്തീരും. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? പണം പലിശയ്ക്ക് കടമെടുത്ത് പദ്ധതികൾ നടപ്പിലാക്കി കഴിയുമ്പോൾ പലിശ മുഴുവൻ തിരിച്ചടയ്ക്കാൻ ഉള്ള വരുമാനം വെള്ളത്തിന്റെ നികുതി മാത്രമാണ്. അതുകൊണ്ടാണ് പറഞ്ഞത്, ഇതിൽ ചില അടിസ്ഥാനപരമായ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളുണ്ട്. അടിസ്ഥാനപരമായ കാര്യങ്ങളെന്നുപറഞ്ഞാൽ, നമ്മുടെ സംസ്ഥാനത്തിൽ വേൾഡ് ബാങ്കായിരുന്നാലും മറ്റേത് സ്ഥാപനങ്ങൾ ആയിരുന്നാലും പണം നല്കണമെങ്കിൽ ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള ഫിസിബിലിറ്റി റിപ്പോർട്ട് പരിശോധിക്കും. ആ നിലയിൽ നോക്കിയാൽ ഗ്രാമങ്ങൾക്ക് വേണ്ടി വേൾഡ് ബാങ്കോ മറ്റ് സ്ഥാപനങ്ങളോ പണം നല്കാൻ വിസമ്മതിക്കുന്നു. അതുകൊണ്ടാണ് ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞത് വിവിധ തലങ്ങളിൽ ചർച്ച ചെയ്തിട്ട് ഈ പദ്ധതികൾക്കുവേണ്ടി തീരുമാനമെടുക്കാത്തതിന്റെ കാരണമെന്താണ്? ഗ്രാമങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ വേണ്ടി ഇത്തരം അതോറിട്ടി ഉണ്ടാക്കിയാൽ അത് ജനങ്ങൾക്ക് ഭാരമായിത്തീരും, അവർക്ക് അത് നാശമായിരിക്കും എന്നുള്ളതുകൊണ്ടാണ് 1960 മുതൽ 1984 വരെയുള്ള 24 വർഷംകൊണ്ട് രൂപീകരിക്കാൻ സാധിക്കാത്തത്. ഗ്രാമങ്ങളിൽ കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി കുറെ സ്കീമുകൾ ഒക്കെയുണ്ട്. പട്ടണങ്ങളിൽ, കോർപ്പറേഷനുകളിൽ, മുനിസിപ്പാലിറ്റികളിൽ ഒക്കെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി എൽ.ഐ.സി.-യുടെയോ വേൾഡ് ബാങ്കിന്റെയോ സഹായത്തിനുവേണ്ടി ഒരു ബോർഡ് ഉണ്ടാക്കുന്നതിന് ഞാനെതിരല്ല. കേരളത്തിലുള്ള ഗ്രാമങ്ങളിൽ ഇന്നുള്ള റൂറൽ ഡവലപ്പ്മെന്റ് ബോർഡോ, അതല്ല പി.എച്ച്.ഇ.ഡി.തന്നെയോ നിലനിറുത്തിക്കൊണ്ട് പട്ടണത്തിലെ സമ്പന്ന വിഭാഗങ്ങൾക്ക് നികുതി കൂട്ടിക്കൊണ്ട് പാവപ്പെട്ട ജനങ്ങളുടെ കുടിവെള്ളത്തിന് നികുതി കുറച്ചുകൊണ്ട് ശുദ്ധജലം വിതരണം ചെയ്യാൻവേണ്ടി പണം സമാഹരിക്കാൻ ഒരു ബോർഡുണ്ടാക്കിയാൽ അത് മനസ്സിലാക്കാൻ കഴിയും. ഇന്ന് ഉണ്ടാക്കിയിരിക്കുന്ന ബോർഡ് ഈ നാട്ടിലെ രണ്ടേമുക്കാൽ കോടി ജനങ്ങൾക്ക് ഏറ്റവും വലിയൊരു ഭാരമായിത്തീരാൻ പോവുകയാണ്. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രിയോ ഈ ഗവൺമെന്റോ ഇത് വളരെ ഗൗരവമായി കണക്കിലെടുത്തിട്ടില്ല. അങ്ങനെ വളരെ ഗൗരവമായി ഇതിനെ കണ്ടിരുന്നതുകൊണ്ടാണ് അച്ചുതമേനോൻ ഗവൺമെന്റും അതിലെ മന്ത്രിമാരും അതിനുശേഷമുള്ള ഗവൺമെന്റുകളും ഇതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും അവ ഗാഢം പഠിച്ചതിനുശേഷം ഇതിന് രൂപം കൊടുക്കാതെയിരുന്നത്. ശ്രീ. ഹസ്സൻ പറയുന്നു, പെട്ടെന്ന് ഒരു ഓർഡിനൻസ് മുഖേന ഈ സഭയിൽ ചർച്ച ചെയ്യാൻ അവസരം കൊടുക്കാനാണ് എന്ന്. അതിനുശേഷം എത്രയോ ഓർഡിനൻസുകൾ ഉണ്ടാക്കാൻ കഴിയുമായിരുന്നു. ചർച്ച ചെയ്യാൻ അവസരം കൊടുക്കാതെ ഒരു ഓർഡിനൻസിൽക്കൂടി ഇത്ര ധൃതിപിടിച്ച് കൊണ്ടുവരേണ്ട കാര്യമെന്തായിരുന്നു? ആ നിലയിൽ കൊണ്ടുവന്ന ഒരു നിയമമാണിത്. അതാണ് ഞാൻ പറഞ്ഞത്, ഇത് നിയമമായി കഴിഞ്ഞാൽ ഗ്രാമത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് അമിതമായ വില കൊടുക്കേണ്ടിവരുന്ന ദുഃസ്ഥിതിയിലേക്ക് ഈ സംസ്ഥാനത്തെ എത്തിക്കാൻ പോവുകയാണ്. അതല്ലെങ്കിൽ സാമ്പത്തികമായ ഞെരുക്കം കൊണ്ടും ഓരോ ആണ്ടിലുമുണ്ടാകുന്ന കടവും നഷ്ടവും നികത്തുന്നതിനുവേണ്ടിയും കോടിക്കണക്കിന് രൂപ എഴുതിത്തള്ളേണ്ടതായി വരും. കേരളത്തിൽ ഇലക്ട്രിസിറ്റി ബോർഡ് സ്വയംഭരണ സ്ഥാപനമാക്കി മാറ്റി. അതുപോലെ ട്രാൻസ്പോർട്ടിനെയും മാറ്റി. അതൊക്കെ ചർച്ച ചെയ്തതിനുശേഷമാണ് ഉണ്ടാക്കിയത്. എന്നാൽ ഇക്കാര്യത്തിൽ മാത്രം ഇത്ര

LIBRARY ARCHIVES Kerala Legislative Assembly

ധൃതിപിടിച്ച നടപടി ഉണ്ടാകേണ്ട ആവശ്യമില്ലായിരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ അറുനൂറോളം എഞ്ചിനീയർമാരും പതിനായിരത്തോളം ജീവനക്കാരും ഉൾക്കൊള്ളുന്ന കേരളത്തിലെ ഒരു വകുപ്പാണിത്. പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അടക്കമുള്ള അവകാശങ്ങൾ മുഴുവൻ കവർന്നുകൊണ്ട് ഒരു ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കി ജനങ്ങളെ കൂടുതൽ ദുരിതത്തിലേയ്ക്ക് എത്തിക്കാൻ മാത്രമാണ് ഈ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. അങ്ങനെ ഇതൊരു വെള്ളാനയായി ആ പട്ടികയിൽ വന്നിരിക്കുകയാണ്.

ഇവിടെ ഭരണപക്ഷത്തുനിന്നും ശ്രീ. എം. എം. ഹസ്സൻ സംസാരിച്ച കൂട്ടത്തിൽ, 1982-നു ശേഷം ഈ ഗവണ്മെന്റു വന്നതിനുശേഷം-ശുദ്ധജലവിതരണരംഗത്ത് ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കി, എന്നിട്ടും രാഷ്ട്രീയമായി ഈ ഗവൺമെന്റിനെ തേജോവധം ചെയ്യുന്നതിന് വേണ്ടി കരുതികൂട്ടി നടത്തുന്ന ആരോപണങ്ങളാണ് പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുന്നതെന്ന് പറഞ്ഞു. ഞാൻ സൂചിപ്പിച്ചത് 1982-നുശേഷം ഈ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളുടെ കണക്കുകളാണ്. ഞാൻ സമ്മതിക്കുന്നു, 1982-നുശേഷം കേരളത്തിൽ ഈ പദ്ധതികൾക്കുവേണ്ടി കുറേ പണം കൂടുതൽ കിട്ടി. അത് എങ്ങനെ കിട്ടിയെന്ന് അറിയില്ല. അത് അറിയണ്ടേ? ഇവിടെ നേരത്തെ ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞു, 1980-ൽ 6-ാം പദ്ധതി ആരംഭിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ശുദ്ധജല വിതരണത്തിനുവേണ്ടി നാലും അഞ്ചും പദ്ധതികളിൽ ആവിഷ്ക്കരിച്ചതിനേക്കാൾ മൂന്നിരട്ടി തുകയാണ് മാറ്റിവച്ചത് എന്ന്. ഇന്ത്യയിൽ ആകമാനമുള്ള ഗ്രാമങ്ങളിൽ ഭൂരിഭാഗം ഗ്രാമങ്ങളും പ്രോബ്ലം വില്ലേജുകളായി മാറിയിരിക്കുന്നു എന്നുള്ളതുകൊണ്ട് ശുദ്ധജലം കൊടുക്കുകയെന്നത് ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അടിയന്തിര പ്രാധാന്യമുള്ള കാര്യമാണെന്ന് കണക്കിലെടുത്തുകൊണ്ട് 1980-ൽ കേന്ദ്രഗവൺമെന്റ് 6-ാം പദ്ധതിയിൽ ഇരുപതിന പരിപാടിയടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധജലവിതരണത്തിനായി കൂടുതൽ തുക മാറ്റി വച്ചു. അതിനും പുറമേ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (ലോകാരോഗ്യ സംഘടന) 1980-90 International Water and Scwarage Decade ആയി പ്രഖ്യാപിച്ചു. ലോകത്തിലാകമാനമുള്ള ജനങ്ങൾക്ക്, ഗ്രാമങ്ങളിലും പട്ടണങ്ങളിലും കഴിയുന്ന ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുക എന്നുള്ളതും എല്ലാ ജനങ്ങൾക്കും 1990 ആകുമ്പോൾ കുടിവെള്ളം എത്തിക്കും എന്ന ലക്ഷ്യത്തോടുകൂടി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു. ഇതിന്റെ ഫലമായി വളരെ കൂടുതൽ തുക 1980 മുതൽ ഈ സംസ്ഥാനത്തുവരാൻ ഇടയായി. 1980-ൽ ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരിക്കുമ്പോൾ 6-ാം പദ്ധതിക്ക് കേന്ദ്രം അംഗീകരിച്ച നയത്തിന്റെ ഫലമായി വേൾഡ് ബാങ്കിന്റേയും മറ്റു സ്ഥാപനങ്ങളുടേയും സഹായത്തിന്റെ ഫലമായി കേരളത്തിൽ കുറേ പദ്ധതികൾ ആരംഭിച്ചു. അങ്ങനെയാണ് 1980-ൽ നമ്മുടെ കേരളത്തിൽ പല പദ്ധതികളെ സംബന്ധിച്ചുമുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിയത്. ഇന്ന് ശ്രീ. എം. പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്ത പല പദ്ധതികളുടേയും ചർച്ചയിൽ പങ്കെടുത്തതുപോലും അന്ന്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായിരുന്ന ശ്രീ. ഷൺമുഖദാസ് ആയിരുന്നു. അത് ഉദ്ഘാടനം ചെയ്യാനും നടപ്പിലാക്കാനും ആ ഗവൺമെന്റിന് സാധിച്ചില്ല. അത് ശ്രീ. എം. പി. ഗംഗാധരനും സമ്മതിക്കുന്നുണ്ട്.

അതിനു പുറമേ വരൾച്ച ഉണ്ടായിക്കഴിഞ്ഞപ്പോൾ ആ വരൾച്ചയുടെ പേരിൽ നമ്മുടെ സംസ്ഥാനത്തിന് കുറേ പണം അനുവദിച്ചു. ആ പണത്തിൽ കൂടുതലും ശുദ്ധജലത്തിനുവേണ്ടി കൊടുക്കാൻ കഴിഞ്ഞു. 1982-നുശേഷം 1985 വരെയുള്ള കാലയളവിൽ കുറേ പണം കൂടുതൽ കിട്ടി. എന്നാൽ ആ കിട്ടിയ പണം പോലും ശരിയായ നിലയിൽ വിനിയോഗിക്കാതെ നമ്മുടെ കേരളത്തിൽ വരൾച്ച ഉണ്ടായപ്പോൾ ഗ്രാമങ്ങളിൽപ്പോലും കുടിവെള്ളം ലോറിയിൽ കൊണ്ടുപോയി കൊടുക്കേണ്ട സ്ഥിതി ഉണ്ടായി. കേന്ദ്ര ഗവൺമെന്റിൽനിന്ന് വരൾച്ചയ്ക്കു കിട്ടിയ തുക പോലും ശരിയായ നിലയിൽ ജനങ്ങൾക്ക് വെള്ളം കൊടുക്കാനല്ല ഈ ഗവൺമെന്റ് ഉപയോഗിച്ചത്. വേഴാമ്പലിനെപ്പോലെ ജനങ്ങൾ വെള്ളത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ സംസ്ഥാനത്തിന് അനുവദിച്ച തുകപോലും കവർന്നെടുക്കാനും കൊള്ളയടിക്കാനുമുള്ള തന്ത്രമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. അതിനെപ്പറ്റി ശ്രീ. കരുണാകരൻ അസംബ്ലിയിൽ പറഞ്ഞു, വെള്ളം കൊടുക്കാൻവേണ്ടി എല്ലാ കീഴ്വഴക്കങ്ങളും-ടെൻഡർ സ്വീകരിക്കുകയെന്നുള്ള കീഴ്വഴക്കം പോലും-മാറ്റിക്കൊണ്ട് നടപടി സ്വീകരിച്ചു എന്ന് നടപടി. അതുകൊണ്ട് എന്തും ചെയ്യാൻ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞു. ഞാൻ നിഷേധിക്കുന്നില്ല. അംഗീകരിക്കുന്നു. എന്നാൽ പൈപ്പ് വാങ്ങിച്ച കണക്കുകൾ എടുത്തു നോക്കിയാൽ 1982-83-ൽ 6.5 കോടി രൂപയ്ക്കുള്ള പൈപ്പുവാങ്ങി. 1983-84-ൽ വരൾച്ചയെല്ലാം കഴിഞ്ഞതിനുശേഷമാണ് 37.61 കോടി രൂപയ്ക്കുള്ള പൈപ്പുവാങ്ങിയത്. അത് വരൾച്ച പോയതിനുശേഷമാണ് വാങ്ങിയത്. പൈപ്പുവാങ്ങിക്കുന്നതിന് ടെൻഡർ വിളിക്കുകയും അത് ലോവസ്റ്റ് ടെൻഡർകാരന് കൊടുക്കുന്നതിനുപകരം നേരത്തെ ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ അത് റേറ്റ് കോൺട്രാക്ട് ആയിരുന്നാലും ടെൻഡർ ആയിരുന്നാലും അതിലെല്ലാം തിരിമറി നടത്തി. അതിലെല്ലാം മന്ത്രി ഇടപെട്ടുകൊണ്ട് ആർക്കു കൊടുക്കണമെന്ന് തീരുമാനിച്ചു. നേരത്തെ ബഹുമാന്യനായ അമ്പലപ്പുഴ എം. എൽ. എ. ചോദിച്ചു ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ എങ്ങനെയായിരുന്നു കീഴ്വഴക്കമെന്ന്. ശ്രീ.ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ, അന്നും റേറ്റ് കോൺട്രാക്ടും ടെൻഡറുമായിരുന്നു. ആ റേറ്റ് കോൺട്രാക്ടും ടെൻഡർ വിളിച്ചതും മന്ത്രി അറിഞ്ഞില്ല. മന്ത്രി ഇടപെട്ടില്ല. ഇന്ന കോൺട്രാക്ടർക്കു ഓർഡർ കൊടുക്കണമെന്ന് ശ്രീ. ഷൺമുഖദാസ് ഒരു ഫയലിലും ഒപ്പിട്ടിട്ടില്ല. ഒരു ഫയലിലും ഉത്തരവ് കൊടുത്തിട്ടുമില്ല. നിയമാനുസരണം ഏറ്റവും ലോവസ്റ്റായ ടെന്റർക്കാരെ വിളിച്ച്, ഒരു തിരിമറിയും നടത്താതെ ഈ സഭയിലും കേരളത്തിലും ഒരു പൊതുപ്രവർത്തകനുപോലും, പ്രതിപക്ഷത്തിനുപോലും ഒരു ആരോപണം ഉന്നയിക്കാൻ ഇടയാകാത്ത നിലയിൽ ശുദ്ധജലം കൊടുക്കുവാൻ അന്ന് ഗവൺമെന്റിനു കഴിഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: ഇവിടെ പ്രധാന തർക്കവിഷയം ശ്രീ. എം. പി. ഗംഗാധരൻ റേറ്റ് കോൺട്രാക്ടും ടെൻഡറും അടിസ്ഥാനത്തിലാണ് കൊടുത്തത് എന്നാണ്. ശ്രീ. ഷണ്മുഖദാസിന്റെ കാലത്ത് എങ്ങനെയാണ് കൊടുത്തതെന്നാണ് ഞങ്ങളുടെ ചോദ്യം അതിന് പറഞ്ഞത്, റേറ്റ് കോൺട്രാക്ടും ടെൻഡറും ആണെന്നാണ്. മന്ത്രി അറിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ അത്തരം കാര്യങ്ങളിൽ ഇടപെടാനുള്ള കഴിവ് മന്ത്രിക്ക് ഇല്ലായിരുന്നതിന്റെ പേരിൽ മന്ത്രിക്ക് ഇടപെടാൻ കഴിയുകയില്ല. മന്ത്രിയെ ഉദ്യോഗസ്ഥന്മാർ കബളിപ്പിച്ചു.

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ഒരുദാഹരണം പറഞ്ഞു തരാം. ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ പൈപ്പു വാങ്ങിയതിനെ സംബന്ധിച്ചോ അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചോ ഈ കേരളത്തിൽ പ്രതിപക്ഷത്തു നിന്നുപോലും ആക്ഷേപം ഉന്നയിച്ചിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട താമരാക്ഷൻ ഭരണപക്ഷത്തിരുന്ന കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ 21 മാസക്കാലത്തെ ഭരണത്തിൽ അങ്ങയുടെ സുഹൃത്തായ ശ്രീ. ഷൺമുഖദാസ് വകുപ്പ്മന്ത്രിയായിരുന്ന കാലത്ത് ഒരു കിലോമീറ്റർ ദൂരം പൈപ്പിട്ട് വെള്ളം കൊടുത്ത ഒരു കാര്യം പറയാമോ?

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ നേരത്തെ പറഞ്ഞു, 1980 മുതൽ 6-ാം പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് ശുദ്ധ ജലവിതരണത്തിന് പ്രയോറിറ്റി നിശ്ചയിക്കുകയും ലോകാരോഗ്യ സംഘടന തന്നെ ആ നയത്തിന്റെ ഫലമായി ഇൻഡ്യ ഒട്ടാകെതന്നെ ഗ്രാമങ്ങളിൽ വെള്ളം കൊടുക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. ആ നിലയിൽ ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരിക്കുമ്പോൾ ആണ് പല പദ്ധതികളുടെയും ചർച്ച നടത്തിയത്. ഒരു സ്കീം തയ്യാറാക്കി കഴിയുന്നതിനുമുമ്പ് പദ്ധതി നടപ്പിലായില്ല. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടക്കാൻ ചർച്ച നടക്കണം. അതൊക്കെ നടത്തിയത് ശ്രീ. ഷൺമുഖദാസിന്റെ കാലഘട്ടത്തിലാണ്. അതിനു ശേഷമാണ് അത് ഉദ്ഘാടനം ചെയ്യാനുള്ള ഭാഗ്യം ശ്രീ. എം. പി. ഗംഗാധരന് കിട്ടിയത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: 1980-82 വർഷങ്ങളിലാണല്ലോ നിങ്ങൾ ഭരിച്ചത്. കേരള സംസ്ഥാനത്തിലെ രൂക്ഷമായ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ ആവശ്യമായ ഏതെങ്കിലും തരത്തിലുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ആ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: എത്രയോ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: എറണാകുളം ജില്ലയിലെ ആലുവ, പറവൂർ തുടങ്ങി ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ മുഴുവൻ സ്ഥലത്തുള്ള

ശുദ്ധജല വിതരണ പദ്ധതിക്കുള്ള സമഗ്രമായ ഒരു പദ്ധതിക്കുവേണ്ടി എസ്റ്റിമേറ്റ് ആവിഷ്ക്കരിക്കുകയും അത് വേൾഡ് ബാങ്കുമായി നെഗോഷിയേറ്റ് ചെയ്യുകയും കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? അതിന്റെ അംഗീകാരം പോലും ഇപ്പോഴാണ് വന്നത് എന്നുള്ള കാര്യവും അറിയാമോ?

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ ശ്രീ. പീതാംബരൻ മാസ്റ്റർ പറഞ്ഞത് അംഗീകരിക്കുന്നു. എറണാകുളം മാത്രമല്ല, കുട്ടനാട്ടിലും കേരളത്തിലെ പല ഭാഗങ്ങളിലും ഒട്ടേറെ പദ്ധതികൾക്ക് രൂപം കൊടുത്തു. ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന അവസരത്തിൽ പൈപ്പുകൾ വാങ്ങി. ആ പൈപ്പുകൾ വാങ്ങിയത് ടെൻഡർ വിളിച്ച് അതിൽ ഏറ്റവും ലോവസ്റ്റായിട്ടുള്ള ടെൻഡർകാരനിൽനിന്നാണ്. അതല്ലെങ്കിൽ ടെൻഡറിൽ തിരിമറി നടത്തി ഏതെങ്കിലും കോൺട്രാക്ടർക്ക് കൊടുക്കണമെന്ന് ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ഒരുദാഹരണം പറയാം. ശ്രീ. എം. പി. ഗംഗാധരൻ ചെയർമാനായിട്ടുള്ള വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ബോർഡ് 16-1-1985-ൽ 6.5 കോടി രൂപയ്ക്കുള്ള പൈപ്പുകൾ വാങ്ങാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ ടെന്റർ വിളിച്ചു. ആ ടെൻഡറുകളിൽ ഏറ്റവും ലോവസ്റ്റായിട്ടുള്ളത് തമിഴ്നാട് സിമന്റ് കോർപ്പറേഷന്റെ ടെന്ററായിരുന്നു. തമിഴ്നാട് സിമന്റ് കോർപ്പറേഷന്റെ ടെൻഡർ സ്വീകരിക്കണമെന്ന ശുപാർശയോടുകൂടി ചീഫ് എഞ്ചിനീയറും ഫൈനാൻസ് സെക്രട്ടറിയും എം. ഡി. ക്കു അയച്ചു. എം.ഡി. ക്കു അയച്ചുകഴിഞ്ഞപ്പോൾ എം. ഡി. അതിൽ ഒരു നോട്ടെഴുതിയിട്ടു. ഇത് 6.5 കോടി രൂപയ്ക്കുള്ള പൈപ്പാണ്. ഈ പൈപ്പെല്ലാം സപ്ലൈ ചെയ്യാൻ തമിഴ്നാട് സിമന്റ് കോർപ്പറേഷന് സാധിക്കുകയില്ല. അത് കോർപ്പറേഷനോട് ചോദിച്ചിട്ടില്ല. അത് ചോദിക്കാതെ തന്നെ എം. ഡി. തീരുമാനിക്കുന്നു. 6.5 കോടി രൂപയ്ക്കുള്ള പൈപ്പ് സപ്ലൈ ചെയ്യാനുള്ള ശേഷി തമിഴ്നാട് സിമന്റ് കോർപ്പറേഷന് ഇല്ല. അതുകൊണ്ട് ഈ റേറ്റിൽ തന്നെ കാട്ട് ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഹൈദ്രാബാദ് ആസ്ബസ്റ്റോസ് കമ്പനിക്കും അതുപോലെ തന്നെ ലക്ഷ്മി സിമന്റ് കമ്പനിക്കും ടെൻഡർ വീതിച്ചുകൊടുത്തു.

ഹൈദ്രാബാദ് ആസ്ബസ്റ്റോസ് കമ്പനി വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ എം. ഡി. ഭൈരവന്റെ മകന് ഷെയറുള്ള കമ്പനിയാണ്. ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ ഈ നിലയിലുള്ള നാണംകെട്ട നടപടി നടത്തിയിരുന്നില്ല. എന്തിനാണ് ടെൻഡർ വിളിക്കുന്നത്. തമിഴ്നാട് സിമന്റ് കോർപ്പറേഷനാണ് ലോവസ്റ്റ് ടെൻഡർ കാട്ട് ചെയ്തത്. രണ്ട് സ്വകാര്യ കമ്പനികൾക്കാണ് അത് കൊടുത്തത്. അത് 25 ശതമാനം മുതൽ 35 ശതമാനംവരെ കമ്മീഷൻ കിട്ടാൻവേണ്ടിയാണ്.

ശ്രീ. എം. പി. ഗംഗാധരൻ: പല പ്രാവശ്യം വ്യക്തമാക്കിയിട്ടും ഇങ്ങനെ പറയുന്നത് നിർഭാഗ്യകരമാണ്. ടെൻഡർ വിളിച്ചു. തമിഴ്നാട് കമ്പനിയായിരുന്നു ലോവസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈദ്രാബാദ് കമ്പനിയും ലക്ഷ്മിയും എല്ലാം സെക്കന്റായിരുന്നു. തമിഴ്നാട് കമ്പനി പുതിയതായിട്ട് തുടങ്ങിയതാണ്. ഒരു സ്ഥലത്തും അവരുടെ ആർട്ടിക്കിൾ സപ്ലൈ ചെയ്തിട്ടില്ല. പരിചയമില്ല. എങ്കിലും ഗവൺമെന്റിന്റെ കമ്പനിയായതുകൊണ്ട് എടുക്കാൻവേണ്ടി ഐ. എസ്. ഐ. രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് അഞ്ചു തവണ ബോർഡ് മാറ്റിവച്ചു. ഐ. എസ്. ഐ. രജിസ്ട്രേഷൻ അവർക്ക് ഹാജരാക്കാൻ കഴിഞ്ഞില്ല. അവർക്ക് ഐ. എസ്. ഐ. രജിസ്ട്രേഷൻ കിട്ടിയില്ല. ഐ. എസ്. ഐ. രജിസ്ട്രേഷൻ ഇല്ലാത്ത സാധനങ്ങൾ വാങ്ങിക്കാൻ പാടില്ല. ഐ. എസ്. ഐ. രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് തമിഴ്നാട് കമ്പനിയിൽനിന്ന് വാങ്ങിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും സെക്കന്റ് ലോവസ്റ്റായ ഹൈദ്രാബാദിനും ലക്ഷ്മിക്കും കൊടുക്കാതെ ലോവസ്റ്റ് ക്വാട്ട് ചെയ്ത കമ്പനിയോട് അവർ കൊടുക്കാൻ തയ്യാറുണ്ടോയെന്ന് ചോദിച്ച് അവർ അതിന് തയ്യാറായതുകൊണ്ട് നഷ്ടമില്ലാതെ ലോവസ്റ്റ് റേറ്റിന് കൊടുത്തിരിക്കുകയാണ്. അതിനുശേഷം ഐ. എസ്. ഐ. രജിസ്ട്രേഷൻ തമിഴ്നാടിന് കിട്ടി. സ്വസ്തിക് എന്ന കമ്പനി ഡെലിവറിക്ക് ഡിലേ വരുത്തിയതുകൊണ്ട് അത് ക്യാൻസൽ ചെയ്ത് തമിഴ്നാട് സിമന്റ് കോർപ്പറേഷന് വീണ്ടും കൊടുത്തു. അതിൽ എന്ത് മാനിപ്പുലേഷൻ എന്നാണ് പറയുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇപ്പോൾ അതോറിറ്റി വാങ്ങിച്ച കമ്പനിക്കും അന്ന് ടെൻഡർ വിളിക്കുമ്പോൾ ഐ. എസ്. ഐ. രജിസ്ട്രേഷൻ ഇല്ലായിരുന്നുവെന്ന് അറിയാമോ?

ശ്രീ. എം. പി. ഗംഗാധരൻ: ഐ. എസ്. ഐ. രജിസ്ട്രേഷൻ ലക്ഷ്മിക്കും ഹൈദ്രാബാദ് കമ്പനിക്കുമൊക്കെയുണ്ട്. കളവ് നൂറുപ്രാവശ്യം ആവർത്തിക്കുന്നത് എന്തിനാണ്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: ചീഫ് എഞ്ചിനീയർ ജെയിംസിന്റെയും ഫിനാൻസ് മാനേജർ കൊച്ചുനാരായണന്റെയും റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ?

ശ്രീ. എം. പി. ഗംഗാധരൻ: ഫിനാൻസ് മാനേജറും ചീഫ് എഞ്ചിനീയറും ലോവസ്റ്റ് ടെൻഡർ ക്വാട്ട് ചെയ്ത മദ്രാസ്സിനു കൊടുക്കണമെന്ന് പറഞ്ഞു. അത് ബോർഡിൽ വന്നു. ഫൈനാൻസ് സെക്രട്ടറിയും എൽ. എ. സെക്രട്ടറിയുമെല്ലാമുള്ള ബോർഡിൽ ഐ. എസ്. ഐ. ഇല്ലാത്തതിന് കൊടുക്കാൻ പറ്റുകയില്ല. ആ കാരണത്താൽ അവർക്ക് കൊടുത്തിട്ടില്ല. ഐ. എസ്. ഐ. ഉള്ളതിന് ലോവസ്റ്റ് റേറ്റിൽ കൊടുത്തു. .....(ബഹളം).....

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇത്ര കൃത്യമായിട്ട് അങ്ങേയ്ക്ക് പറയാമെങ്കിൽ ആ ഫയൽ മേശപ്പുറത്ത് വച്ചുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രി ആ ഫയൽ മേശപ്പുറത്ത് വയ്ക്കണം. നമുക്ക് അത് പരിശോധിക്കാം. പൈപ്പ് വാങ്ങിച്ച കാര്യത്തിൽ എല്ലാ കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ടാണ് നടത്തിയിരിക്കുന്നത്. ശ്രീ. ഹസ്സൻ സംസാരിച്ചപ്പോൾ പറഞ്ഞു മന്ത്രി ചെയർമാനായി വരുന്നത് ബോർഡിന് ഗുണകരമാണ്. ഇത് കേരളമാണ്, കേരളത്തിൽ ഒരു മന്ത്രി ചെയർമാനായില്ലെങ്കിൽ ഒന്നും നടക്കാൻ പോകുന്നില്ലെന്ന്. കേരളത്തിൽ ഒരൊറ്റ പൊതുമേഖലാസ്ഥാപനത്തിലും ഒരു മന്ത്രി ചെയർമാനായിട്ടില്ല. ഇന്ത്യയിൽതന്നെ ഇതുപോലൊരു സ്ഥാപനത്തിൽ മന്ത്രി ചെയർമാനായിട്ടുണ്ടോയെന്ന് സംശയമാണ്. ഏതായാലും ബംഗാളിലോ ആന്ധ്രയിലോ കർണ്ണാടകത്തിലോ ഇല്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കോൺഗ്രസ്സ് (ഐ) ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഉണ്ടോയെന്ന് അറിയില്ല. എന്തായിരുന്നാലും ശരി ചെയർമാൻ മന്ത്രിയായി കഴിഞ്ഞാൽ.....

ശ്രീ. എ. സി. ജോസ്: ഇവിടെതന്നെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ചെയർമാൻ വ്യവസായ മന്ത്രിയാണെന്ന് അറിയാമോ?

ശ്രീ. എ. വി. താമരാക്ഷൻ: നിയമപരമായി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ചെയർമാൻ മന്ത്രിയാണെങ്കിലും ദൈനംദിന കാര്യങ്ങൾ നടത്തുന്നത് വൈസ് ചെയർമാനാണ്.

ശ്രീ. എ. സി. ജോസ്: ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചുകൊണ്ടിരുന്ന അവസരത്തിലും വ്യവസായ വകുപ്പുമന്ത്രിയായിരുന്നു ഖാദിബോർഡിന്റെ ചെയർമാൻ.

ശ്രീ. എ. വി. താമരാക്ഷൻ: എക്സിക്യൂട്ടീവ് പവറുള്ള വൈസ്ചെയർമാൻ അവിടെയുണ്ട്. ചെയർമാനുള്ള എല്ലാ എക്സിക്യൂട്ടീവ് പവറും വൈസ്ചെയർമാനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവിടെ ഒരു മന്ത്രി ചെയർമാനായിരിക്കുന്നു. മന്ത്രി ചെയർമാനായിട്ടുള്ള ബോർഡിൽ ഫൈനാൻസ് സെക്രട്ടറിയുണ്ട്, ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുണ്ട്, പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് സെക്രട്ടറിയുണ്ട്. ഏഴ് പേരുള്ള ഒരു ബോർഡാണ് ഉണ്ടാക്കിയിരിക്കുന്നത്. ഏഴ് പേരുള്ള ബോർഡിൽ മൂന്ന് സെക്രട്ടറിമാരും ഒരു എം. ഡി.-യും മന്ത്രിയും രണ്ട് അനൗദ്യോഗിക അംഗങ്ങളുമുണ്ട്. ആ ബോർഡിൽ ഉദ്യോഗസ്ഥന്മാർക്ക് നട്ടെല്ല് നിവർത്തി നിഷ്പക്ഷമായി, നീതിപൂർവ്വകമായി കാര്യങ്ങൾ പറയാൻ കഴിയുകയില്ല മന്ത്രി ചെയർമാനായിട്ട് ഇരിക്കുമ്പോൾ. അതിന് ഉദാഹരണമാണ് ആദ്യമായി ഉണ്ടാക്കിയ ഓർഡിനൻസ് എല്ലാ നിയമങ്ങൾക്കും എതിരാണ്. 1-4-1984-ൽ ഓർഡിനൻസ് വന്നു. 2-ാം തീയതി ആദ്യമായി ബോർഡ് കൂടുന്നു. ലോകത്തിൽ എവിടെയെങ്കിലും ഇങ്ങനെ ഉണ്ടോ? ആ ബോർഡിൽ ആരൊക്കെയാണ് പങ്കെടുത്തിരിക്കുന്നത്? ശ്രീ. എം. പി. ഗംഗാധരൻ, ജലസേചന വകുപ്പുമന്ത്രി, ശ്രീ. എം. എസ്. കെ. രാമസ്വാമി,

ആർ. പി. സിംഗ്, പി. ജി. കുമാരൻ, സി. രാമൻ, എൻ. എസ്. ഭൈരവൻ ഈ ആറു പേരാണ് പങ്കെടുത്തിട്ടുള്ളത്. 2-ാം തീയതി കൂടിയ ബോർഡ് ചില കാര്യങ്ങൾ തീരുമാനിക്കുന്നു. ഈ ബോർഡിനുവേണ്ടി കൂറേ പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ തീരുമാനിക്കുന്നു. അത് ഞാൻ സമ്മതിക്കുന്നു. രണ്ടാമത്തെ തീരുമാനം ആ പോസ്റ്റിലേയ്ക്കുള്ള യോഗ്യത നിശ്ചയിക്കുന്നു. അതും മനസ്സിലാക്കാം. അതിനുശേഷം ആ യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചതിനുശേഷം പിന്നീടു കൂടിയ ബോർഡിലാണ് ആളുകളെ നിയമിച്ചിരുന്നതെങ്കിൽ എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. പക്ഷെ ആദ്യം കൂടിയ ബോർഡിൽ തന്നെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നു, യോഗ്യത നിശ്ചയിക്കുന്നു. ശമ്പളസ്ക്കെയിൽ നിശ്ചയിക്കുന്നു. മൂന്നാമത്തെ തീരുമാനമായി ആ പോസ്റ്റിലേക്ക് ആളുകളെ നിയമിക്കുന്നു. ഈ ആളുകളെ നിങ്ങൾക്ക് എവിടെനിന്ന് കിട്ടി. നിങ്ങളുടെ കൈയിൽ ലിസ്റ്റ് ഉണ്ടായിരുന്നോ? ഇത് നിങ്ങളുടെ കുടുംബസ്വത്താണോ? ഈ നാട്ടിലെ ജനങ്ങളുടെ പണം കൊണ്ട് നടപ്പാക്കിയ സ്ഥാപനത്തിൽ ആളുകളെ നിയമിക്കുന്നത് ഇങ്ങനെയാണോ? ശ്രീ. എം. പി. ഗംഗാധരൻ ആരെയെങ്കിലും നിയമിക്കാനുണ്ടായിരുന്നെങ്കിൽ നിങ്ങൾ നിയമിച്ചോ. ഇത്ര ധൃതിപിടിക്കാൻ എന്തിനുപോയി. നിങ്ങൾക്ക് നിയമിക്കാമായിരുന്നല്ലോ?

ശ്രീ. എം. പി. ഗംഗാധരൻ: ഈ ബോർഡല്ല ഇതിനുമുമ്പുള്ള പല ബോർഡുകളും ബോർഡായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു കഴിഞ്ഞാൽ അത്യാവശ്യം വേണ്ട അപ്പോയിന്റ്മെന്റുകളിലൊക്കെ ഇങ്ങനെ തന്നെയാണ് നിയമിക്കുന്നത്. പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടോ നിയമം കൊണ്ടുവന്നിട്ടോ ഒന്നുമല്ല. കെ. എസ്. ആർ. ടി. സി. കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ അത്യാവശ്യം വേണ്ട നിയമനങ്ങളൊക്കെ അങ്ങനെയാണ് നടത്തിയത്.

ശ്രീ. എ. വി. താമരാക്ഷൻ: ഈ ബില്ലിൽ സെക്ഷൻ 8-ൽ പറഞ്ഞിരിക്കുന്നത്.

8. *Appointment officers and staff:*—(1) Subject to the provisions of Sub-section (2) the Authority may appoint for the purpose of enabling it to carry out its powers, duties and functions under this Act, a Secretary and such other officers and staff.....

(ചർച്ച തുടരുന്നതാണ്)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്റ്റംബർ 18-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly